34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS


# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 10, 2026 Vol. XXXIV No. 32




SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സംസ്ഥാന കാർഷിക അവാർഡുകൾ പ്രഖ്യാപിച്ചു

9 2026–2028 ഫൊക്കാനയെ നയിക്കാൻ 'ടീം ഇന്റഗ്രിറ്റി'

12 ഫോമാ കൺവൻഷനിൽ താരമായി സെയ്ഡൻ സിദ്ദിഖ്

15 ഫൊക്കാന കൺവൻഷന്റെ ഉദ്ഘാടനം ചരിത്രം തിരുത്തി

21 ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി



16–ാമത് കെസിസിഎൻഎ കൺവൻഷൻ മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു. കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ, കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, എബി തെക്കനാട്ട്, വിപിൻ ചാലുങ്കൽ, സിജു ചെരുവൻകാലായിൽ, ഡോ. സൂസൻ തെങ്ങുംതറയിൽ, ജോജോ തറയിൽ, ഫാ. ബോബൻ വട്ടംപുറത്ത്, ജയമോൾ മൂശാരിപറമ്പിൽ, സിബി ചാണശേരിൽ, അനീഷ് നടക്കുഴക്കൽ, റോജി കണിയാംപറമ്പിൽ, ജോമോൻ ചെമ്മരപ്പള്ളിൽ, സൻജയ് നടുപ്പറമ്പിൽ, സോജി പുതുപ്പറമ്പിൽ, മനോജ് താനത്ത്, റ്റോമി വടുതല, റ്റോമി തെക്കനാട്ട്, ജോബിൻ മരങ്ങാട്ടിൽ, സജി ഒരപ്പാങ്കൽ എന്നിവർ സമീപം. (വാർത്തയും ചിത്രങ്ങളും: 11, 17, 18, 19 പേജുകളിൽ)

## അറസ്റ്റിലായ അർജുൻ ആയങ്കി റിമാൻഡിൽ

കണ്ണൂർ: 'കഴിയുമെങ്കിൽ പിടിക്കൂ' എന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയെയും പോലീസിനെയും വെല്ലുവിളിച്ച ഒട്ടേറെ കേസുകളിലെ പ്രതിയായ അർജുൻ ആയങ്കിയെ (28) കണ്ണൂരിൽ അഭിഭാഷകയുടെ വീട്ടിൽനി



ന്ന് പോലീസ് പിടികൂടി. ആയങ്കി ഒളിവിൽ പോയി നാലാം ദിവസമാണു കേരളത്തിൽ വ്യാപകമായി നടത്തിയ തെരച്ചിലിനൊടുവിൽ അറസ്റ്റ്. ആഗസ്റ്റ് ഒൻപതിന് പുലർച്ചെ 2.15-നു പിടികൂടിയ അർജുനെ കോടതിയിൽ ഹാജരാക്കി തലശ്ശേരി സബ്ജയിലിൽ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. സൈബർ പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് അറസ്റ്റ്.

കൊലക്കേസ് ഉൾപ്പെടെ 23 കേസുകളിൽ പ്രതിയാണ് അർജുൻ. സമൂഹമാധ്യമത്തിലൂടെ കോതമംഗലം ഇൻസ്പെക്ടറെ ഭീഷണിപ്പെടുത്തിയതോടെയാണ് അർജുനെ പിടികൂടാൻ പോലീസ് ശ്രമം തുടങ്ങിയത്. ഊന്നുകൽ പോലീസ് ഇൻസ്പെക്ടറെ ഭീഷണിപ്പെടുത്തിയതിനും കേസെടുത്തു. തുടർന്നാണ് 'കഴിയുമെങ്കിൽ പിടിക്കൂ' എന്ന വെല്ലുവിളി. ഇതോടെയാണ് അർജുനെ പിടികൂടാൻ പോലീസ് പ്രത്യേക അന്വേഷണസംഘം (എസ്ഐടി) രൂപീകരിച്ചത്.

സഹോദരൻ അഖിലിനും സുഹൃത്ത് കണ്ണൂർ സ്വദേശിനി ദീപ്തിക്കുമൊപ്പം അർജുൻ കൊച്ചിയിൽനിന്ന് ഈ മാസം അഞ്ചിനു കാറിൽ പാലിയേക്കര ടോൾ പ്ലാസ കടന്നുപോയെന്ന വിവരത്തെത്തുടർന്ന് തൃശൂരിൽ നടത്തിയ പരിശോധനയിൽ അഖിലും ദീപ്തിയും പിടിയിലായിരുന്നു.

ആറിന് അർജുൻ കണ്ണൂരിലെത്തിയതായി കണ്ണൂർ റേഞ്ച് ഡിഐജി കെ. കാർത്തിക്കിനു വിവരം ലഭിച്ചു. തുടർന്ന് സിറ്റി പോലീസ് കമ്മീഷണർ വി. വിജയ ഭരത് റെഡ്ഡി, റൂറൽ എസ്പി ഉമേഷ് ഗോയൽ എന്നിവരുടെ നേതൃത്വത്തിൽ അന്വേഷണസംഘം രൂപീകരിച്ചു. (ശേഷം 34-ാം പേജിൽ)

## ഉപരോധ ബിൽ പാസാക്കി യുഎസ് സെനറ്റ്
## ഇന്ത്യയ്ക്ക് തീരുവ ഭീഷണി

വാഷിങ്ടൺ: റഷ്യയിൽനിന്നു വൻതോതിൽ എണ്ണയും വാതകവും ഇറക്കുമതി ചെയ്യുന്ന ഇന്ത്യയടക്കം അഞ്ച് രാജ്യങ്ങൾക്കുമേൽ 100 ശതമാനം വരെ തീരുവ ചുമത്താൻ വ്യവസ്ഥ ചെയ്യുന്ന നിർണായക ഉപരോധ ബിൽ യുഎസ് സെനറ്റ് വൻ ഭൂരിപക്ഷത്തോടെ പാസാക്കി. 'ലിൻഡ്സെ ഒ. ഗ്രഹാം സാങ്ഷനിങ് റഷ്യ ആൻഡ് ഇറാൻ ആക്ട് 2026' എന്ന ബിൽ 11-ന് എതിരെ 86 വോട്ടുകൾക്കാണു പാസായത്. ഇന്ധന ഇറക്കുമതി യുക്രെയ്ൻ യുദ്ധത്തിൽ റഷ്യയ്ക്കു സഹായകമാകുന്നുവെന്ന് ആരോപിച്ചാണ് ബിൽ അവതരിപ്പിച്ചത്. ഇന്ത്യയ്ക്കു പുറമേ ചൈന, അസർബൈജാൻ, ഹംഗറി, സ്ലൊവാക്യ എന്നീ രാജ്യങ്ങൾക്കും ബാധകമാണ്. ഇവിടങ്ങളിൽനിന്നുള്ള ഉൽപന്നങ്ങൾക്ക് 100 ശതമാനം വരെ തീരുവ ചുമത്താൻ ബിൽ യുഎസ് പ്രസിഡന്റിന് അധികാരം നൽകുന്നു. ഇറാന്റെ ഊർജ മേഖലയിൽ നിക്ഷേപം നടത്തുന്ന കമ്പനികൾക്കു പിഴയിടുന്ന 1996-ലെ ഇറാൻ ഉപരോധ നിയമത്തിന്റെ കാലാവധി 2031 വരെ നീട്ടാനും ബില്ലിൽ വ്യവസ്ഥയുണ്ട്. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിനും മറ്റ് ഉന്നത ഉദ്യോഗസ്ഥർക്കും സാമ്പത്തിക സ്ഥാപനങ്ങൾക്കും എതിരെ ഉപരോധം ശക്തമാക്കാനാണു മറ്റൊരു നിർദേശം. (ശേഷം 34-ാം പേജിൽ)

## വന്ദേമാതരം മുഴുവൻ പാടണമെന്നു നിർദേശിച്ചിട്ടില്ലെന്ന് ലോക്ഭവൻ

തിരുവനന്തപുരം: സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ വന്ദേമാതരം മുഴുവൻ ആലപിക്കില്ല. മുൻ വർഷങ്ങളിലെ പ്രോട്ടോകോൾ ഇത്തവണയും അതേപടി പാലിക്കാനാണ് സർക്കാർ തീരുമാനം. വന്ദേമാതരം മുഴുവൻ ആലപിക്കണമെന്ന് ചീഫ് സെക്രട്ടറിക്ക് ഗവർണർ നിർദേശം നല്കിയിട്ടില്ലെന്നും ലോക്ഭവൻ അറിയിച്ചു. സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് വന്ദേമാതരം മുഴുവനായി പാടണമെന്ന ചീഫ് സെക്രട്ടറിയുടെ കത്ത് ലോക്ഭവൻ ആവശ്യപ്പെട്ട പ്രകാരമാണെന്ന് മന്ത്രി എൻ. ഷംസുദ്ദീന്റെ വിശദീകരണം തള്ളി ലോക്ഭവൻ. ഇതിനിടെ വന്ദേമാതരം പൂർണമായി ആലപിക്കില്ലെന്ന് മന്ത്രി കെ. മുരളീധരൻ വ്യക്തമാക്കി. ചീഫ് സെക്രട്ടറിയുടെ കത്തിന്മേൽ തുടർ നടപടി വേണ്ടെന്നു മന്ത്രി കെ.എം. ഷാജി തദ്ദേശവകുപ്പിന് നിർദേശം നല്കുകയും ചെയ്തു.

ദേശീയഗാനവും ദേശഭക്തിഗാനവും ആലപിക്കാം എന്ന നിർദ്ദേശം മാത്രമാണ് സർക്കുലറിലുള്ളത്. മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകളിലും വന്ദേമാതരം മുഴുവനായി പാടില്ല. ആലപിക്കണമെന്ന ആവശ്യം ലോക്ഭവൻ ഉന്നയിച്ചിട്ടുമില്ല. ഗവർണർ പങ്കെടുക്കുന്ന പരിപാടികളിൽ മാത്രമാണ് വന്ദേമാതരം മുഴുവനായി ആലപിക്കണമെന്ന് ലോക്ഭവൻ ആവശ്യപ്പെട്ടിട്ടുള്ളത്. 17 വരെ സംഘടിപ്പിക്കുന്ന ഹർ ഘർ തിരംഗ പരിപാടിയിൽ വന്ദേമാതരം ആലപിക്കണമെന്ന് തദ്ദേശ സെക്രട്ടറി ടിങ്കു ബിസ്വാളിന് ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ നല്കിയ കത്താണ് വിവാദമായത്. ഹർ ഘർ തിരംഗയുടെ ഭാഗമായി നടത്തുന്ന എല്ലാ പരിപാടികളിലും പതാക ഉയർത്തുന്നതിനൊപ്പം വന്ദേമാതരം ആലപിക്കണമെന്നായിരുന്നു കത്തിലെ ആവശ്യം. തദ്ദേശ വകുപ്പാണ് പരിപാടി സംഘടിപ്പിക്കേണ്ടത്.


കേന്ദ്ര സർക്കാർ ജൂലൈ 14-ന് പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ചീഫ് സെക്രട്ടറി നിർദ്ദേശം കൈമാറിയത്. എന്നാൽ, മന്ത്രി കെ.എം. ഷാജി ഈ നിർദ്ദേശം നടപ്പാക്കേണ്ടതില്ലെന്നു വ്യക്തമാക്കിയതോടെ വന്ദേമാതരം മുഴുവനായി ആലപിക്കില്ലെന്ന് ഉറപ്പായി.

# സംസ്ഥാന കാർഷിക അവാർഡുകൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2025-ലെ സംസ്ഥാന കർഷക അവാർഡുകൾ പ്രഖ്യാപിച്ചു. കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് പുതുതായി ഏർപ്പെടുത്തിയ ഉമ്മൻ ചാണ്ടി സ്മാരക അവാർഡിന് വയനാട് സ്വദേശി പദ്മശ്രീ ചെറുവയൽ രാമൻ അർഹനായി. അഞ്ചു ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം.

മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സി. അച്യുതമേനോൻ സ്മാരക അവാർഡ് കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തും കണ്ണൂരിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തും പങ്കിട്ടു. മുൻ കൃഷി മന്ത്രി വി.വി. രാഘവന്റെ പേരിലുള്ള മികച്ച കൃഷിഭവനുള്ള പുരസ്കാരം പത്തനംതിട്ടയിലെ കുറ്റൂർ കൃഷിഭവനും സ്വന്തമാക്കി. മികച്ച നെൽ ഉത്പാദക സമിതിക്കുള്ള കെ. വിശ്വനാഥൻ സ്മാരക നെൽക്കതിർ അവാർഡിന് പാലക്കാട് ജില്ലയിലെ നെന്മേനി പാടശേഖര സമിതി അർഹമായി.

സെക്രട്ടേറിയറ്റിലെ പിആർ ചേംബറിൽ നടത്തിയ പത്രസമ്മേളനത്തിൽ കൃഷിമന്ത്രി ടി. സിദ്ദിഖാണ് അ



പദ്മശ്രീ ചെറുവയൽ രാമൻ

വാർഡുകൾ പ്രഖ്യാപിച്ചത്.


കൊടുങ്ങല്ലൂർ സ്വദേശി വി.വൈ. ഷാജഹാനാണ് മികച്ച ജൈവ കർഷകൻ. യുവ കർഷകനുള്ള പുരസ്കാരം വയനാട് പൊഴുതന സ്വദേശി കെ. ഹാഷിഖ് സ്വന്തമാക്കിയപ്പോൾ വനിതകൾക്കുള്ള കർഷകതിലകം കാസർഗോഡ് പുല്ലൂർ സ്വദേശി കെ. സാവിത്രിയ്ക്ക് ലഭിച്ചു. മികച്ച ഹൈടെക് കർഷകനായി കൊല്ലം ചിതറ സ്വദേശി പി. പുഷ്പഹാസും ഹരിത മിത്ര അവാർഡിന് തളിപ്പറമ്പിലെ കെ. രജീഷും തെരഞ്ഞെടുക്കപ്പെട്ടു. കർഷകജ്യോതി പുരസ്കാരം കോട്ടയം കടപ്ലാമറ്റത്തെ വി. കിഷോറിനാണ്. മികച്ച തേനീച്ച കർഷകനായി മലപ്പുറം വണ്ടൂർ സ്വദേശി കെ.പി. അനീഷ് അവാർഡ് നേടി. ശ്രമശക്തി പുരസ്കാരം തിരുവനന്തപുരം സ്വദേശി വി. സുനിലാൽ, വയനാട് സ്വദേശി കെ.എസ്. ശ്രീനോജ് എന്നിവർ പങ്കിട്ടു.

ഭിന്നശേഷി വിഭാഗത്തിൽപെട്ട മികച്ച കർഷകനായി മലപ്പുറം കോഡൂർ സ്വദേശി തോരപ്പ മുസ്തഫയെയും മികച്ച കൂൺ കർഷകനായി കാസർഗോഡ് ബളാലിലെ സച്ചിൻ ജി. പൈയെയും തെരഞ്ഞെടുത്തു.

ഈ വർഷം പുതുതായി ഏർപ്പെടുത്തിയ അർബൻ റൂഫ് ടോപ് ഫാർമർ അവാർഡിന് ചങ്ങനാശേരി സ്വദേശി അനിത എം. കാസിം അർഹയായി. ഉദ്യാന ശ്രേഷ്ഠ പുരസ്കാരം കോട്ടയത്തെ ഡോളി വർഗീസിനാണ്.

# ഭാവന കാന്ത്: ഇന്ത്യയുടെ ആദ്യ വനിതാ 'ടോപ് ഗൺ' യുദ്ധപൈലറ്റ്

ന്യൂഡൽഹി: സ്ക്വാഡ്രൺ ലീഡർ ഭാവന കാന്ത്-ഇന്ത്യൻ വ്യോമസേനാ ചരിത്രത്തിൽ ഈ പേര് ഇനി പെൺമുന്നേറ്റത്തിന്റെ പുതിയ കരുത്ത്. ഇന്ത്യയിൽ ഏറ്റവും മികച്ചവരിൽ മികച്ച യുദ്ധവിമാന പൈലറ്റുമാർക്കു മാത്രം നൽകുന്ന 'ടോപ് ഗൺ' സങ്കീർണ പരിശീലനം പൂർത്തിയാക്കിയ ആദ്യ വനിതയായി അവർ. ഇതുവരെ ഈ നേട്ടം കരസ്ഥമാക്കിയിട്ടുള്ളത് വ്യോമസേനാ പൈലറ്റുമാരിൽ ഒരു ശതമാനം പേർ മാത്രം.



ഗ്വാളിയറിലെ ടാക്റ്റിക്സ് ആൻഡ് എയർ കോംബാറ്റ് ഡവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റിൽ (ടിഎസിഡിഇ) നിന്ന് 20 ആഴ്ചത്തെ ഫൈറ്റർ കോംബാറ്റ് ലീഡർ കോഴ്സാണു ഭാവന പൂർത്തീകരിച്ചത്. ഏറ്റവും ആധുനിക സംവിധാനങ്ങളിലും യുദ്ധ തന്ത്രങ്ങളിലും സാഹസിക ദൗത്യങ്ങളിലുമുള്ള പരിശീലനമാണിത്.

ബിഹാറിൽ ദർഭംഗയിൽ നിന്നുള്ള ഭാവനയ്ക്ക് (33) അപൂർവ നേട്ടം ആദ്യമല്ല. 2016-ൽ അവനി ചതുർവേദിക്കും (മധ്യപ്രദേശ്), മോഹന സിങ്ങിനും (രാജസ്ഥാൻ) ഒപ്പം വ്യോമസേനയിലെ ആദ്യ യുദ്ധവിമാന പൈലറ്റ് ആയാണു തുടക്കം. പകൽ ആക്രമണ ദൗത്യങ്ങൾ നടത്താൻ യോഗ്യത നേടുന്ന ആദ്യ വനിതാ പൈലറ്റ് എന്ന പെരുമ 2019-ൽ ഭാവന സ്വന്തമാക്കി.

ടോം ക്രൂസ് അഭിനയിച്ച 'ടോപ് ഗൺ' സീരീസ് സിനിമകളിലൂടെയാണ്, യുഎസ് സേനാ പൈലറ്റുമാർക്കു പ്രത്യേക പരിശീലനം നൽകുന്ന 'ടോപ് ഗൺ' എന്ന വാക്ക് പരിചിതമായതും മറ്റിടങ്ങളിലെ സമാന പരിശീലനങ്ങളെയും ഈ പേര് വിളിച്ചുതുടങ്ങിയതും.

# ശബരിമല നെയ്യ് ക്രമക്കേട്: പി.എസ്. പ്രശാന്തും പ്രതിപ്പട്ടികയിൽ

തിരുവനന്തപുരം: ശബരിമല നെയ്യ് ക്രമക്കേട് കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി.എസ്. പ്രശാന്തിനെയും മുൻ ബോർഡ് അംഗം അജികുമാറിനെയും പ്രതിചേർത്ത് പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) തിരുവനന്തപുരം വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു. ഹൈക്കോടതി നിർദേശപ്രകാരമാണ് എസ്ഐടി രൂപവത്കരിച്ചത്. വിജിലൻസിലെ അഞ്ച് ഇൻസ്പെക്ടർമാർ ഉൾപ്പെട്ട സംഘമാണ് അന്വേഷണം നടത്തുന്നത്. എസ്ഐടിയുടെ മേൽനോട്ടത്തിനായി എസ്പിമാരായ ജുവനപ്പുടി മഹേഷ്, എം.ജെ. സോജൻ, ആർ. ബിനു എന്നിവരുടെ പേരുകൾ വിജിലൻസ് ഡയറക്ടർ മനോജ് ഏബ്രഹാം സർക്കാരിനു കൈമാറിയിട്ടുണ്ട്. ഇവരിൽ ഒരാളെ മേൽനോട്ടച്ചുമതലയിൽ നിയമിക്കും.

കേസിൽ നിർണായക തെളിവായി പരിഗണിക്കുന്നതു ശബരിമല എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന മുരാരി ബാബു സമർപ്പിച്ച റിപ്പോർട്ടാണ്. മിൽമയുടെ നെയ്യ് ഉപയോഗിച്ചാൽ അരവണയുടെ ഗുണമേന്മ മെച്ചപ്പെടുമെന്നും ഒരു പ്രസാദക്കൂട്ടിന് ആവശ്യമായ നെയ്യുടെ അളവ് 10 ലിറ്ററിൽനിന്ന് ഏഴു ലിറ്ററായി കുറയ്ക്കാമെന്നുമാണ് റിപ്പോർട്ടിലെ ശിപാർശ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മിൽമയുമായി നെയ്യ് വിതരണക്കരാർ നടപ്പാക്കിയതെന്നാണ് അന്വേഷണ സംഘത്തിന്റെ വിലയിരുത്തൽ.

അതിനിടെ, ശബരിമലയിലെ മെയിൻ സ്റ്റോറിലേക്കുള്ള സാധനങ്ങൾ വാങ്ങിയതിലും വൻ ക്രമക്കേട് നടന്നതായി ദേവസ്വം വിജിലൻസ് കണ്ടെത്തി. 2017 മുതൽ 2020 വരെ 10 ലക്ഷത്തിലധികം രൂപയുടെ നഷ്ടമുണ്ടായെന്നാണ് അന്വേഷണ റിപ്പോർട്ട്. മെയിൻ സ്റ്റോർ സൂപ്രണ്ടടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഇതിൽ പങ്കുണ്ടെന്നാണു കണ്ടെത്തൽ. നെയ്യ് ക്രമക്കേട് അന്വേഷണത്തിനിടെയാണ് ഈ ക്രമക്കേടുകളും പുറത്തുവന്നത്. ആവശ്യമായതിന്റെ അഞ്ചിരട്ടിയിലധികം സാധനങ്ങൾ മെയിൻ സ്റ്റോറിലേക്കു വാങ്ങിയെന്നും അഭിഷേക ആവശ്യങ്ങളുടെ പേരിലായിരുന്നു അമിത വാങ്ങലെന്നും റിപ്പോർട്ടിൽ പറയുന്നു.

നെയ്യ് വിതരണ കരാർ, അരവണ നിർമാണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ, മെയിൻ സ്റ്റോർ വാങ്ങൽ ക്രമക്കേടുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അന്വേഷണം വ്യാപിപ്പിക്കാനാണ് എസ്ഐടിയുടെ തീരുമാനം. കേസിൽ കൂടുതൽ പ്രതികളെയും ഉൾപ്പെടുത്തിയേക്കും.

# അമേരിക്കൻ സഞ്ചാരികളെ കേരളത്തിലേക്ക് എത്തിക്കാനാകുമെന്ന് യുഎസ് സ്ഥാനപതി

കൊച്ചി: ആരോഗ്യക്ഷേമം, ആയുർവേദ ടൂറിസം എന്നീ മേഖലകളിലെ കേരളത്തിന്റെ മികവ് ഉപയോഗപ്പെടുത്തി അമേരിക്കയിൽനിന്ന് കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന് ഇന്ത്യയിലെ യുഎസ് സ്ഥാനപതി സെർജിയോ ഗോർ.

മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൊച്ചിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സാംസ്കാരികം, വിദ്യാഭ്യാസം, സാമ്പത്തികം, ജനങ്ങൾ തമ്മിലുള്ള പരസ്പരബന്ധം എന്നിവ മെച്ചപ്പെടുത്തുന്നതിനായി കേരളത്തിലെയും അമേരിക്കയിലെയും പ്രധാന നഗരങ്ങളെ കോർത്തിണക്കി സിസ്റ്റർ സിറ്റീസ് മാതൃകയിലുള്ള പങ്കാളിത്ത സാധ്യതകൾ പരിശോധിക്കും. അമേരിക്കൻ കമ്പനികൾക്കു കേരളത്തിലെ നിക്ഷേപാവസരങ്ങൾ പരിചയപ്പെടുത്തുന്നതിന് ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഉന്നതവിദ്യാഭ്യാസം, ടൂറിസം, സംസ്കാരം, നിക്ഷേപം, തീരദേശ-തുറമുഖ വികസനം തുടങ്ങിയ മേഖലക



സെർജിയോ ഗോർ കൊച്ചിയിൽ മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ.

ളിൽ കേരളവും അമേരിക്കയും തമ്മിലുള്ള പരസ്പര സഹകരണം ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

കേരളത്തിലെയും അമേരിക്കയിലെയും സർവകലാശാലകളും ഗവേഷണസ്ഥാപനങ്ങളും തമ്മിലുള്ള സംയുക്ത ഗവേഷണം, അദ്ധ്യാപക-വിദ്യാർത്ഥി ആശയവിനിമയം, നൂതന സാങ്കേതികവിദ്യ എന്നിവയിലെ പങ്കാളിത്ത സാധ്യതകൾ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

തന്റെ ആദ്യ കേരളസന്ദർശനമാണിതെന്ന് യുഎസ് സ്ഥാനപതി പറഞ്ഞു. ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയും ഉന്നത ഉദ്യോഗസ്ഥരും കൂടിക്കാഴ്ചയിൽ ഒപ്പമുണ്ടായിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 32
August 10, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


## മഹദ്വചനം


എല്ലാക്കാര്യത്തിലും നമ്മെക്കാൾ മുൻപന്തിയിൽ നിൽക്കുന്നവരോടു ചങ്ങാത്തം പുലർത്താൻ ശ്രമിക്കുക.

**ചാൾസ് ലാംബ്**

അനുസരണം ബലിയെക്കാൾ നല്ലതാകുന്നു.

**ബൈബിൾ**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# പ്രളയം വിളിച്ചുണർത്തിയ ഉത്തരവാദിത്തം

വീണ്ടുമൊരു ആഗസ്റ്റ് മാസം, വീണ്ടും പ്രകൃതിയുടെ കലിതുള്ളൽ. തെക്കുപടിഞ്ഞാറൻ മൺസൂൺ അതിന്റെ സർവ്വ നിയന്ത്രണങ്ങളും ലംഘിച്ച് പെയ്തിറങ്ങിയപ്പോൾ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, കണ്ണൂർ ജില്ലകൾ വീണ്ടും ഒരു വലിയ ദുരന്തമുഖത്താണ്. മീനച്ചിലാറും പമ്പയും മണിമലയാറും കരകവിഞ്ഞൊഴുകി കുട്ടനാടും മീനച്ചിൽ താലൂക്കിന്റെ താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിലായി. 2018-ലെ പ്രളയത്തിന്റെ ഭീതിദമായ ഓർമ്മകളെ ഉണർത്തുന്ന രീതിയിലായിരുന്നു പലയിടത്തും മിന്നൽപ്രളയങ്ങളും ഉരുൾപൊട്ടലുകളും. 28-ഓളം വിലപ്പെട്ട ജീവനുകളാണ് ഈ ദിവസങ്ങളിൽ നമുക്ക് നഷ്ടപ്പെട്ടത്. ഇനിയും ആൾനാശവും നാശനഷ്ടങ്ങളും കൂടാതിരിക്കാൻ പതിനായിരക്കണക്കിന് മനുഷ്യരെയാണ് ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറ്റേണ്ടി വന്നത്.

കേരളം ദുരിതാശ്വാസ ക്യാമ്പുകളുടെ നിലവാരം ലോകത്തിന് മാതൃകയാക്കാൻ കഴിവുള്ള സംസ്ഥാനമാണ്. 2018-ലെ മഹാപ്രളയത്തിൽ നിന്ന് കേരളം നിരവധി പാഠങ്ങൾ പഠിച്ചു. എന്നാൽ ഓരോ പുതിയ ദുരന്തവും നമ്മോട് പറയുന്നത് ആ പാഠങ്ങൾ നിരന്തരം പുതുക്കേണ്ടതുണ്ടെന്നാണ്. വെള്ളപ്പൊക്കത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും അപകടസാധ്യതയുള്ള പ്രദേശങ്ങളിൽനിന്ന് ഒഴിപ്പിക്കപ്പെട്ടവർക്കും ദുരിതാശ്വാസ ക്യാമ്പുകൾ ജീവൻ രക്ഷിക്കുന്ന ഇടങ്ങളാണ്. എന്നാൽ ക്യാമ്പ് എന്നത് ഒരു കെട്ടിടത്തിന്റെ വാതിൽ തുറന്ന് ആളുകളെ അകത്ത് കയറ്റുന്നതിൽ അവസാനിക്കരുത്. സുരക്ഷിതമായ കുടിവെള്ളം, പോഷകസമൃദ്ധമായ ഭക്ഷണം, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സുരക്ഷ, വയോധികർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക പരിചരണം, സ്ഥിരമായി ആവശ്യമായ മരുന്നുകൾ, ശുചിമുറികൾ, വൈദ്യുതി, മാനസികാരോഗ്യ സഹായം, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള താൽക്കാലിക സൗകര്യങ്ങൾ, ഗർഭിണികൾക്കും ശിശുക്കൾക്കും ആവശ്യമായ പരിചരണം എന്നിവയെല്ലാം അവിടെ വേണം.

പ്രകൃതിദുരന്തത്തിന്റെ ആഘാതത്തിൽ തളർന്നുപോയ ജനങ്ങൾക്ക് ആശ്വാസമേകുന്ന തീരുമാനങ്ങളാണ് മന്ത്രിസഭായോഗം കൈക്കൊണ്ടത്. ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബങ്ങൾക്ക് എട്ട് ലക്ഷം രൂപയുടെ അടിയന്തര സഹായം പ്രഖ്യാപിച്ചതും വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 12 ലക്ഷം രൂപ വരെ സഹായധനം വർദ്ധിപ്പിച്ചതും പ്രശംസനീയമായ ചുവടുവെപ്പാണ്.

മുൻകാലങ്ങളിൽ പ്രളയക്കെടുതി നേരിടുമ്പോൾ വ്യാപാരികൾ അഭിമുഖീകരിക്കുന്ന നാശനഷ്ടങ്ങൾ പലപ്പോഴും പരിഗണിക്കപ്പെടാറില്ലായിരുന്നു. എന്നാൽ, ഇത്തവണ വെള്ളം കയറി നശിച്ച കടകൾക്ക് 10,000 രൂപ അടിയന്തര സഹായവും സംരംഭകർക്കായി 'ഉജ്ജീവന' സോഫ്റ്റ് ലോൺ പദ്ധതിയും നടപ്പിലാക്കാൻ തീരുമാനിച്ചത് ചെറുകിട വ്യാപാര മേഖലയ്ക്ക് വലിയൊരു ആശ്വാസമാകും.

23,000-ത്തിലധികം കർഷകരെയാണ് ഈ പ്രളയം നേരിട്ട് ബാധിച്ചത്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം 25 ശതമാനം വരെ വർദ്ധിപ്പിക്കാനും വെള്ളക്കെട്ടിലായ വീടുകൾ ശുചീകരിക്കുന്നതിനായി 10,000 രൂപ വീതം നൽകാനും സർക്കാർ കാണിച്ച തത്പരത ജനക്ഷേമപരമായ നിലപാടാണ്.

ദുരന്തം വിതച്ച ശേഷമുള്ള ദുരിതാശ്വാസ വിതരണത്തിലും പുനരധിവാസത്തിലും ഭരണകൂടം കാണിക്കുന്ന ജാഗ്രത അഭിനന്ദനാർഹമാണ്. എന്നാൽ, ഏതാനും വർഷങ്ങൾക്കിടയിൽ ആവർത്തിച്ചു വരുന്ന ഈ മഹാദുരന്തങ്ങളെ നാം കേവലം പ്രകൃതിയുടെ വികൃതിയായി മാത്രം കണ്ട് കൈകഴുകണോ?

2018-ലെ മഹാപ്രളയത്തിനുശേഷം കേരളത്തിലെ നദികളിലും അണക്കെട്ടുകളിലും അടിഞ്ഞുകൂടിയ വൻതോതിലുള്ള എക്കലും മണലും നീക്കം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അതിന്റെ വേഗത ഏകോപനമില്ലായ്മ കാരണം മന്ദഗതിയിലായിരുന്നു. നദികളുടെ സ്വാഭാവിക ആഴവും ഒഴുക്കും നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ, ചെറിയൊരു മഴ പെയ്യുമ്പോൾ പോലും നാട് മുങ്ങുന്ന സ്ഥിതി തുടരും.

മലയോര മേഖലകളിലെ അശാസ്ത്രീയമായ ക്വാറി ഖനനവും ചെങ്കുത്തായ പ്രദേശങ്ങളിലെ അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളുമാണ് മണ്ണിടിച്ചിലിനും മേഘവിസ്ഫോടനത്തിന് സമാനമായ ദുരന്തങ്ങൾക്കും വഴിമരുന്നിടുന്നത്. രാഷ്ട്രീയ-മാഫിയ സമ്മർദ്ദങ്ങൾക്ക് വഴങ്ങി പാരിസ്ഥിതിക മുന്നറിയിപ്പുകൾ കാറ്റിൽപ്പറത്തുന്നത് സാധാരണക്കാരുടെ മരണവാറന്റിൽ ഒപ്പിടുന്നതിന് തുല്യമാണ്.

എഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പ്രളയ മാപ്പിംഗും കൃത്യമായ മുന്നറിയിപ്പ് സംവിധാനങ്ങളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുമെന്ന പ്രഖ്യാപനം എത്രയും വേഗം യാഥാർത്ഥ്യമാക്കണം. കേവലം കളക്ട്രേറ്റുകളിൽ ഒതുങ്ങുന്ന അലേർട്ടുകൾക്ക് പകരം, വാർഡ് തലത്തിൽ ജനങ്ങളെ മുൻകൂട്ടി ഒഴിപ്പിക്കാനുള്ള ആധുനിക സംവിധാനങ്ങൾ സജ്ജമാക്കണം.

ഇനിയൊരു പ്രളയത്തെ താങ്ങാനുള്ള സാമ്പത്തിക-സാമൂഹികശേഷി നമ്മുടെ നാടിനില്ല. ഓരോ വർഷവും പടുത്തുയർത്തുന്ന വീടുകളും ജീവിതമാർഗ്ഗങ്ങളും പ്രളയജലത്തിൽ ഒലിച്ചുപോകുമ്പോൾ, ദുരിതാശ്വാസ ക്യാമ്പുകളിൽ നിസ്സഹായരായി ഇരിക്കുന്ന ഒരു ജനതയോട് നമുക്ക് ഉത്തരവാദിത്തമുണ്ട്.

# ഝാർഖണ്ഡ് പ്രതിഷേധം; ആറാംവട്ട ചർച്ചയും പരാജയം

റാഞ്ചി: ഝാർഖണ്ഡ് പബ്ലിക് സർവീസ് കമ്മീഷൻ (ജെപിപിഎസ്സി), ഝാർഖണ്ഡ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (ജെഎസ്എസ്സി) പരീക്ഷകൾക്കെതിരെ ഝാർഖണ്ഡിൽ വിദ്യാർത്ഥി പ്രക്ഷോഭം ശക്തമാകുന്നു. ഹേമന്ത് സോറന്റെ നേതൃത്വത്തിലുള്ള ർക്കാൻ ശ്രമിക്കുന്ന സാമൂഹികവിരുദ്ധരെ പോലീസിനു കൈമാറുമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർത്ഥിമാർച്ചിന്റെ പശ്ചാത്തലത്തിൽ നഗരത്തിലുടനീളം സുരക്ഷ ശക്തമാക്കിയിരുന്നു. വിധാൻസഭയിലേക്കുള്ള പാതയിൽ ജഗന്നാഥ ക്ഷേത്രത്തിനു സമീപം കമ്പിന്നു. ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ സമരം തുടരുമെന്ന് വിദ്യാർത്ഥികൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ എല്ലാ തൊഴിൽ നിയമന പരീക്ഷകളിലെയും ക്രമക്കേടുകളെക്കുറിച്ച് സിബിഐ അന്വേഷണം നടത്തുക, 2019-ന് ശേഷം നടത്തിയ ജെപിപിഎസ്സി,




ഝാർഖണ്ഡ് സർക്കാരുമായി വിദ്യാർത്ഥി പ്രതിനിധികൾ നടത്തിയ ആറാം വട്ട ചർച്ചയും പരാജയപ്പെട്ടതിനെത്തുടർന്ന് ആയിരക്കണക്കിന് വിദ്യാർത്ഥികൾ റാഞ്ചി വിധാൻ സഭയിലേക്ക് മാർച്ച് നടത്തി.

സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികളോടും വിധാൻസഭ മാർച്ചിൽ പങ്കുചേരാൻ വിദ്യാർത്ഥി നേതാവ് രവീന്ദ്ര പസ്വാൻ ആഹ്വാനം ചെയ്തിരുന്നു. സമരം പൂർണമായും സമാധാനപരമായിരിക്കുമെന്നും പ്രസ്ഥാനത്തെ തക വേലികൾ സ്ഥാപിച്ചു പോലീസ് വഴി തടഞ്ഞു. വിധാൻസഭയുടെ 750 മീറ്റർ ചുറ്റളവിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയാണ്.

പ്രശ്നപരിഹാരത്തിന് ഇരുവിഭാഗവും ഗൗരവം കാണിച്ചില്ലെന്ന് ആരോപിച്ചാണ് ചർച്ച പരാജയപ്പെട്ടത്. വിദ്യാർത്ഥികളുടെ 98 ശതമാനം ആവശ്യങ്ങളും അംഗീകരിച്ചതായി സംസ്ഥാന സർക്കാർ അവകാശപ്പെടുമ്പോൾ ഈ അവകാശവാദം പൂർണമായും തെറ്റാണെന്ന് വിദ്യാർത്ഥിനേതാക്കൾ പറയു ജെഎസ്എസ്സി അടക്കമുള്ള എല്ലാ പരീക്ഷകളും റദ്ദാക്കുക, യുപിഎസ്സി, എസ്എസ്സി മാതൃകയിൽ കൃത്യമായ റിക്രൂട്ട്മെന്റ് കലണ്ടർ പുറപ്പെടുവിക്കുക, പരീക്ഷകളിലെ കാറ്റഗറി തിരിച്ചുള്ള കട്ട് ഓഫ് മാർക്കുകൾ, ഒഎംആർ കോപ്പികൾ, റെസ്പോൺസ് ഷീറ്റുകൾ എന്നിവ പരസ്യപ്പെടുത്തുക, പരീക്ഷാതട്ടിപ്പിൽ കുറ്റക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുക എന്നിവയാണ് വിദ്യാർത്ഥികളുടെ പ്രധാന ആവശ്യങ്ങൾ.

# കശുവണ്ടി അഴിമതിക്കേസ്: പ്രതികൾ അപ്പീൽ നല്കി

കൊച്ചി: കശുവണ്ടി ഇറക്കുമതി അഴിമതിയുമായി ബന്ധപ്പെട്ട സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ഐഎൻടിയുസി നേതാവ് ആർ. ചന്ദ്രശേഖരനും കശുവണ്ടി വികസന കോർപറേഷൻ മുൻ എംഡി കെ.എ. രതീഷും ഹൈക്കോടതിയിൽ. സിബിഐക്ക് പ്രോസിക്യൂഷൻ അനുമതി നല്കിയ സർക്കാർ തീരുമാനം ശരിവെച്ച സിംഗിൾ ബെഞ്ച് ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ. കൂടാതെ അപ്പീലിൽ തീർപ്പാകുന്നതുവരെ സിബിഐ ഈ കേസുമായി ബന്ധപ്പെട്ട് നടത്തുന്ന നിയമനടപടികൾക്ക് ഇടക്കാല സ്റ്റേ അനുവദിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു. സിംഗിൾബെഞ്ച് സ്വീകരിച്ച നടപടികൾ തന്റെ ഭരണഘടനാപരമായ അവകാശങ്ങളെ ലംഘിക്കുന്നതാണെന്ന് ചന്ദ്രശേഖരൻ അപ്പീലിൽ പറയുന്നു. തനിക്കെതിരെ വിചാരണാനുമതി നല്കിയ നടപടി നിയമപരമായി ചോദ്യം ചെയ്യാനുള്ള അവകാശം തടയുന്നതാണെന്നും ഹർജിയിൽ പറയുന്നു. കോടതിയലക്ഷ്യ ഹർജിയിൽ താൻ കക്ഷിയല്ലായിരുന്നു. എന്നാൽ, തന്നെ കേൾക്കുകയോ വാദം ഉന്നയിക്കാൻ അവസരം നല്കുകയോ ചെയ്യാതെയാണ് സിംഗിൾബെഞ്ച് വിധി പ്രസ്താവിച്ചത്. ഇത് സ്വാഭാവിക നീതിയുടെ ലംഘനമാണ്. അഴിമതി നിരോധന നിയമപ്രകാരമുള്ള ഉത്തരവുകളുടെ സാധുത ചോദ്യം ചെയ്യാനുള്ള തന്റെ അവകാശമാണ് ഇതിലൂടെ നഷ്ടമായതെന്നും ഹർജിയിൽ പറയുന്നു. 2006 മുതൽ 2015 വരെയുള്ള കാലയളവിൽ വിദേശത്തുനിന്ന് കശുവണ്ടി ഇറക്കുമതി ചെയ്തതിൽ സാമ്പത്തിക നഷ്ടമുണ്ടാക്കിയെന്നാണ് സിബിഐ കേസ്. കെ.എ. രതീഷ് ഒന്നാം പ്രതിയും കോർപ്പറേഷൻ മുൻ ചെയർമാൻ കൂടിയായ ആർ. ചന്ദ്രശേഖരൻ മൂന്നാം പ്രതിയുമാണ്.

# അധിക്ഷേപ പരാമർശം; ടി.ജി. മോഹൻദാസ് അറസ്റ്റിൽ

മട്ടാഞ്ചേരി: ഡൽഹി ജന്തർ മന്തറിൽ സമരം നടത്തിയ വിദ്യാർത്ഥികൾക്കെതിരേ വിവാദ പരാമർശം നടത്തിയ സംഘപരിവാർ സഹയാത്രികൻ ടി.ജി. മോഹൻദാസിനെ പോലീസ് കസ്റ്റഡിയിലെടുത്തു. തിരുവനന്തപുരത്തുനിന്ന് മട്ടാഞ്ചേരിയിലെത്തിയ സൈബർ പോലീസ് സംഘമാണ് കസ്റ്റഡിയിലെടുത്തത്. വീട്ടിലുണ്ടായിരുന്ന വീഡിയോ ചിത്രീകരിക്കുന്ന ഉപകരണങ്ങളും പോലീസ് പരിശോധിച്ചു. വൈദ്യപരിശോധനയ്ക്കുശേഷം തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി. സിജെപി സമരത്തിൽ പങ്കെടുത്തവർക്കെതിരേയായിരുന്നു വിദ്വേഷ പരാമർശം. കേസെടുത്ത് 11 ദിവസത്തിനു ശേഷമാണ് പോലീസ് നടപടി. നടപടി നീണ്ടുപോയതിനെക്കുറിച്ച് മന്ത്രി രമേശ് ചെന്നിത്തലയോട് ചോദിച്ചപ്പോൾ, അറസ്റ്റ് ചെയ്യേണ്ടത് താനല്ലെന്നും അന്വേഷിച്ച് പോലീസ് നടപടിയെടുക്കുമെന്നുമായിരുന്നു മറുപടി. സമരം ചെയ്യുന്ന വിദ്യാർത്ഥികളെ താനായിരുന്നുവെങ്കിൽ വെടിവെച്ച് കൊല്ലുമെന്നായിരുന്നു മോഹൻദാസ് വീഡിയോയിൽ പറഞ്ഞത്. "അവിടെ കൂട്ട ബലാത്സംഗം നടക്കും. ദൈവം സഹായിച്ച് അതിന് പരാതിയുണ്ടാവില്ല. ബലാത്സംഗം ഇഷ്ടപ്പെടുന്ന ടീമാണ് അവിടെയുള്ളത്. ബലാത്സംഗം ഇഷ്ടപ്പെടുന്ന പെൺകുട്ടികളുണ്ട്" എന്നിങ്ങനെ അധിക്ഷേപവും നടത്തി. വീഡിയോ യൂറ്റ്യൂബിൽനിന്ന് നീക്കിയിട്ടില്ല.




B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# പ്രകൃതിക്ഷോഭം: 67.44 കോടിയുടെ കൃഷിനാശം



തിരുവനന്തപുരം: പ്രകൃതിക്ഷോഭവും ശക്തമായ മഴയും മൂലം കേരളത്തിൽ 67.44 കോടി രൂപയുടെ കൃഷിനാശമുണ്ടായതായി മന്ത്രിസഭാ വിലയിരുത്തൽ. പ്രാഥമിക കണക്കുകളനുസരിച്ച് കേരളത്തിലെ 23,537 കർഷകരെ പ്രകൃതിക്ഷോഭം നേരിട്ടു ബാധിച്ചതായി മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

കാർഷിക വിളകൾക്കു നൽകുന്ന നഷ്ടപരിഹാരം 25 ശതമാനം വർധിപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചു. ഒരു ഹെക്ടർ (രണ്ടര ഏക്കർ) നെൽകൃഷി നശിച്ചാൽ തുച്ഛമായ 13,500 രൂപ മാത്രമാണ് കർഷകനു നഷ്ടപരിഹാരമായി ലഭിക്കുന്നത്. വർധിപ്പിച്ച നഷ്ടപരിഹാരത്തുകയുടെ മുഴുവൻ ബാധ്യതയും കേരള സർക്കാർ വഹിക്കും.

കഴിഞ്ഞ ദിവസങ്ങളിലായി 1,882 ഹെക്ടർ കൃഷിയിടങ്ങളാണു നശിച്ചത്. എല്ലാ ജില്ലകളിലെയും കാർഷിക മേഖലയെ നാശനഷ്ടം ബാധിച്ചു. കൂടുതൽ നാശനഷ്ടം നെൽകൃഷിക്കും വാഴകൃഷിക്കുമാണ്. കേരളത്തിലെ ആകെ സാമ്പത്തിക നഷ്ടത്തിന്റെ ഏകദേശം 80 ശതമാനത്തിലധികവും ഈ രണ്ടു വിളകളിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും മന്ത്രി ടി. സിദ്ദീഖ് പറഞ്ഞു.

കൂടുതൽ കൃഷിനഷ്ടം ആലപ്പുഴ (13.05 കോടി) ജില്ലയിലാണ്. തുടർന്ന് വയനാട് (12.96 കോടി), പത്തനംതിട്ട (9.37 കോടി), മലപ്പുറം (7.88 കോടി), എറണാകുളം (4.96 കോടി) ജില്ലകളാണ് കൂടുതൽ നാശനഷ്ടം നേരിട്ടത്. 5,303 കർഷകർ ബാധിക്കപ്പെട്ട പത്തനംതിട്ടയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ കർഷകർ ദുരിതമനുഭവിച്ച ജില്ല.

മലപ്പുറം ജില്ലയിൽ 7.88 കോടിയുടെ നഷ്ടമുണ്ടായി. വാഴകൃഷിക്കും നെൽകൃഷിക്കുമാണ് കൂടുതൽ നഷ്ടം.

എറണാകുളം ജില്ലയിൽ 4.96 കോടിയുടെ നഷ്ടം രേഖപ്പെടുത്തിയപ്പോൾ നെല്ല്, വാഴ, ജാതി, പച്ചക്കറികൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ വിളകളിൽ നാശനഷ്ടം റിപ്പോർട്ട് ചെയ്തു.

കണ്ണൂർ (3.38 കോടി), കോട്ടയം (3.28 കോടി), ഇടുക്കി (3.27 കോടി), കൊല്ലം (2.94 കോടി), കോഴിക്കോട് (2.74 കോടി) ജില്ലകളിലും ഗണ്യമായ നഷ്ടമുണ്ടായി. തിരുവനന്തപുരം (1.72 കോടി), കാസർഗോഡ് (1.04 കോടി), തൃശൂർ (69.62 ലക്ഷം), പാലക്കാട് (17.38 ലക്ഷം).

# നികുതി, നിയമ ഭേദഗതി ബിൽ അവതരിപ്പിച്ചു

ന്യൂഡൽഹി: ഇലക്ട്രോണിക് പണമിടപാട് സംവിധാനങ്ങൾക്ക് ബാങ്കുകളോ സിസ്റ്റം പ്രൊവൈഡർമാരോ അധിക നിരക്കുകൾ ഈടാക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഭേദഗതികൾ ഉൾപ്പെടുന്ന നികുതി, നിയമ ഭേദഗതി ബിൽ ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. കഴിഞ്ഞ ജൂൺ അഞ്ചിന് പുറപ്പെടുവിച്ച ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ഓർഡിനൻസ്, 2026-ന് പകരമായാണ് ബിൽ അവതരിപ്പിച്ചത്.

ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ഇന്ത്യൻ കമ്പനിയുടെ ഉടമസ്ഥതയിലോ പാട്ടത്തിനോ പ്രവർത്തിക്കുന്ന ഡാറ്റാ സെന്ററുകൾക്ക് നികുതിയിളവ് ലഭ്യമാക്കുന്ന തരത്തിൽ ഡാറ്റാ സെന്ററുകളുടെ നിർവചനപരിധി വിശാലമാക്കി. വിദേശ കമ്പനികൾ ഇന്ത്യയിലെ ഡാറ്റാ സെന്റർ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ നികുതി ആനുകൂല്യം ലഭിച്ചിരുന്നു. ഇതാണ് ഇന്ത്യൻ കമ്പനികൾക്കുകൂടി ലഭ്യമാക്കുന്നത്. കൂടാതെ ഇന്ത്യയിൽനിന്ന് വിദേശത്ത് നിക്ഷേപം നടത്തുന്നവർക്ക് (ഓഫ്ഷോർ ഫണ്ട്) നികുതിയിളവ് വ്യവസ്ഥകൾ ലളിതമാക്കി. ഇതോടൊപ്പം വിദേശനിക്ഷേപകർക്കും ഇന്റർനാഷണൽ സെറ്റിൽമെന്റ്സ് ബാങ്കിനും സർക്കാർ സെക്യൂരിറ്റികളിലുള്ള പലിശവരുമാനത്തിനും മൂലധന സമാഹരണത്തിനും ഇളവനുവദിക്കും. ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനായി നിർമാണക്കരാറുകാരുടെയും ഘടകഭാഗങ്ങൾ സൂക്ഷിക്കുന്ന കസ്റ്റംസ് ബോണ്ടഡ് വെയർഹൗസുകളുടെയും നികുതിയിളവുകൾ 2040-41 വരെ നീട്ടി. നിലവിൽ ഇത് 2030-31 വരെയാണ്. പ്രതിപക്ഷ പ്രതിഷേധത്തിനിടയിൽ ശബ്ദവോട്ടോടെയാണ് ബിൽ അവതരണത്തിനുള്ള അനുമതി ലഭിച്ചത്.

# 12 ലക്ഷം വരെ വായ്പയുമായി 'ഉജ്ജീവന'

തിരുവനന്തപുരം: പ്രളയം നേരിട്ട ചെറുകിട വ്യാപാരികൾക്കും സംരംഭകർക്കും ആശ്വാസമായി 12 ലക്ഷം രൂപ വരെയുള്ള 'ഉജ്ജീവന' സോഫ്റ്റ് ലോൺ സ്കീം പ്രഖ്യാപിച്ച് മന്ത്രിസഭ. ചെറുകിട, സൂക്ഷ്മ, ഇടത്തരം വ്യവസായങ്ങൾ, വ്യാപാരികൾ, സംരംഭകർ എന്നിവർക്കാണു വായ്പയുടെ പ്രയോജനം. ഹോംസ്റ്റേകൾ, കിസാൻ കാർഡുടമകൾ, ക്ഷീരകർഷകർ, താറാവ് അടക്കം പക്ഷികളെ വളർത്തുന്നവർ, തേനീച്ച കർഷകർ, ടൂറിസ്റ്റ്-കൊമേഴ്സ്യൽ വാഹന ഉടമകൾ തുടങ്ങിയവർക്കെല്ലാം വായ്പ ലഭിക്കുമെന്നു മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. ബാങ്കുകളുമായി ചേർന്നാണു പദ്ധതി നടപ്പാക്കുക. മൂന്ന് സ്കീമുകളായാണു പദ്ധതി നടപ്പാക്കുക. 12 ലക്ഷം വരെ വായ്പയെടുക്കുന്നവർക്ക് 25 ശതമാനം വായ്പാത്തുകയോ പരമാവധി മൂന്നു ലക്ഷം രൂപയോ മാർജിൻ തുകയായി സർക്കാർ ബാങ്കിനു നൽകും. മാർജിൻ തുക വേണ്ടാത്തവർക്ക് അഞ്ചു വർഷത്തെ വായ്പയുടെ ഒൻപത് ശതമാനം പലിശ സർക്കാർ നൽകും. മുൻപ് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കും അഞ്ചു വർഷത്തേക്ക് ഒൻപത് ശതമാനം പലിശ സർക്കാർ നൽകും. വെള്ളംകയറി കടകൾ നശിച്ചവർക്കും ഉപജീവനമാർഗം നഷ്ടപ്പെട്ടവർക്കും ഓരോ കടയ്ക്കും 10,000 രൂപ ഒറ്റത്തവണ ആശ്വാസ ധനസഹായം നൽകും. പത്തനംതിട്ടയിലും ഈരാറ്റുപേട്ടയിലുമടക്കം നിരവധി കടകളിലാണു വെള്ളം കയറിയത്. ആദ്യമായാണ് വ്യാപാരികൾക്ക് ഇത്തരമൊരു സർക്കാർ സഹായം.



മത്സ്യത്തൊഴിലാളികൾക്കുള്ള പുനർഗേഹം പദ്ധതിയിലെ പരാതികൾ പരിഹരിച്ച് പുതിയ ഭവനനിർമാണ പദ്ധതി നടപ്പാക്കും. കടൽഭിത്തി പരമാവധി സ്ഥലത്ത് ഉടൻ നിർമിക്കും. ആവശ്യമായ സ്ഥലത്തെല്ലാം ജിയോബാഗുകൾ നൽകും. പ്രളയത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് എട്ടു ലക്ഷം രൂപ വീതം ധനസഹായം നൽകും. സംസ്കാര ചെലവിനായി 10,000 രൂപ നൽകും. പ്രളയത്തിൽ വീടും സ്ഥലവും പൂർണമായി നഷ്ടപ്പെട്ടവർക്ക് 12 ലക്ഷവും വീടു തകർന്നവർക്ക് ആറു ലക്ഷവും നൽകും. ദുരിതാശ്വാസ ക്യാമ്പിൽ രജിസ്റ്റർ ചെയ്തില്ലെങ്കിലും വീടുകളിൽ വെള്ളംകയറിയ എല്ലാവർക്കും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10,000 രൂപ അടിയന്തര സഹായമായി നൽകും. വീടുകളിൽ വെള്ളംകയറി മാറിത്താമസിക്കേണ്ടിവരുന്നവർക്ക് വീട്ടുവാടകയും ബാധിക്കപ്പെട്ട കുടുംബങ്ങളിലെ ഒരു റേഷൻ കാർഡിലെ രണ്ട് അംഗങ്ങൾക്ക് പ്രതിദിനം 300 രൂപ വീതവും നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.






# 2026–2028 ഫൊക്കാനയെ നയിക്കാൻ 'ടീം ഇന്റഗ്രിറ്റി'; ഫിലിപ്പോസ് ഫിലിപ്പ് പ്രസിഡന്റ്

**ജോസ് കണിയാലി**

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ 2026-28 കാലയളവിലെ പ്രസിഡന്റായി ഫൊക്കാനയുടെ മുതിർന്ന നേതാവും വാഗ്മിയുമായ ഫിലിപ്പോസ് ഫിലിപ്പ് തെരഞ്ഞെടുക്കപ്പെട്ടു. ഫിലിപ്പോസ് ഫിലിപ്പ് നേതൃത്വം നൽകിയ ഈ ടീമിൽ സംഘടനാ പ്രവർത്തനങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും പ്രശംസാവഹമായ സേവനങ്ങൾ കാഴ്ചവെച്ച പ്രമുഖ നേതാക്കളാണ് ഉള്ളത്.

സംഘടനയിലെ നാനാത്വത്തിലെ ഏകത്വം കൂടുതൽ ശക്തിപ്പെടുത്താനും അതിലൂടെ ആത്മാർത്ഥമായി പ്രവർത്തിക്കാനും തങ്ങൾക്കാകുമെന്ന ഉറച്ച വിശ്വാസത്തോടെ തെരഞ്ഞെടുപ്പ് ഗോദയിലേക്ക് ഇറങ്ങിയവരാണ് ടീം ഇന്റഗ്രിറ്റി അംഗങ്ങൾ. ഫൊക്കാനയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് എത്തിയ ഫിലിപ്പോസ് ഫിലിപ്പിനോടൊപ്പം ടീം ഇന്റഗ്രിറ്റിയിൽ ജനറൽ സെക്രട്ടറിയായി സന്തോഷ് നായരും, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ആയി ലിൻഡോ ജോളിയും (എതിരില്ലാതെ), ട്രഷറർ ആയി ആന്റോ വർക്കിയും വിമൻസ് ഫോറം ചെയർ ആയി ഡോ. ഷൈനി രാജുവും ജോസി കാരക്കാട്ട് വൈസ് പ്രസിഡന്റായും, അപ്പുക്കുട്ടൻ പിള്ള അസ്സോസിയേറ്റ് ട്രഷററായും, സോണി അമ്പൂക്കൻ അസ്സോസിയേറ്റ് സെക്രട്ടറി ആയും, ഡോ. അജു ഉമ്മൻ അഡീഷണൽ അസ്സോസിയേറ്റ് സെക്രട്ടറി ആയും ഗ്രേസ് മറിയ ജോസഫ് അഡീഷണൽ അസ്സോസിയേറ്റ് ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു.

ഫിലിപ്പോസ് ഫിലിപ്പ് നേതൃത്വം നൽകിയ ടീം ഇന്റഗ്രിറ്റി പാനലിലെ മുഴുവൻ മത്സരാർത്ഥികളും വിജയിച്ചു. ഫൊക്കാന അന്തർദ്ദേശീയ കൺവൻഷനോടനുബന്ധിച്ച് കലഹാരിയിൽ നടന്ന വാശിയേറിയ മത്സരത്തിൽ ഫൊക്കാന അംഗങ്ങൾ ആവേശത്തോടെയാണ് പങ്കെടുത്തതെന്ന് ഇലക്ഷൻ കമ്മീഷണർ ജോർജി വർഗീസ്, കമ്മീഷൻ അംഗമായ ബിജു കൊട്ടാരക്കര, ജോൺ പി. ജോൺ എന്നിവർ അറിയിച്ചു.

**വോട്ടിംഗ് നില**

**ആകെ വോട്ട്;**
**പോൾ ചെയ്തത് 604**

**പ്രസിഡന്റ്**

ഫിലിപ്പോസ് ഫിലിപ്പ് 355

ലീലാ മാരേട്ട് 247

**ജനറൽ സെക്രട്ടറി**

സന്തോഷ് നായർ 405

ജോർജ് ഓലിക്കൽ 190

**ട്രഷറർ**

ആന്റോ വർക്കി 354

രേവതി പിള്ള 242

**എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്**

ലിൻഡോ ജോളി (എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു)

**വൈസ് പ്രസിഡന്റ്**

ജോസി ജെ. കാരക്കാട്ട് 343

ലാജി തോമസ് 247

**അസോസിയേറ്റ് സെക്രട്ടറി**

സോണി തോമസ് അമ്പൂക്കൻ 376

ബ്രിഡ്ജറ്റ് ജോർജ് 216

സുബി ബാബു 261

നിജോ എ. 221

തോമസ് ടി. സക്കറിയ 211

സാജ് കവിന്റെഅരികത്ത് 210

മാത്യു കുര്യൻ 200

അഖിൽ വിജയൻ 176

ശോശാമ്മ ആൻഡ്രൂസ് 172

മേരി ഇ. ജോസഫ് 165

അഭിലാഷ് ജോൺ 147

**ഫിലിപ്പോസ് ഫിലിപ്പ്:** ഒട്ടനേകം വൈവിധ്യങ്ങളെ ഒരു കുടക്കീഴിൽ ഒന്നിച്ചു ചേർത്ത് ഒരേ സ്വരത്തിൽ ഊർജസ്വലതയോടെ പ്രവർത്തിക്കുന്ന അമേരിക്കൻ മലയാളികളുടെ ഈ കൂായ്മയ്ക്ക് കരുത്തുറ്റ തലവനാകാനും തന്നാൽ ആകുമെന്ന് തെളിയിച്ച നേതാവ്. പരിചയസമ്പത്തു കൊണ്ടും ആത്മധൈര്യം കൊണ്ടും ജനപിന്തുണ കൊണ്ടും അതിശക്തനായ വ്യക്തിയാണ് ഫിലിപ്പോസ് ഫിലിപ്പ്. സംഘടനയുടെ ലീഗൽ കോർഡിനേറ്റർ എന്ന പദവിയിൽ പ്രവർത്തനമനുഷ്ഠിക്കുമ്പോൾ 2018 മുതലുള്ള 7 വ്യവഹാരങ്ങളിൽ ഫൊക്കാനയെ പ്രതിരോധിച്ച് എതിർകക്ഷികൾ സമർപ്പിച്ച ഹർജിക്കെതിരെ വിജയം കൊയ്ത സ്തുത്യർഹനായ വ്യക്തിയാണ് അദ്ദേഹം. നിലവിൽ രണ്ടാം തവണയും ലോക കേരള സഭ അംഗമാണ്. ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, ജനറൽ സെക്രട്ടറി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ഫൊക്കാന കൺവൻഷൻ ചെയർമാൻ, ഇലക്ഷൻ കമ്മിറ്റി ചെയർമാൻ, സുവനീർ എഡിറ്റർ, നാഷണൽ കമ്മിറ്റി അംഗം തുടങ്ങി സംഘടനയുടെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള എൻജിനീയറിങ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KEAN)യുടെ ാറഘാപകരിൽ ഒരാൾ എന്ന നിലയിൽ വളരെ ശ്രദ്ധേയനായ അദ്ദേഹം കീൻ സ്ഥാപക ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, ബോർഡ് ചെയർ, പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

**സന്തോഷ് നായർ:** 2026-28 വർഷത്തേക്കുള്ള ഫൊക്കാനയുടെ ജനറൽ സെക്രട്ടറിയായി വരുമ്പോൾ ടീം ഇന്റഗ്രിറ്റിയോട് പ്രവർത്തനങ്ങൾ കൊണ്ടും പ്രതികരണങ്ങൾ കൊണ്ടും തോളോട് തോൾചേർന്ന് നിൽക്കുന്ന വ്യക്തിയാണ് സന്തോഷ് നായർ. ഐക്യകണ്ഠമായ പ്രവർത്തനങ്ങൾക്ക് സദാ സന്നദ്ധനായ അദ്ദേഹം തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തി സംഘടനാ ശേഷി തെളിയിച്ച വ്യക്തിത്വമാണ്.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (IOC)കേരള ചാപ്റ്റർ സെക്രട്ടറിയായും ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ഫൊക്കാനയുടെ റീജണൽ വൈസ് പ്രസിഡണ്ട് ആയും ചിക്കാഗോ ബ്രദേഴ്സ് ക്ലബ്ബിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിക്കുന്നു. ഫൊക്കാനയുടെ വോളിബോൾ ടൂർണ്ണമെന്റ്, സ്റ്റാർ സിംഗർ പ്രോഗ്രാം, സ്പെല്ലിംഗ് ബീ തുടങ്ങിയ പദ്ധതികൾ സംഘടിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച വ്യക്തിയാണ് അദ്ദേഹം.

ഫൊക്കാനയുടെ നിലവിലെ ഫ്ളോറിഡ ആർവിപിയായിരുന്ന ലിന്റോ ജോളിയാണ് എതിരില്ലാതെ 2026-28ലെ ഫൊക്കാനയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ആയി തെരഞ്ഞെടുക്കപ്പെട്ടു.

ബിസിനസ് സംരംഭകൻ, ചാരിറ്റി പ്രവർത്തകൻ, സംഘടനാ പ്രവർത്തകൻ എന്നിങ്ങനെ സംഘടനാ രംഗത്തും വ്യക്തിപരമായും വലിയ നേട്ടങ്ങൾ കൊയ്ത വ്യക്തിയാണ് അദ്ദേഹം. പ്രൊഫഷണൽ പൈലറ്റ് പരിശീലന സ്കൂൾ ഉൾപ്പെടെ നിരവധി ബിസിനസ് സംരംഭങ്ങളിലൂടെ ഒട്ടനേകം മലയാളികൾക്ക് ലിന്റോ ജോളി തൊഴിൽ നൽകുന്നു. ചാരിറ്റി രംഗത്തും കായിക ഇവന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിലും ലിന്റോ സജീവ പ്രവർത്തകനാണ്. സംഘടനയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പദവിയിലേക്ക് മത്സരിക്കുമ്പോൾ കുന്നോളം ഉത്തരവാദിത്തങ്ങളും പദ്ധതികളും കാര്യക്ഷമമായി ചെയ്തു തീർക്കേണ്ട ഗൗരവപരമായ കർത്തവ്യ മനോഭാവം തനിക്കുണ്ടെന്ന് ഒരേസമയം സംരംഭകനായും സംഘടനാ പ്രവർത്തകനായും തെളിയിക്കുകയാണ് ലിന്റോ ജോളി.

ട്രഷറർ ആയി വിജയിച്ച ആന്റോ വർക്കി ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡന്റാണ്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകനും മുൻ പ്രസിഡണ്ടും ഇപ്പോഴത്തെ കോർഡിനേറ്ററുമാണ്. കൂടാതെ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡണ്ട്, സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ബ്രോങ്ക്സ് സീറോ മലബാർ കത്തോലിക്ക് ചർച്ചിൽ സജീവ പ്രവർത്തനം കാഴ്ചവച്ച അദ്ദേഹം 2023 മുതൽ സീറോ മലബാർ കാത്തലിക് കോൺഗ്രസിന്റെ ബ്രോങ്ക്സ് ചാപ്റ്റർ പ്രസിഡണ്ടായും നിസ്വാർത്ഥ സേവനം കാഴ്ചവച്ചു. അതിനോടൊപ്പം തന്നെ ഇന്ത്യൻ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി, സെക്രട്ടറി, വൈസ് പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചു.

വുമൺസ് ഫോറം ചെയർ ആയ ഡോ. ഷൈനി രാജു: ന്യൂജേഴ്സിയിലെ പ്രമുഖ മലയാളി സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ (മഞ്ച്) മുൻ പ്രസിഡണ്ടായ ഡോ. ഷൈനി, വിമൺസ് ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, റീജണൽ വിമൻസ് ഫോറം കോർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെമ്പർ തുടങ്ങിയ നിരവധി സ്ഥാനങ്ങൾ ഫൊക്കാനയിൽ വഹിച്ചിട്ടുണ്ട്.

അവതാരക, സംഘടനാ പ്രവർത്തക, മത സാംസ്കാരിക പ്രവർത്തക, ചാരിറ്റി പ്രവർത്തക, അധ്യാപിക, ഹെൽത്ത് കെയർ പ്രൊഫഷണൽ. ഫൊക്കാനയുടെ വിവിധ കൺവൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗമായിരുന്നു. മഞ്ച് സംഘടനയുടെ നേതൃത്വ കാലങ്ങളിൽ ഒട്ടനേകം ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുകയും, സംഘടനയുടെ പ്രവർത്തനങ്ങളെ വിപുലീകരിക്കുകയും ചെയ്തിരുന്നു. കലാ സാംസ്കാരിക വേദികളിൽ നിറസാന്നിധ്യമായ ഷൈനി അവതാരക എന്ന നിലയിലും മിന്നി തിളങ്ങി.

കേരളത്തിൽനിന്നും മാത്തമാറ്റിക്സിൽ മാസ്റ്റേഴ്സ് കഴിഞ്ഞ ഷൈനി ന്യൂജേഴ്സി സ്റ്റേറ്റ് കോളേജിൽനിന്നും എം.എസും ശേഷം പി.എച്ച്.ഡിയും കരസ്ഥമാക്കി. ന്യൂജേഴ്സിയിലെ എക്സസ് കൗണ്ടി കോളേജ്, കേൾഡ്വെൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ മാത്തമാറ്റിക്സ് അധ്യാപികയായി വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു.


ഫിലിപ്പോസ് ഫിലിപ്പ് (പ്രസിഡണ്ട്)


സന്തോഷ് നായർ (ജനറൽ സെക്രട്ടറി)


ആന്റോ വർക്കി (ട്രഷറർ)



ലിന്റോ ജോളി (എക്സി. വൈസ് പ്രസിഡണ്ട്)


ജോസി വാഴക്കാട്ട് (വൈസ് പ്രസിഡണ്ട്)


സോണി തോമസ് അമ്പുക്കൻ (അസോ. സെക്രട്ടറി)


ഡോ. ഷൈനി രാജു (വിമൻസ് ഫോറം ചെയർ)


അപ്പുക്കുട്ടൻ പിള്ള (അസോ. ട്രഷറർ)


ഡോ. അജു ഉമ്മൻ (അഡീ. അസോ. സെക്രട്ടറി)


ഗ്രേസ് മരിയ ജോസഫ് (അഡീ. അസോ. ട്രഷറർ)

# ഒഴുക്കിൽപ്പെട്ടയാളെ രക്ഷിക്കുന്നതിനിടെ നീന്തൽപരിശീലകന് ദാരുണാന്ത്യം

ചെറുപുഴ: കനത്തമഴയ്ക്കിടെ മീന്തുള്ളി തുരുത്തിൽ ഒറ്റപ്പെട്ടുപോയ ആളെ രക്ഷിക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് നീന്തൽ പരിശീലകൻ തിരുവനന്തപുരം സ്വദേശി ആർ. രാജേഷിന് (37) ദാരുണാന്ത്യം. തേജസ്വിനി പുഴയ്ക്കു നടുവിലെ തുരുത്തിൽനിന്ന് ഓഗസ്റ്റ് നാലിന് ചൊവ്വാഴ്ച ഉച്ചയ്ക്ക് 12-നാണ് മൃതദേഹം കണ്ടെത്തിയത്.



മലയോരത്തുണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും മീന്തുള്ളി തുരുത്തിൽ ഒറ്റപ്പെട്ടുപോയ കോലുവള്ളിയിൽ ശബനിയിൽ ബെന്നി (61)യെ രക്ഷിക്കാനുള്ള ശ്രമത്തിനിടെയാണ് രാജേഷ് ഒഴുക്കിൽപ്പെട്ടത്. കോലുവള്ളി നോർത്തിലെ തന്റെ കൃഷിയിടത്തിൽ കഴിഞ്ഞ ഒന്നിനു രാവിലെ എത്തിയതായിരുന്നു ബെന്നി. രാവിലെ പതിനൊന്നരയോടെ കർണാടക വനത്തിൽ ഉരുൾപൊട്ടി വെള്ളം കാര്യങ്കോടുപുഴയിലും ബെന്നിയുടെ കൃഷിയിടത്തിലുമെത്തി. മൂന്നോടെ കഴുത്തൊപ്പം വെള്ളത്തിലായി. അതിനിടെ ബെന്നിയുടെ മൊബൈൽഫോണും വെള്ളത്തിൽ പോയി. ഒരു മരത്തിൽ പിടിച്ചു സഹായം കാത്തുനിന്ന ബെന്നിയുടെ അടുത്തേക്കാണ് റാഫ്റ്റിൽ രാജേഷും സുഹൃത്തുക്കളുമെത്തിയത്. റാഫ്റ്റിൽനിന്നു കയർ എറിഞ്ഞുകൊടുത്തു. ഇത് ഒരു തെങ്ങിൽ കെട്ടുന്നതിനിടയിൽ ബെന്നിയുടെ കൈവിരലിനു പരുക്കേറ്റു. കയറിൽ പിടിച്ചു ബെന്നി മുമ്പിലും രക്ഷാപ്രവർത്തകർ മൂന്നുപേരും പിന്നിലുമായി പുഴ കടക്കുന്നതിനിടയിൽ ഏറ്റവും പിന്നിലുള്ള രാജേഷ് പിടിവിട്ട് ഒഴുക്കിൽപ്പെടുകയായിരുന്നു.

സാഹസികത ഹരമായിരുന്ന രാജേഷ് മുൻപും നിരവധി ദുരന്തമുഖങ്ങളിൽ സജീവമായി രംഗത്തുണ്ടായിരുന്നു. വയനാട്ടിലടക്കം പ്രളയരക്ഷാപ്രവർത്തനത്തിനു മുന്നിൽനിന്നു. അഡ്വഞ്ചർ ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ക്ലബായ 'ആഡംസ്' ക്ലബിന്റെ പ്രസിഡന്റുകൂടിയാണ് രാജേഷ്. മൂന്നു മാസമായി റെപ്പല്ലിങ് ഇൻസ്ട്രക്ടറായി ഇടവരമ്പിൽ ജോലി ചെയ്തു വരികയായിരുന്നു അദ്ദേഹം. കായികരംഗത്തും സജീവമായിരുന്ന രാജേഷ് ത്രോബോളിൽ ദേശീയ ടീം അംഗം കൂടിയായിരുന്നു.

രാജേഷിന് അന്ത്യാഞ്ജലിയർപ്പിക്കാൻ നാടാകെയാണ് ഒഴുകിയെത്തിയത്. മുഖ്യമന്ത്രി വി.ഡി. സതീശനും മന്ത്രിമാരും എം.എൽ.എമാരും വിവിധ പാർട്ടിനേതാക്കളും അന്ത്യോപചാരമർപ്പിക്കാൻ എത്തിയിരുന്നു. ഒന്നരയോടെ ഔദ്യോഗികബഹുമതിയായി പോലീസിന്റെ ഗാർഡ് ഓഫ് ഓണറിന് ശേഷം വീടിന് മുന്നിൽ സഹോദരൻ രഞ്ജിത്തിനെ അടക്കം ചെയ്തതിനടുത്തായി രാജേഷിന്റെ മൃതദേഹവും സംസ്കരിച്ചു.

## നിയമപാലകർ സംയമനം പാലിക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പ്രതിഷേധസമരങ്ങളെ നേരിടുമ്പോൾ നിയമപാലകർ സംയമനം പാലിക്കണമെന്ന് സുപ്രീംകോടതി. തെറ്റിദ്ധരിക്കപ്പെട്ട ചിലർ പ്രതിഷേധത്തിൽ കടന്നുകൂടി കല്ലേറ് നടത്തിയാൽപ്പോലും യുവാക്കളെ കേൾക്കാനും ശാന്തരാക്കാനും നിയമപാലകർ ശ്രമിക്കണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് വാക്കാൽ പറഞ്ഞു.

സിജെപി മാർച്ചിനിടെ പ്രതിഷേധക്കാർ നടത്തിയ അക്രമസംഭവങ്ങളിൽ സംഘാടകർക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ട് മനീഷ് കുമാർ സോളങ്കി എന്നയാൾ നൽകിയ ഹർജിയിൽ വാദംകേൾക്കാനും കോടതി തീരുമാനിച്ചു.

മാർച്ചിന്റെ ഉത്തരവാദിത്വം സംഘാടകരിൽ ചുമത്താത്തതിൽ ഹർജിക്കാരനുവേണ്ടി ഹാജരായ അഡ്വ. റിസ്വാൻ അഹമ്മദ് അതൃപ്തിയറിയിച്ചു. തീയണയ്ക്കാൻ ശ്രമിക്കുന്നതിനു പകരം സംഘാടകർ ചാനലുകൾ കയറിയിറങ്ങി പ്രകോപനപരമായ പ്രസ്താവനകൾ തുടരുകയാണ്.

പ്രക്ഷോഭകരെ തൃപ്തിപ്പെടുത്താൻ അമിതമായി വഴങ്ങിക്കൊടുക്കേണ്ടതില്ല. അങ്ങനെ ചെയ്യുന്നത് തെറ്റായ കീഴ്‌വഴക്കമുണ്ടാക്കുമെന്നും നാളെ ജനറേഷൻ ആൽഫയും ബീറ്റയും ഡെൽറ്റയുമെല്ലാം എത്തും.

## പരിസ്ഥിതി നഷ്ടപരിഹാര മാർഗരേഖ വേണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ ലംഘിക്കുന്നവരിൽനിന്ന് പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കുന്നതിനായി കൃത്യമായ മാർഗരേഖ രൂപീകരിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതിയുടെ നിർദേശം. ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അലോക് ആരാധെ എന്നിവരടങ്ങിയ ബെഞ്ചാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് നിർദേശം നൽകിയത്.

അമരാവതി മുനിസിപ്പൽ കോർപറേഷനും ഗണേഷ് ദാദാറാവു അനസാനെയുമായുള്ള കേസിലാണ് കോടതിയുടെ ഇടപെടൽ. പരിസ്ഥിതി നിയമലംഘനങ്ങൾക്ക് എന്ത് ശിക്ഷാ നടപടിയാണുണ്ടാകുക എന്ന് ജനങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന ഒരു ഘടനാപരമായ സംവിധാനം അനിവാര്യമാണെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു.

പുതിയ ചട്ടങ്ങളിലെ മാർഗരേഖ തയാറാക്കുമ്പോൾ കോടതി നിർദേശിക്കുന്ന എട്ട് അടിസ്ഥാന തത്വങ്ങൾ പരിഗണിക്കണമെന്നും ബെഞ്ച് വ്യക്തമാക്കി.

പരിസ്ഥിതി നഷ്ടപരിഹാരം നിയമലംഘകർക്ക് മേൽ ചുമത്തുന്ന പിഴയ്ക്ക് പകരമല്ല. പിഴയ്ക്കു പുറമേ, പരിസ്ഥിതി പൂർവസ്ഥിതിയിലാക്കാൻ നൽകേണ്ട അധിക തുകയാണിത്.

പരിസ്ഥിതിക്കുണ്ടായ കോട്ടം പൂർണമായി പരിഹരിക്കുന്നതുവരെ നിയമലംഘകൻ നഷ്ടപരിഹാരം നൽകണം. വ്യക്തി വരുത്തിയ നാശനഷ്ടങ്ങൾ കൃത്യമായി വിലയിരുത്തുകയും പരിസ്ഥിതി പുനഃസ്ഥാപിക്കാൻ ആവശ്യമായ തുക ഈടാക്കുകയും ചെയ്യേണ്ടത് സംസ്ഥാനത്തെ ബന്ധപ്പെട്ട അധികാരികളുടെ കടമയാണ് തുടങ്ങിയവയാണ് സുപ്രീം കോടതി നിർദേശിച്ച അടിസ്ഥാന തത്വങ്ങൾ.

## ഇൻഷ്വറൻസ് ഇല്ലെങ്കിൽ ഇന്ധനം നിഷേധിക്കാൻ സുപ്രീംകോടതി നിർദേശം

ന്യൂഡൽഹി: ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വാഹനങ്ങൾക്കു ഇന്ധനം നിഷേധിക്കുന്നതിനുള്ള പരീക്ഷണപദ്ധതി തയാറാക്കാൻ കേന്ദ്രസർക്കാരിനു സുപ്രീംകോടതി നിർദേശം. തേഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാതെ വാഹനങ്ങൾ നിരത്തിലിറങ്ങുന്നത് വ്യാപകമായ സാഹചര്യത്തിലാണു സുപ്രധാന നിർദേശം. ദേശീയപാതകളിലെ വാഹനാപകടങ്ങളുടെ എണ്ണവും ടോൾ ബൂത്തുകളിലെ നീണ്ട നിരയും കണക്കിലെടുത്ത് ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ വാഹനങ്ങളിൽനിന്ന് ടോൾ ഈടാക്കുന്ന സംവിധാനം തെരഞ്ഞെടുത്ത പാതകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കണമെന്നും നിർദേശമുണ്ട്.






# ചരിത്രസ്മരണകൾ ഉണർത്തിയ 16–ാമത് കെസിസിഎൻഎ കൺവൻഷൻ



**ബൈജു ആലപ്പാട്ട്**

ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: വടക്കെ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ ഏറ്റവും വലിയ ദേശീയ കുടുംബ സംഗമമായ 16–ാമത് KCCNA (Knanaya Catholic Congress of North America) കെസിസിഎൻഎ കൺവൻഷന് ഫ്ളോറിഡയിലെ ബ്രൗവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ പ്രൗഢോജ്ജ്വലമായ തുടക്കമായി. അമേരിക്കയിലെയും കാനഡയിലെയും 25 യൂണിറ്റുകളിൽ നിന്നായി എത്തിയ നാലായിരത്തിലേറെ പ്രതിനിധികളുടെയും കുടുംബാംഗങ്ങളുടെയും ആവേശപൂർണ സാന്നിദ്ധ്യമാണ് ഉദ്ഘാടന ദിനത്തെ ശ്രദ്ധേയമാക്കിയത്.

രാവിലെ 9–ന് രജിസ്ട്രേഷൻ ആരംഭിച്ചതോടെ കാനഡ മുതൽ മയാമി വരെയുള്ള വിവിധ യൂണിറ്റുകളിൽ നിന്നെത്തിയ പ്രതിനിധികളുടെ നീണ്ട നിരയാണ് രജിസ്ട്രേഷൻ കൗണ്ടറുകളിൽ ദൃശ്യമായത്. എന്നാൽ, രജിസ്ട്രേഷൻ ആൻഡ് വെബ്സൈറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇത്തവണ നടപ്പാക്കിയ ഓട്ടോമേറ്റഡ് രജിസ്ട്രേഷൻ സംവിധാനം മൂലം രജിസ്ട്രേഷൻ നടപടികൾ അതിവേഗത്തിലും സുഗമമായും പൂർത്തിയാക്കാൻ സാധിച്ചു. ഇതിന് പ്രതിനിധികളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

തുടർന്ന് വിശുദ്ധ കുർബാനയോടെയും ഉദ്ഘാടന സമ്മേളനത്തോടെയും കൺവൻഷന്റെ ഔദ്യോഗിക പരിപാടികൾക്ക് തുടക്കമായി. വൈകിട്ട് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മുഖ്യാതിഥിയായി പങ്കെടുത്തു. സമൂഹസേവനരംഗത്തും പൊതുപ്രവർത്തന രംഗത്തും ശ്രദ്ധേയനായ അദ്ദേഹം KCYLNAയുടെ പ്രഥമ ദേശീയ പ്രസിഡണ്ടുമാണ്. ഉദ്ഘാടന സന്ദേശത്തിൽ ക്നാനായ സമൂഹത്തിന്റെ വിശ്വാസപാരമ്പര്യവും കുടുംബമൂല്യങ്ങളും പുതുതലമുറയിലേക്ക് കൈമാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

സമൂഹം വിവിധ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ക്നാനായ സമൂഹത്തിന്റെ തനതായ സ്വത്വവും പാരമ്പര്യവും സംരക്ഷിക്കുന്നതിൽ സഭാനേതൃത്വവും സമൂഹവും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കൺവൻഷൻ ചെയർമാൻ ജോബി ഊരാളിൽ സ്വാഗതം ആശംസിച്ചു. KCCNA പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ 16–ാമത് ദേശീയ കൺവൻഷൻ യാഥാർത്ഥ്യമാക്കാൻ മാസങ്ങളായി അക്ഷീണം പ്രവർത്തിച്ച എല്ലാ കമ്മിറ്റികളെയും ആതിഥേയ യൂണിറ്റുകളെയും അമേരിക്കയിലെയും കാനഡയിലെയും എല്ലാ യൂണിറ്റുകളിൽ നിന്നുമെത്തിയ പ്രതിനിധികളെയും അദ്ദേഹം അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു.

തുടർന്ന് KCCNA ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിൽ, ജോയിന്റ് സെക്രട്ടറി ഡോ. സൂസൻ തെങ്ങുംതറയിൽ, ട്രഷറർ ജോജോ തറയിൽ, വൈസ് പ്രസിഡണ്ട് ജേക്കബ് കുസുമാലയം, ആതിഥേയ യൂണിറ്റ് പ്രസിഡണ്ടുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (താമ്പാ), എബി തെക്കനാട്ട് (മയാമി), KCWFNA ദേശീയ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം (ഡാളസ്), KCYLNA ദേശീയ പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ (ചിക്കാഗോ), KCYNA പ്രസിഡണ്ട് പുന്നൂസ് ജോൺസൺ വഞ്ചിപുരയ്ക്കൽ (ടാമ്പാ), KCCNA സ്പിരിചൽ ഡയറക്ടർ ഫാ. ബോബൻ വട്ടംപുറത്ത് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

കൺവൻഷനിലേക്ക് എത്തിയ എല്ലാ പ്രതിനിധികളെയും സ്വാഗതം ചെയ്ത നേതാക്കൾ ക്നാനായ സമൂഹത്തിന്റെ ഐക്യം, വിശ്വാസം, പാരമ്പര്യം, കുടുംബബന്ധങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്ന ദേശീയ വേദിയായിരിക്കും ഈ കൺവൻഷനെന്ന് അഭിപ്രായപ്പെട്ടു.

ഉദ്ഘാടനസമ്മേളനത്തിനു ശേഷം ആതിഥേയ യൂണിറ്റുകളായ താമ്പാ (KCCCF), മയാമി (KCASF) എന്നിവയുടെ നേതൃത്വത്തിൽ മനോഹരമായ സ്വാഗത കലാപരിപാടികൾ അരങ്ങേറി. യുവജനങ്ങൾക്കായി വിവിധ ഐസ് ബ്രേക്കർ പരിപാടികളും സംഘടിപ്പിച്ചു. രാത്രി ഐഡിയ സ്റ്റാർ സിംഗർ താരങ്ങൾ അവതരിപ്പിച്ച മെഗാ സംഗീതവിരുന്നും പ്രമുഖ ചലച്ചിത്ര ഹാസ്യതാരം ജോബി പാല അവതരിപ്പിച്ച ഹാസ്യവിരുന്നും ഉദ്ഘാടനദിനത്തിന് കൂടുതൽ മാറ്റുകൂട്ടി.

'United in Heritage, Faith & Family' എന്ന പ്രമേയം ഉയർത്തിപ്പിടിക്കുന്ന 16–ാമത് KCCNA കൺവൻഷൻ വടക്കെ അമേരിക്കൻ ക്നാനായ സമൂഹത്തിന്റെ ആത്മീയ ഐക്യത്തിന്റെയും പാരമ്പര്യത്തിന്റെയും യുവശക്തിയുടെയും കുടുംബബന്ധങ്ങളുടെയും മഹത്തായ ആഘോഷമായി മാറി.



# ഫോമാ കൺവൻഷനിൽ താരമായി സെയ്ഡൻ സിദ്ദിഖ്

ഹൂസ്റ്റൺ: ഫോമാ 2026 കൺവൻഷനോടനുബന്ധിച്ച് സംഘടിപ്പിച്ച യുവജനോത്സവത്തിൽ ഏറ്റവും പ്രായം കുറഞ്ഞ മത്സരാർത്ഥിയായ ആറു വയസ്സുകാരൻ സെയ്ഡൻ സിദ്ദിഖ് തന്റെ അസാധാരണമായ പ്രകടനത്തിലൂടെ ഏവരുടെയും ഹൃദയം കീഴടക്കി.

കിന്റർഗാർട്ടൻ വിദ്യാർത്ഥിയായ സെയ്ഡൻ സബ് ജൂണിയർ വിഭാഗത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മത്സരാർത്ഥികളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. തന്നെക്കാൾ



ഏറെ പ്രായമുള്ള കുട്ടികളോടൊപ്പം മത്സരിച്ചാണ് ഈ ശ്രദ്ധേയ നേട്ടം കൈവരിച്ചത്. ഇംഗ്ലീഷ് പ്രസംഗം, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനവും മറ്റ് ആറ് ഇനങ്ങളിൽ രണ്ടാം സ്ഥാനവും നേടി സെയ്ഡൻ തന്റെ ആത്മവിശ്വാസവും കലാപാടവവും തെളിയിച്ചു. ഈ മികവുറ്റ പ്രകടനം വിധികർത്താക്കളുടെയും സംഘാടകരുടെയും കാണികളുടെയും പ്രത്യേക അഭിനന്ദനം നേടി.

ജോർജിയയിലെ കമ്മിംഗിൽ താമസിക്കുന്ന അബുബക്കർ സിദ്ദിഖ്-ഷൈനി അബൂബക്കർ ദമ്പതികളുടെ മകനാണ് സെയ്ഡൻ. കലാ-സാംസ്കാരിക, സാമൂഹിക, സംഘടനാരംഗങ്ങളിൽ സജീവമായ കുടുംബപശ്ചാത്തലത്തിൽ വളരുന്ന ഈ കൊച്ചു പ്രതിഭയുടെ നേട്ടം ഏവർക്കും അഭിമാനമായി. മാതാവ് ഷൈനി അബൂബക്കർ നിലവിൽ ഫോമാ കംപ്ലയൻസ് കൗൺസിൽ സെക്രട്ടറിയാണ്.

2020-2022 കാലയളവിൽ ഫോമാ വനിതാഫോറം സെക്രട്ടറിയായും പ്രവർത്തിച്ച അവർ ഒരു പ്രമുഖ അമേരിക്കൻ കമ്പനിയിലെ ഐടി ഡയറക്ടറായും ഫ്ളവേഴ്സ് ടിവി യുഎസ്എയിലെ അവതാരകയായും സേവനമനുഷ്ഠിക്കുന്നു.

പിതാവ് അബൂബക്കർ സിദ്ദിഖ് ഗ്രേറ്റർ അറ്റ്ലാന്റ മലയാളി അസോസിയേഷൻ (ഗാമ)യുടെയും ഫോമായുടെയും സജീവ പ്രവർത്തകനാണ്. ഗാമയിൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗം, ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം നിലവിൽ ഗാമ ഇൻഡിപെൻഡന്റ് കോൺസ്റ്റിറ്റ്യൂഷൻ റിവ്യൂ കമ്മിറ്റി അംഗമാണ്. ഒരു പ്രമുഖ മൾട്ടിനാഷണൽ സപ്ലൈ ചെയിൻ കമ്പനിയിലെ സീനിയർ സൊലൂഷൻസ് ആർക്കിടെക്ട് കൂടിയായ അദ്ദേഹം ആമസോൺ പ്രസിദ്ധീകരിച്ച ഒരു സാങ്കേതിക ഗ്രന്ഥത്തിന്റെ രചയിതാവുമാണ്.



യുവജനോത്സവം മികച്ച രീതിയിൽ സംഘടിപ്പിച്ച ഫോമാ യൂത്ത് ഫെസ്റ്റിവൽ കമ്മിറ്റി അംഗങ്ങളായ ഡാനിഷ് തോമസ്, ബിനീഷ് ജോസഫ്, ജെയിംസ് കല്ലറക്കാനിയിൽ, ജിജോ ചിറയിൽ, നിധിൻ ആലപ്പാട്ട്, നോബിൾ ജനാർദ്ദനൻ എന്നിവർ സെയ്ഡന്റെ മികച്ച പ്രകടനത്തെ അഭിനന്ദിച്ചു.

ഇത്രയും വിപുലമായ മത്സരങ്ങളും വിവിധ പ്രായവിഭാഗങ്ങളും ഉൾക്കൊള്ളുന്ന യുവജനോത്സവം സുതാര്യമായും ക്രമബദ്ധമായും സംഘടിപ്പിക്കാൻ കമ്മിറ്റി ആത്മാർത്ഥമായി പ്രവർത്തിച്ചതായി ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ്, വൈസ് പ്രസിഡണ്ട് ശാലു പുന്നൂസ് എന്നിവർ അറിയിച്ചു.

ഭാവിയിൽ കൂടുതൽ കുട്ടികളെയും യുവജനങ്ങളെയും ഇത്തരം കലാമത്സരങ്ങളിലേക്ക് ആകർഷിക്കുന്ന തരത്തിൽ യുവജനോത്സവം കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്ന് ഫോമാ 2026 കൺവൻഷൻ ചെയർ സുബിൻ കുമാരനും കൺവൻഷൻ കൺവീനർ ജിജു കുളങ്ങരയും അഭിപ്രായപ്പെട്ടു.

സെയ്ഡന്റെ തിളക്കമാർന്ന വിജയം കുടുംബത്തിന്റെയും ജോർജിയ മലയാളി സമൂഹത്തിന്റെയും മാത്രമല്ല, ലോകമെമ്പാടുമുള്ള ഫോമാ കുടുംബത്തിന്റെയും അഭിമാനമാണ്. ഇനിയും അനേകം ഉയരങ്ങൾ കീഴടക്കാൻ ഈ കൊച്ചു പ്രതിഭയ്ക്ക് ഹൃദയംനിറഞ്ഞ ആശംസകൾ


















# രണ്ട് നഗരങ്ങൾ രണ്ട് മലയാളി മേയർമാർ; വികസനത്തിന്റെ പുതിയൊരു സൗഹൃദപ്പാലം!

**അനിൽ പെണ്ണുക്കര**

**ലോ**കത്തിന്റെ രണ്ട് വിപരീത ദിക്കുകളിൽ, രണ്ട് നഗരങ്ങളുടെ നേതൃത്വം വഹിക്കുന്ന രണ്ട് മലയാളികൾ തമ്മിലുള്ള കൂടിക്കാഴ്ച എന്ന പ്രത്യേകതയോടെയാണ് മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടും തിരുവനന്തപുരം സിറ്റി മേയർ വി.വി. രാജേഷും തമ്മിലുള്ള കൂടിക്കാഴ്ച ശ്രദ്ധേയമായത്. ഒരേ നാടിന്റെ മണ്ണിൽ വേരുകളുള്ള രണ്ട് മലയാളികൾ, ആയിരക്കണക്കിന് മൈലുകൾ അകലെയുള്ള രണ്ട് നഗരങ്ങളുടെ മേയർമാരായി ഒരുമിച്ചപ്പോൾ, അത് കേവലം ഒരു സൗഹൃദസന്ദർശനം മാത്രമായിരുന്നില്ല; മറിച്ച്, ആശയങ്ങളും അനുഭവങ്ങളും വികസന കാഴ്ചപ്പാടുകളും പരസ്പരം കൈമാറിയ ഫലപ്രദമായ കൂടിക്കാഴ്ചയായിരുന്നു അത്. 2026 ഓഗസ്റ്റ് നാലിന് മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടിന്റെ ഓഫീസിൽ വെച്ചായിരുന്നു ഇരുവരും തമ്മിൽ കൂടിക്കാഴ്ച നടത്തിയത്. തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിന് മിസോറിയുടെ അനുഭവങ്ങളിൽ നിന്ന് എന്തെല്ലാം പഠിക്കാനാകുമെന്നതും, മിസോറി നഗരം വിവിധ മേഖലകളിൽ പിന്തുടരുന്ന മികച്ച മാതൃകകൾ കേരളത്തിന്റെ സാഹചര്യത്തിൽ എങ്ങനെ പ്രാവർത്തികമാക്കാനാകും എന്നതുമായിരുന്നു ആ കൂടിക്കാഴ്ചയിലെ പ്രധാന ചർച്ചാവിഷയം.

കഴിഞ്ഞ മൂന്ന് ടേമുകളിലായി മിസോറി സിറ്റിയുടെ വികസനത്തിന് നേതൃത്വം നൽകുകയും നഗരത്തിന്റെ വളർച്ചയിൽ നിർണായകമായ ഇടപെടലുകൾ നടത്തുകയും ചെയ്ത വ്യക്തിയാണ് റോബിൻ ഇലക്കാട്ട്.

നഗരവികസനത്തിനും അടിസ്ഥാനസൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനും പൊതുസേവനങ്ങളുടെ കാര്യക്ഷമതയ്ക്കും സമൂഹപങ്കാളിത്തത്തിനും അദ്ദേഹം നൽകിയ പ്രാധാന്യമാണ് മിസോറി സിറ്റിയിൽ അദ്ദേഹത്തെ ജനശ്രദ്ധ നേടിയ നേതാവാക്കി മാറ്റിയത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള നഗരവികസന അനുഭവങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും കേരളത്തിന്റെ സാഹചര്യത്തിൽ പ്രയോജനപ്പെടുത്താവുന്ന മാതൃകകൾ കണ്ടെത്തുന്നതിനുമാണ് വി.വി. രാജേഷിന്റെ സന്ദർശനത്തിന് കൂടുതൽ പ്രസക്തിയേറുന്നത്. വികസനത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള രണ്ട് നഗരനേതാക്കൾ എന്ന നിലയിൽ റോബിൻ ഇലക്കാട്ടും വി.വി. രാജേഷും തമ്മിലുള്ള ഈ കൂട്ടായ്മയും ആശയവിനിമയവും കേരളത്തിനും പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിനും ഏറെ പ്രയോജനകരമാകുമെന്ന പ്രതീക്ഷയാണ് ഉയരുന്നത്.

മലയാളിയായതിനാൽ തന്നെ വി.വി. രാജേഷുമായി വളരെ സ്വാഭാവികമായും ഹൃദയപൂർവമായും ആശയവിനിമയം നടത്താൻ കഴിഞ്ഞുവെന്നാണ് കൂടിക്കാഴ്ചക്ക് ശേഷം റോബിൻ ഇലക്കാട്ട് പറഞ്ഞത്. അതേസമയം, ഇംഗ്ലീഷിലും മികച്ച രീതിയിൽ ആശയവിനിമയം നടത്താനുള്ള അദ്ദേഹത്തിന്റെ കഴിവ് കൂടിക്കാഴ്ചയിൽ ഏറെ സഹായകമായി. അതുകൊണ്ടുതന്നെ അമേരിക്കയിൽ നിന്നുള്ളവരും മറ്റ് പ്രതിനിധികളും ഉൾപ്പെട്ട ചർച്ചകളിലും രാജേഷുമായി വളരെ എളുപ്പത്തിൽ ആശയവിനിമയം നടത്താൻ എല്ലാവർക്കും സാധിച്ചു. രണ്ട് നഗരങ്ങൾ തമ്മിലുള്ള സൗഹൃദത്തിനപ്പുറം, വികസനാനുഭവങ്ങളും ആശയങ്ങളും സാങ്കേതിക വിദ്യയും പരസ്പരം പങ്കുവെക്കാനുള്ള പുതിയൊരു അധ്യായത്തിനാണ് ഈ കൂടിക്കാഴ്ച തുടക്കമിടുന്നത്. മിസോറിയിൽ നിന്നുള്ള മികച്ച മാതൃകകൾ കേരളത്തിന്റെ മണ്ണിൽ പ്രാവർത്തികമാക്കാനും, കേരളത്തിന്റെ അനുഭവങ്ങൾ മിസോറി നഗരവുമായി പങ്കുവെക്കാനും കഴിയുന്ന തരത്തിലുള്ള കൂടുതൽ സഹകരണങ്ങൾക്ക് ഈ കൂടിക്കാഴ്ച വഴിയൊരുക്കുമെന്ന പ്രതീക്ഷയിലാണ് ഇരുപക്ഷവും.





# എക്യുമെനിക്കൽ വോളിബോൾ ടൂർണന്റെ്: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവകക്ക് ചാമ്പ്യൻഷിപ്പ്

റോയി ചേലമലയിൽ

ചിക്കാഗോ: ചിക്കാഗോയിലെയും പരിസരപ്രദേശങ്ങളിലെയും വിവിധ ക്രൈസ്തവ സമൂഹങ്ങളുടെ കൂട്ടായ്മയായ എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസിന്റെ ആഭിമുഖ്യത്തിൽ നൈൽസിലുള്ള ഫെൽമൺ സ്റ്റേഡിയത്തിൽ വെച്ച് നടത്തിയ വോളിബോൾ ടൂർണമെന്റിൽ ചിക്കാഗോ മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ചാമ്പ്യന്മാരായി. ചിക്കാഗോയിലെ വിവിധ പള്ളികളെ പ്രതിനിധീകരിച്ച് നിരവധി ടീമുകൾ പങ്കെടുത്ത ഈ വോളിബോൾ ടൂർണമെന്റിന്റെ ഫൈനൽ മത്സരത്തിൽ ചിക്കാഗോ മാർത്തോമ്മാ ചർച്ചിനെ നേരിട്ടുള്ള രണ്ട് സെറ്റുകൾക്ക് പരാജയപ്പെടുത്തി ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവക വിജയികളായി. ഇതോടൊപ്പം സെ. മേരീസിലെ താരങ്ങൾ നിരവധി വ്യക്തിഗത നേട്ടങ്ങളും കരസ്ഥമാക്കി. ഈ ടൂർണമെന്റിലെ മോസ്റ്റ് വാല്യുബിൾ പ്ലെയർ (എംവിപി) ആയി സെ. മേരീസ് ഇടവകയിലെ റോയിസ് പെരികലവും ബെസ്റ്റ് സെറ്റർ ആയി സനൽ കദളിമറ്റവും ബെസ്റ്റ് ലിബറോ ആയി ഷോൺ കദളിമറ്റവും തെരഞ്ഞെടുക്കപ്പെട്ടത് ടീമിന് ഇരട്ടിമധുരമായി. ഷോൺ കദളിമറ്റം, റോയിസ് പെരികലം, പുന്നൂസ് എടാട്ട്, ജാക്ക് തട്ടാമറ്റം, ജോസഫ് ഏബ്രഹാം, ലെറിൻ ചേത്തലകരോട്ട്, ടോം അനൂപ്, സനൽ കദളിമറ്റം, ക്രിസ് തട്ടാമറ്റം എന്നിരാണ് സെന്റ് മേരീസ് ടീമിനെ പ്രതിനിധീകരിച്ചത്. ഈ ടീമിന്റെ കോച്ച് സിബി കദളിമറ്റം ആണ്. സെ. മേരീസ് ചർച്ച് വികാരി ഫാ. സിജു മുടക്കോടിലിയിനോടൊപ്പം ജെസ്സ്മോൻ പുറമറ്റം, പയസ് ആലപ്പാട്ട്, മാത്യു തട്ടാമറ്റം, ഷാജി എടാട്ട്, ബിജു പെരികലം, ചാക്കോച്ചൻ കിഴക്കേക്കുറ്റ്, അജീഷ് കാരാപ്പിള്ളി, ജെയിംസ് പുത്തൻപുര എന്നിവർ ടീമിനു വേണ്ട പ്രോത്സാഹനങ്ങളും സഹകരണവും നല്കി.





# റവ. ബിജു പി. സൈമൺ, ഷെലിൻ അന്നാ ജോൺ വർഗീസ്, ഈപ്പൻ ഡാനിയൽ എന്നിവർ മാർത്തോമ്മാ സഭാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

പി.പി. ചെറിയാൻ







ന്യൂയോർക്ക്: നോർത്ത് അമേരിക്ക ഭദ്രാസനത്തിൽ നിന്നും സഭാ കൗൺസിലിലേക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പ് ഫലം ഓഗസ്റ്റ് 5-ന് ബുധനാഴ്ച വൈകിട്ട് പുറത്തുവന്നു. ഭദ്രാസനത്തിൽ നിന്നും മൂന്നു മണ്ഡലാംഗങ്ങളാണ് സഭയുടെ പരമോന്നത സമിതിയായ സഭാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

റവ. ബിജു പി. സൈമൺ (വികാരി, സെന്റ് ജോൺസ് മാർത്തോമ്മാ ഇടവക, ന്യൂയോർക്ക്), ഷെലിൻ അന്നാ ജോൺ വർഗീസ് (മണ്ഡലം മെംബർ, ഹൂസ്റ്റൺ സെ. തോമസ് മാർത്തോമ്മാ ചർച്ച്), ഈപ്പൻ ഡാനിയൽ (ഫിലാഡൽഫിയ ക്രിസ്തോസ് മാർത്തോമ്മാ ചർച്ച്) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

നോർത്ത് അമേരിക്ക ഭദ്രാസനത്തിൽ നിന്നുള്ള തൊണ്ണൂറോളം മണ്ഡലാംഗങ്ങൾ ഈ തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുത്തു. വളരെ വാശിയേറിയ പോരാട്ടത്തിനൊടുവിൽ ചുരുങ്ങിയ ഭൂരിപക്ഷത്തിലാണ് രണ്ട് സ്ഥാനാർത്ഥികൾ വിജയം കൈവരിച്ചത്.

വിജയിച്ച സ്ഥാനാർത്ഥികളെ ഭദ്രാസന എപ്പിസ്കോപ്പ ഡോ. ഏബ്രഹാം മാർ പൗലോസ് നേരിട്ട് അഭിനന്ദിച്ചു. തെരഞ്ഞെടുക്കപ്പെട്ടവരുടെ സേവനങ്ങളും പ്രവർത്തനങ്ങളും സഭയുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്ക് മുതൽക്കൂട്ടാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.






# പ്രവാസി മലയാളികളുടെ ഏറ്റവും വലിയ പ്രസ്ഥാനമായ ഫൊക്കാന കൺവൻഷന്റെ ഉദ്ഘാടനം ചരിത്രം തിരുത്തി



ശ്രീകുമാർ ഉണ്ണിത്താൻ

കൽഹാരി റിസോർട്ടിലെ ഫൊക്കാന അന്തർദ്ദേശീയ കൺവൻഷൻ പ്രസിദ്ധ സിനിമ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് സജിമോൻ ആന്റണി നടത്തിയ ഉദ്ഘാടനപ്രസംഗം സംഘടനയുടെ ഭാവി കാഴ്ചപ്പാടുകളും കഴിഞ്ഞ വർഷങ്ങളിലെ നേട്ടങ്ങളും സമൂഹസേവന പ്രതിബദ്ധതയും ഒരുമിച്ച് വിളിച്ചോതുന്ന പ്രഖ്യാപനമായി മാറി. കൈയടികളുടെയും ആവേശത്തിന്റെയും നടുവിൽ അദ്ദേഹം അവതരിപ്പിച്ച ആശയങ്ങൾ ഫൊക്കാനയെ ഒരുപ പ്രവാസി സംഘടന എന്ന പരിധിക്കപ്പുറം ലോകമലയാളികളുടെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ മുഖമായി ഉയർത്തിക്കാട്ടുന്നതായിരുന്നു.

കഴിഞ്ഞ രണ്ടു വർഷക്കാലം ഫൊക്കാനയുടെ ചരിത്രത്തിൽ സുവർണ ലിപികളിൽ രേഖപ്പെടുത്താവുന്ന പ്രവർത്തനങ്ങളാണ് സംഘടന കാഴ്ചവെച്ചതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കുകയും ഓരോ പരിപാടിയും കൂട്ടായ്മയിലൂടെ വിജയിപ്പിക്കുകയും ചെയ്തതാണ് ഫൊക്കാനയുടെ ശക്തിയെന്ന് അദ്ദേഹം പറഞ്ഞു. അമേരിക്കയിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഘടന എന്ന നിലയിലേക്ക് ഫൊക്കാനയെ ഉയർത്താൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഡോ. എം. അനിരുദ്ധന്റെ സ്ഥാപകനേതൃത്വത്തെയും അദ്ദേഹം പ്രത്യേകം അനുസ്മരിച്ചു. സുമനസ്സുകളുടെ കൂട്ടായ പരിശ്രമത്തിലൂടെ നട്ടുവളർത്തിയെ ഫൊക്കാന ഇന്ന് വിശാലമായ തണൽ പകരുന്ന വടവൃക്ഷമായി വളർന്നിരിക്കുകയാണെന്നും ആ വടവൃക്ഷത്തിന്റെ തണലിൽ ഒരുമിച്ച് പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിനും പ്രവാസി സമൂഹത്തിനും ഒരുപോലെ അഭിമാനിക്കാവുന്ന നിരവധി പ്രവർത്തനങ്ങളാണ് ഫൊക്കാന നടപ്പാക്കിയതെന്നും പ്രവാസി മലയാളികളുടെ ശബ്ദമായി സംഘടന എന്നും നിലകൊണ്ടിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഫൊക്കാനയുടെ ചരിത്രം ഇനി കൂടുതൽ ശക്തമായ മുന്നേറ്റങ്ങളിലൂടെ എഴുതപ്പെടുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

കൽഹാരി കൺവൻഷന് ലഭിച്ച ജനപങ്കാളിത്തം ഫൊക്കാനയുടെ ജനസ്വീകാര്യതയുടെ തെളിവാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതീക്ഷിച്ചതിനേക്കാൾ വലിയ രജിസ്ട്രേഷനാണ് ലഭിച്ചതെന്നും പങ്കെടുക്കാൻ ആഗ്രഹിച്ച എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യം വരെ ഉണ്ടായത് സംഘടനയോടുള്ള ആളുകളുടെ വിശ്വാസത്തിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം പറഞ്ഞു. ഈ കൺവൻഷന്റെ



യഥാർത്ഥ വിജയശില്പികൾ ഇവിടെ എത്തിയിരിക്കുന്ന പ്രതിനിധികളും കുടുംബങ്ങളുമാണെന്നും അവരുടെ പിന്തുണയാണ് ഫൊക്കാനയുടെ ഏറ്റവും വലിയ കരുത്തെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ചരിത്രത്തിൽ സ്ഥാനം നേടുന്ന കൺവൻഷനായി കൽഹാരി സമ്മേളനം മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ച ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാനയുടെ മുന്നോട്ടുള്ള യാത്ര കൂടുതൽ ശക്തവും ജനകീയവുമായിരിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് തന്റെ സ്വാഗതപ്രസംഗം സമാപിപ്പിച്ചത്.

1983-ൽ മലയാള ഭാഷയും സംസ്കാരവും സംരക്ഷിക്കാനും വടക്കെ അമേരിക്കയിലെ മലയാളികളെ ഒരുമിപ്പിക്കാനുമായി ആരംഭിച്ച ഫൊക്കാന ഇന്ന് നൂറിലധികം അംഗസംഘടനകളുടെ ശക്തിയോടെ കേരളത്തിലും ഇന്ത്യയിലും അമേരിക്കയിലുമായി ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തിൽ സ്പർശം ചെലുത്തുന്ന ജനകീയ പ്രസ്ഥാനമായി വളർന്നുവെന്ന് സജിമോൻ ആന്റണി പറഞ്ഞു. ഇനി ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിലേക്ക് ഈ സേവനവലയം വ്യാപിപ്പിക്കുകയാണ് സംഘടനയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫൊക്കാനയുടെ ഏറ്റവും ശ്രദ്ധേയമായ ജനക്ഷേമ പദ്ധതികളിലൊന്നായ ഫൊക്കാന മെഡിക്കൽ പ്രിവിലേജ് കാർഡ് ഇന്ന് പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസമായി മാറിയെന്ന് അദ്ദേഹം പറഞ്ഞു. രാജഗിരി, കാരിത്താസ്, ബിലീവേഴ്സ്, കിംസ്, ബേബി മെമ്മോറിയൽ തുടങ്ങി കേരളത്തിലെ പ്രമുഖ ആശുപത്രികളുമായി ചേർന്ന് ചികിത്സാ ഇളവുകൾ ലഭ്യമാക്കുന്ന പദ്ധതി, ഒരു സംഘടന ജനങ്ങളുടെ ദൈനംദിന ജീവിതത്തെ എങ്ങനെ സ്പർശിക്കാമെന്നതിന്റെ മികച്ച മാതൃകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രവാസികൾക്കായി ആരംഭിച്ച ഈ ആശയം ഇന്ന് കേരളത്തിലെ സാധാരണക്കാരിലേക്കും പ്രതീക്ഷയുടെ കൈത്താങ്ങായി എത്തിയതായി അദ്ദേഹം വിശദീകരിച്ചു.

അതോടൊപ്പം ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് പദ്ധതിയും അദ്ദേഹം അഭിമാനത്തോടെ അവതരിപ്പിച്ചു. അമേരിക്കയിൽ മെഡിക്കെയർ, മെഡിക്കെയ്ഡ്, സ്വകാര്യ ഇൻഷ്വറൻസ് എന്നിവയുടെ പരിധിയിൽ വരാത്തവർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും സൗജന്യ ആരോഗ്യസഹായം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിരവധി ഡോക്ടർമാരുടെ സഹകരണത്തോടെ ആരംഭിച്ച ക്ലിനിക്കുകൾ ന്യൂയോർക്ക്, ചിക്കാഗോ, ഫ്ളോറിഡ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ഫൊക്കാന ചടങ്ങുകൾ സംഘടിപ്പിക്കുന്ന സംഘടന മാത്രമല്ല, അംഗങ്ങൾക്ക് നേരിട്ട് സാമ്പത്തിക നേട്ടങ്ങൾ എത്തിക്കുന്ന സംവിധാനങ്ങളും സൃഷ്ടിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മെഡിക്കൽ കാർഡുകളും പ്രിവിലേജ് കാർഡുകളും വഴി ആയിരക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കിയ സംഘടന എന്ന നിലയിൽ ഫൊക്കാന വേറിട്ട മാതൃക സൃഷ്ടിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

കേരളത്തിനും വടക്കെ അമേരിക്കയ്ക്കും തുല്യപ്രാധാന്യം നല്കുന്ന സമതുലിതമായ വികസന കാഴ്ചപ്പാടാണ് ഫൊക്കാന പിന്തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. 'ഒരു പാലം കെട്ടിയാൽ അത് ഇരുകരകളെയും ബന്ധിപ്പിക്കണം' എന്ന ആശയം ഉയർത്തിക്കാട്ടിയ അദ്ദേഹം, കേരളത്തോടുള്ള ഉത്തരവാദിത്തവും അമേരിക്കയിലെ മലയാളികളുടെ ക്ഷേമവും ഒരുപോലെ മുൻനിർത്തിയാണ് സംഘടന മുന്നേറുന്നതെന്ന് പറഞ്ഞു.

പ്രവാസി മലയാളികളുടെ പ്രശ്നങ്ങളിൽ സർക്കാരുകളുമായി ക്രിയാത്മകമായി ഇടപെടുന്ന സംഘടനയാണ് ഫൊക്കാനയെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കേരളത്തിൽ അടഞ്ഞു കിടക്കുന്ന വീടുകൾക്ക് നികുതി ചുമത്തുന്ന വിഷയത്തിൽ ആദ്യം ഇടപെട്ട് പ്രവാസികളുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന സംഘടന ഫൊക്കാനയാണെന്ന് അദ്ദേഹം പറഞ്ഞു. സമൂഹത്തിന് പ്രയോജനകരമായ വിഷയങ്ങളിൽ രാഷ്ട്രീയ അതിരുകൾക്കപ്പുറം പ്രവർത്തിക്കുകയാണ് സംഘടനയുടെ ശൈലിയെന്നും അദ്ദേഹം വ്യക്തമാക്കി.

സാമൂഹിക പ്രവർത്തകരുടെ പങ്ക് പ്രത്യേകമായി എടുത്തുപറഞ്ഞ സജിമോൻ ആന്റണി, അധികാരമോ സാമ്പത്തിക ശക്തിയോ ഇല്ലാതിരുന്നിട്ടും സമൂഹത്തിനുവേണ്ടി സമയവും കഴിവും സമർപ്പിക്കുന്നവരാണ് യഥാർത്ഥ മാറ്റത്തിന്റെ ശില്പികളെന്ന് അഭിപ്രായപ്പെട്ടു. സ്വന്തം കുടുംബത്തിനും സമൂഹത്തിനും മാത്രമല്ല, രാജ്യത്തിനു വേണ്ടിയും ചിന്തിക്കുന്ന വിഭാഗം പൗരന്മാരെയാണ് നാടിന് ഏറ്റവും ആവശ്യമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. പ്രസംഗത്തിന്റെ സമാപനത്തിൽ "ഇന്ന് ഫൊക്കാന അഭിമാനത്തിന്റെ പുതിയ ഉയരങ്ങളിലാണ്. കേരളത്തിലും അമേരിക്കയിലും ആയിരങ്ങളുടെ ജീവിതത്തെ സ്പർശിച്ച ഈ സംഘടന നാളെ ലോകമെമ്പാടുമുള്ള മലയാളികളുടെ പ്രതീക്ഷയായി മാറും. നിങ്ങളുടെ പിന്തുണയാണ് ഞങ്ങളുടെ കരുത്ത്" എന്ന വാക്കുകളിലൂടെ അദ്ദേഹം പ്രതീക്ഷയുടെ സന്ദേശം പങ്കുവെച്ചു. കൽഹാരി കൺവൻഷൻ വേദിയിൽ മുഴങ്ങിയ സജിമോൻ ആന്റണിയുടെ പ്രസംഗം, ഫൊക്കാനയുടെ സേവനയാത്രയുടെ നേട്ടങ്ങൾ വിലയിരുത്തുന്നതോടൊപ്പം ലോകമലയാളികളെ ഒന്നിപ്പിക്കുന്ന പുതിയ അദ്ധ്യായത്തിലേക്കുള്ള ആത്മവിശ്വാസപൂർണമായ പ്രഖ്യാപനമായാണ് പ്രതിനിധികൾ വിലയിരുത്തിയത്.



# ഇൻഡോർ സ്റ്റേഡിയത്തിൽ ഇടിമുഴക്കമാകാൻ ചിക്കാഗോ സോഷ്യൽ ക്ലബ് വടംവലി മത്സരങ്ങൾ

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരങ്ങൾ ചിക്കാഗോയിൽ അരങ്ങേറുമ്പോൾ കാണികൾക്കും മത്സരാർത്ഥികൾക്കും സൗകര്യപ്രദമായ രീതിയിൽ ഇൻഡോർ സ്റ്റേഡിയത്തിലേക്ക് വടംവലി മത്സരം മാറുകയാണ്. കഴിഞ്ഞ പതിനൊന്നു വർഷവും ഓപ്പൺ ഗ്രൗണ്ടിൽ മഴയും വെയിലും വകവെക്കാതെയാണ് മത്സരങ്ങളുടെ ആവേശം വാനോളമുയർന്നതെങ്കിൽ, ഇത്തവണ ഇൻഡോർ സ്റ്റേഡിയത്തിന്റെ കുളിർമ്മയും സൗകര്യവും വടംവലിക്ക് ആവേശം പതിന്മടങ്ങ് വർദ്ധിപ്പിക്കും.




ബെൻസൺവിൽ എനർജി സ്പോർട്സ് കോംപ്ലക്സിലാണ് സെപ്റ്റംബർ ആറിന് വടംവലി മത്സരങ്ങൾ നടത്തപ്പെടുക. വടംവലി കോർട്ടിന്റെ എല്ലാ ഭാഗത്തുനിന്നും സൗകര്യപ്രദമായി വടംവലി കാണുവാനുള്ള സൗകര്യം ഒരുക്കുന്ന ബ്ലീച്ചേഴ്സ് ഉൾപ്പെടെ വിശാലമായ സൗകര്യങ്ങളും ആയിരക്കണക്കിന് കാറുകൾക്ക് പാർക്ക് ചെയ്യുവാനുള്ള സൗകര്യങ്ങളും ഉള്ള എനർജി സ്പോർട്സ് കോംപ്ലക്സ്, ഇത്തവണത്തെ വടംവലി മത്സരങ്ങളെ മികവുറ്റതാക്കും എന്ന് സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ അറിയിച്ചു.

മികച്ച അന്താരാഷ്ട്ര ടീമുകൾ പങ്കെടുക്കുന്ന ഈ വടംവലിയുടെ ലോകകപ്പിനൊരുക്കമായി വിവിധ കമ്മിറ്റികൾ സിറിയക് കൂവക്കാടിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

# ചിക്കാഗോ ഗീതാമണ്ഡലം ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 22-ന്

ബൈജു എസ്. മേനോൻ

ചിക്കാഗോ: കേരളത്തനിമയുടെ പ്രൗഢിയും പൈതൃകവും നെഞ്ചോടു ചേർത്ത്, ചിക്കാഗോ ഗീതാമണ്ഡലം അതിന്റെ ചരിത്രത്തിലെ 49-ാമത് ഓണാഘോഷത്തിന് തിരിതെളിക്കുന്നു. ഓഗസ്റ്റ് 17-ന് ആരംഭിക്കുന്ന ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 22-ന് നടക്കുന്ന തിരുവോണ മഹോത്സവത്തോടെ സമാപിക്കും. ഈ മഹത്തായ ആഘോഷങ്ങളിലേക്ക് ഏവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ഏകദേശം അഞ്ച് പതിറ്റാണ്ടായി ചിക്കാഗോയിലെ മലയാളി സമൂഹത്തിന്റെ സാംസ്കാരിക പൈതൃകവും കേരളീയ പാരമ്പര്യവും തലമുറകളിലേക്ക് പകർന്നു നല്കിക്കൊണ്ടിരിക്കുന്ന ചിക്കാഗോ ഗീതാമണ്ഡലത്തിന്റെ 49-ാമത് ഓണാഘോഷം, വെറും ഒരു ആഘോഷമല്ല, അത് നമ്മുടെ സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും അഭിമാനകരമായ തുടർച്ചയാണ്.

ഗൃഹാതുരതകൾ ഉണർത്തുന്ന പാടവരമ്പുകളിൽ സമൃദ്ധിയുടെ വരവറിയിച്ചുകൊണ്ട് വീണ്ടും ഒരു തിരുവോണം വന്നെത്തിയിരിക്കുന്നു. മാനവ സൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും ഒരുമയുടെയും സന്ദേശമാണ് ഓരോ ഓണവും നമുക്കു സമ്മാനിക്കുന്നത്. ലോകത്തിന്റെ ഏത് കോണിലായിരുന്നാലും ഓരോ മലയാളിയുടെയും മനസ്സിൽ കേരളത്തിന്റെ മണ്ണിനോടും പൈതൃകത്തോടുമുള്ള ആത്മബന്ധം ഉണർത്തുന്ന സുദിനങ്ങളാണ് ഓണനാളുകൾ.


ഈ പാരമ്പര്യം പുതിയ തലമുറയ്ക്ക് പകർന്നു നല്കുക എന്ന ലക്ഷ്യത്തോടെ, കുട്ടുകുടുംബങ്ങളിലെ ഓണാഘോഷങ്ങളുടെ സുന്ദരമായ ഓർമ്മകൾ പങ്കുവെച്ചും കേരളത്തിന്റെ സംസ്കാരവും ആചാരങ്ങളും ഓണത്തിന്റെ മഹത്വവും പരിചയപ്പെടുത്തിയും ഓഗസ്റ്റ് 22-ന് രാവിലെ 10 മണി മുതൽ ചിക്കാഗോ ഗീതാമണ്ഡലം തറവാടിൽ വിപുലമായ ഓണാഘോഷം സംഘടിപ്പിച്ചിരിക്കുന്നു.

ഊഞ്ഞാലും ഓണക്കളികളും ഓണപ്പാട്ടുകളും പൂക്കളവും പൂവട്ടിയും മാവേലി വരവേല്പും വിഭവസമൃദ്ധമായ ഓണസദ്യയും കലാപരിപാടികളുമായി കേരളത്തിന്റെ ഗ്രാമീണ ഓണത്തിന്റെ എല്ലാ മനോഹര മുഹൂർത്തങ്ങളും ചിക്കാഗോ തറവാട് ക്ഷേത്രാങ്കണത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്നു. ഏഴാംകടലിനക്കരെയാണെങ്കിലും കേരളത്തിന്റെ മണ്ണിന്റെ മണവും ഓണത്തിന്റെ ആത്മാവും അനുഭവിക്കാവുന്ന അപൂർവ അവസരമാണിത്.




49 വർഷങ്ങളുടെ അഭിമാന പാരമ്പര്യം ആഘോഷിക്കുന്ന ഈ ചരിത്രമുഹൂർത്തത്തിൽ, പഴയ ഓണക്കാല ഓർമ്മകൾ പുതുക്കാനും കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ഒത്തുചേർന്ന് ഓണാശംസകൾ പങ്കിടാനും നമ്മുടെ സംസ്കാരത്തിന്റെ മഹത്വം പുതുതലമുറയ്ക്ക് കൈമാറാനും എല്ലാ സ്നേഹിതരെയും ചിക്കാഗോ ഗീതാമണ്ഡലത്തിന്റെ 49-ാമത് തിരുവോണ മഹോത്സവത്തിലേക്ക് ഹൃദയംനിറഞ്ഞ സ്വാഗതം ചെയ്യുന്നു. ഓണം ഒരുമയുടെ ഉത്സവം, 49 വർഷങ്ങളുടെ പാരമ്പര്യത്തിന്റെ ആഘോഷം.

# 'കാലത്തിന്റെ ചുവരെഴുത്തുകൾ' എന്ന പുസ്തകം ശ്രേഷ്ഠ ബാവ പ്രകാശനം ചെയ്തു





വർഗീസ് പാലമലയിൽ

ന്യൂജേഴ്സി: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിന്റെ സമാപന സമ്മേളനത്തിൽവെച്ച് റവ.ഫാ. കുറിയാക്കോസ് പുതുപ്പാടി രചിച്ച 'കാലത്തിന്റെ ചുവരെഴുത്തുകൾ' എന്ന പുസ്തകം ശ്രേഷ്ഠ കാതോലിക്ക ആബൂൺ മോർ ബസ്സേലിയോസ് ജോസഫ് ബാവ പ്രകാശനം ചെയ്തു. അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്ത യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തയ്ക്ക് ആദ്യകോപ്പി നല്കിക്കൊണ്ടായിരുന്നു പ്രകാശനകർമ്മം നിർവ്വഹിച്ചത്. ജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങളെയും ആത്മീയ സത്യങ്ങളെയും ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വായിച്ചെടുക്കുന്ന ചിന്തകളുടെ സമാഹാരമാണ് 'കാലത്തിന്റെ ചുവരെഴുത്തുകൾ' എന്ന് ശ്രേഷ്ഠ ബാവ തന്റെ പ്രകാശന സന്ദേശത്തിൽ പറഞ്ഞു. കാലം മനുഷ്യജീവിതത്തിൽ എഴുതിച്ചേർക്കുന്ന സന്തോഷവും ദുഃഖവും കണ്ണീരും പ്രത്യാശയും മുറിവുകളും സൗഖ്യവും ക്ഷമയും സ്നേഹവും ഈ ഗ്രന്ഥത്തിലെ ലേഖനങ്ങളുടെ പ്രധാന പ്രമേയങ്ങളാണ്. മനുഷ്യജീവിതത്തിലെ സാധാരണ അനുഭവങ്ങളെ വി. വേദപുസ്തകത്തിന്റെയും ക്രൈസ്തവ ആദ്ധ്യാത്മികതയുടെയും പശ്ചാത്തലത്തിൽ അവതരിപ്പിക്കാനുള്ള ആത്മാർത്ഥമായ ശ്രമമാണ് ഈ കൃതി. ഇനിയും ധാരാളം ആത്മീയഗ്രന്ഥങ്ങൾ രചിക്കാൻ ഗ്രന്ഥകാരന് ദൈവം കൃപ നല്കട്ടെയെന്ന് ശ്രേഷ്ഠ ബാവ തന്റെ ആശംസാപ്രസംഗത്തിൽ പറഞ്ഞു. തദവസരത്തിൽ ഭദ്രാസന സെക്രട്ടറി റവ.ഫാ. പോൾ തോട്ടക്കാട്ട്, ജോയിന്റ് സെക്രട്ടറി റവ.ഫാ. ബെൽസൺ കുര്യാക്കോസ്, ട്രഷറർ സിമി ജോസഫ്, ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ്, റവ. ഫാ. ജേക്കബ് ജോസഫ് പിഎച്ച്.ഡി, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വന്ദ്യ കോർ എപ്പിസ്കോപ്പമാർ, വൈദികർ, ശെമ്മാശ്ശന്മാർ, വിശ്വാസികൾ എന്നിവർ സന്നിഹിതരായിരുന്നു.

# 16-ാമത് KCCNA കൺവൻഷൻ പാരമ്പര്യത്തിന്റെ പെരുമ വിളിച്ചോതി വർണാഭമായ ഘോഷയാത്ര



**ബൈജു ആലപ്പാട്ട്**

ഫോർട്ട് ലോഡർ ഡെയ്ൽ, ഫ്ളോറിഡ: 16-ാമത് KCCNA കൺവൻഷന്റെ രണ്ടാം ദിനത്തിൽ അരങ്ങേറിയ വർണാഭമായ ഘോഷയാത്ര വടക്കെ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ പാരമ്പര്യവും സംസ്കാരവും ഐക്യവും പ്രതിഫലിപ്പിച്ച അപൂർവ്വ ദൃശ്യവിരുന്നായി മാറി. അമേരിക്കയിലെയും കാനഡയിലെയും വിവിധ നഗരങ്ങളിൽ നിന്നെത്തിയ 19 യൂണിറ്റുകൾ തനത് വേഷവിധാനങ്ങളോടും പതാകകളോടും ബാനറുകളോടും ആവേശത്തോടും കൂടി അണിനിരന്നപ്പോൾ ബ്രൗവാർഡ് കൗണ്ടി കൺവൻഷൻ സെന്റർ ആഘോഷനിറവിലായി.

രാവിലെ 8.30-ന് ആരംഭിച്ച ഘോഷയാത്രയിൽ ആദ്യം KCCNA പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, റീജിയണൽ വൈസ് പ്രസിഡണ്ടുമാർ, കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ എന്നിവരുടെ നേതൃത്വത്തിൽ കൺവൻഷൻ കോ-ഓർഡിനേറ്റർമാർ, വിവിധ ഉപസംഘടനകളുടെ ദേശീയ ഭാരവാഹികൾ, KCCNA മുൻ പ്രസിഡണ്ടുമാർ എന്നിവർ അണിനിരന്നു. തുടർന്ന് ഓരോ യൂണിറ്റുകളും തങ്ങളുടെ നഗരത്തിന്റെ അഭിമാനവും ക്നാനായ പൈതൃകവും വിളിച്ചോതിക്കൊണ്ട് പരേഡിൽ പങ്കെടുത്തു.

മയാമി, അറ്റ്ലാന്റ, കാൽഗറി, കാനഡ (KC-AC), ചിക്കാഗോ, ഡാളസ്, ഫോർട്ട് വർത്ത്, ഡിട്രോയിറ്റ്-വിൻഡ്സർ, എഡ്മന്റൺ, ഹൂസ്റ്റൺ, ക്നാനായ ജേക്കബൈറ്റ്, ലോസ് ആഞ്ചലസ്, മിനെസോട്ട, ഗ്രേറ്റർ ന്യൂയോർക്ക്, ഫിലാഡൽഫിയ, സാക്രമെന്റോ, സാൻ അന്റോണിയോ, നോർത്ത് കാലിഫോർണിയ (സാൻഹൊസെ), വാഷിങ്ടൺ-ബാൾട്ടിമോർ, താമ്പാ എന്നീ യൂണിറ്റുകളാണ് ഘോഷയാത്രയിൽ പങ്കെടുത്തത്.

കേരളത്തിന്റെ ഗ്രാമീണ പാരമ്പര്യവും ക്നാനായ സംസ്കാരത്തിന്റെ തനിമയും അനുസ്മരിപ്പിക്കുന്ന കൊഴയാത്രയുടെ (പാരമ്പര്യ ഘോഷയാത്രയുടെ) ശൈലിയിലാണ് യൂണിറ്റുകൾ അണിനിരന്നത്. ചെണ്ടമേളത്തിന്റെയും പാരമ്പര്യ വാദ്യമേളങ്ങളുടെയും അകമ്പടിയിൽ കസവുമുണ്ടും സെറ്റുസാരിയും ഉൾപ്പെടെയുള്ള തനത് വേഷവിധാനങ്ങളിലായെത്തിയ പ്രതിനിധികൾ കാഴ്ചക്കാരെ ആവേശത്തിലാഴ്ത്തി. ക്നാനായ പതാകകളും യൂണിറ്റ് ബാനറുകളും പാരമ്പര്യ ചിഹ്നങ്ങളും ഘോഷയാത്രയ്ക്ക് കൂടുതൽ പ്രൗഢി പകർന്നു. കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാ പ്രായവിഭാഗങ്ങളിലുമുള്ള പ്രതിനിധികൾ ഒരേ മനസ്സോടെ പങ്കെടുത്തത് ഘോഷയാത്രയുടെ പ്രത്യേകതയായി. വിവിധ യൂണിറ്റുകൾ തങ്ങളുടെ കലാപാരമ്പര്യവും കൂട്ടായ്മയും അച്ചടക്കവും മനോഹരമായി അവതരിപ്പിച്ചപ്പോൾ കൺവൻഷൻവേദിയിൽ എത്തിയ നൂറുകണക്കിന് ആളുകൾ കരഘോഷത്തോടെയാണ് ഓരോ യൂണിറ്റിനെയും സ്വീകരിച്ചത്.

വടക്കെ അമേരിക്കയിൽ ജീവിച്ചാലും നമ്മുടെ വേരുകൾ മറക്കില്ല എന്ന സന്ദേശം വിളിച്ചോതുന്നതായിരുന്നു രണ്ടാം ദിനത്തിലെ ഘോഷയാത്ര. പാരമ്പര്യവും സംസ്കാരവും പുതിയ തലമുറയിലേക്ക് കൈമാറാനുള്ള ക്നാനായ സമൂഹത്തിന്റെ പ്രതിബദ്ധതയുടെ ശക്തമായ പ്രഖ്യാപനമായി ഈ ഘോഷയാത്ര മാറി.

KCCNA-യ്ക്ക് നേതൃത്വം നല്കുന്നത് പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ (താമ്പ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ചിക്കാഗോ), ജോയിന്റ് സെക്രട്ടറി ഡോ. സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡണ്ട് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്.

ഇവരെ കൂടാതെ റീജിയണൽ വൈസ് പ്രസിഡണ്ടുമാരായ ഫിലിപ്സ് മാത്യു മാപ്പിളശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ചിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരയ്ക്കൽ (മിനസോട്ട), ടോമി ജോസഫ് തെക്കനാട്ട് (വാഷിങ്ടൺ), ജോബിൻ മാനുവൽ മരങ്ങാട്ടിൽ (സാക്രമെന്റോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ), മിന്നു ഏബ്രഹാം കൊടുന്നിനാംകുന്നേൽ (കാനഡ), വിമൻസ് ഫോറം നാഷണൽ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം (ഡാളസ്), KCYL പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ (ചിക്കാഗോ), യുവജനവേദി നാഷണൽ പ്രസിഡണ്ട് പുന്നൂസ് വഞ്ചിപ്പുരയ്ക്കൽ (ടാമ്പ), സ്പിരിചൽ ഡയറക്ടർ റവ.ഫാ. ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) എന്നിവരടങ്ങിയതാണ് KCCNA എക്സിക്യൂട്ടീവ് കമ്മിറ്റി.

കൺവൻഷൻ ഓർഗനൈസേഷൻ കമ്മിറ്റി ടീം: കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ (താമ്പ), നേതൃത്വം നല്കുന്ന കൺവൻഷൻ കമ്മിറ്റിയിൽ സിബി ചാണശ്ശേരിൽ (മയാമി) -കോ ചെയർ, അനീഷ് നടകുഴക്കൽ (താമ്പ) യൂത്ത് കോ-ചെയർ, ജോമോൻ ചെമ്മരപ്പള്ളിൽ (താമ്പ), റോജി കണിയാംപറമ്പിൽ (മയാമി), സോജി പുതുപറമ്പിൽ (താമ്പാ), സഞ്ജയ് നടുപ്പറമ്പിൽ (മയാമി), മനോജ് താനത്ത് (മയാമി), ടോമി വടുതല (താമ്പ) എന്നിവർ കൺവീനർമാരായി പ്രവർത്തുന്നു.
















# 16–ാമത് കെസിസിഎൻഎ കൺവൻഷൻ ചിത്രങ്ങളിലൂടെ...


































KCS CHICAGO


HOUSTON


MINNESOTA
KNANAYA CATHOLIC CONGRESS
KNANAYA CATHOLIC CONGRESS
MINNESOTA


KNANAYA ASSOCIATION OF
CALGARY (KAC)


IKCC
WOMEN'S FORU
GREATER NEW YO


Knanaya Catholic Congress of
Northern California
(KCCNC) San Jose


KNANAYA CATHOLIC ASSOCIATION
DALLAS - FORT WORTH


KNANAYA CATHOLIC CONGRESS OF CENTRAL FLORIDA (KCCCF)
E-mail: kcccfsecretary@gmail.com


KCSSA
San Antonio


MIAMI-KCASF


CALIFORNIA
K.C.C.S.C


KNANAYA CATHOLIC
ASSOCIATION OF GEORGIA


SACRAMENTO KNANAYA
CATHOLIC CONGRESS


KNANAYA CATHOLIC SOCIETY
OF
DETROIT-WINDSOR


KNANAYA CATHOLIC
ASSOCIATION OF EDMONTON
(KCAE)




K C C G W
Knanaya Catholic Community
of
Greater Washington

# അഭിമാനത്തിന്റെ തിളക്കത്തിൽ ഫോമാ കൺവൻഷൻ; കൂട്ടായ പ്രവർത്തനത്തിന്റെ വിജയമെന്ന് ബേബി മണക്കുന്നേൽ

ഹൂസ്റ്റൺ: അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിന്റെ ചരിത്രത്തിൽ മറ്റൊരു സുവർണ അദ്ധ്യായം കുറിച്ചുകൊണ്ട് സമാപിച്ച ഫോമായുടെ ഒമ്പതാം നാഷണൽ കൺവൻഷന്റെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച ആയിരക്കണക്കിന് കൈകൾക്ക് ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുകയാണ് ഫോമായുടെ പ്രസിഡണ്ട് ബേബി മണക്കുന്നേൽ. ഒരു സംഘടനയുടെ ശക്തി അതിന്റെ നേതൃത്വത്തിൽ മാത്രമല്ല, അതിനെ വിശ്വസിച്ച് ഒറ്റക്കെട്ടായി പ്രവർത്തിക്കുന്ന പ്രവർത്തകരിലും അംഗസംഘടനകളിലും സന്നദ്ധ പ്രവർത്തകരിലുമാണെന്ന് അദ്ദേഹം പറഞ്ഞു.

റീജിയണൽ വൈസ് പ്രസിഡണ്ടുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, മുൻ ദേശീയ നേതാക്കൾ, അംഗസംഘടനകളുടെ പ്രസിഡണ്ടുമാർ, ഭാരവാഹികൾ, ഡെലിഗേറ്റുമാർ, വനിതാ-യുവജന വിഭാഗങ്ങൾ, വിവിധ സബ് കമ്മിറ്റികൾ, നൂറുകണക്കിന് സന്നദ്ധ പ്രവർത്തകർ, സ്പോൺസർമാർ, ഫോമാ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അഭ്യുദയകാംക്ഷികൾ, സാംസ്കാരിക-സാമൂഹിക സംഘടനകൾ, കലാകാരന്മാർ, മാധ്യമപ്രവർത്തകർ, മാധ്യമസ്ഥാപനങ്ങൾ എന്നിവർ കൺവൻഷന്റെ ഓരോ ഘട്ടത്തിലും അർപ്പണബോധത്തോടെ പ്രവർത്തിച്ചതാണ് ഈ വൻവിജയത്തിനു അടിത്തറയായതെന്ന് ബേബി മണക്കുന്നേൽ വ്യക്തമാക്കി.

കൺവൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങര, കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ, കൺവൻഷൻ കോ-ഓർഡിനേറ്റർ ഷാജി എഡ്വേർഡ് എന്നിവരുടെ പ്രവർത്തനങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രത്യേകം അഭിനന്ദിച്ചു. റിസപ്ഷൻ ആൻഡ് വിഐപി കമ്മിറ്റി ചെയർമാൻമാരായ ജോയി എൻ. സാമുവേൽ, മീഡിയ ചെയർമാൻ സൈമൺ വളാച്ചേരിൽ, എം.ജി. മാത്യു, പ്രൊസഷൻ ചെയർമാൻ തോമസ് ഒലിയാംകുന്നേൽ, ട്രാൻസ്പോർട്ടേഷന്റെ ചുമതല വഹിച്ച റീജിയണൽ ചെയർമാൻ രാജേഷ് മാത്യു തുടങ്ങിയവരുടെ സേവനങ്ങൾ എടുത്തു പറയേണ്ടതാണ്. ചെണ്ടമേളം, മെഗാതിരുവാതിര എന്നിവയുടെ അകമ്പടിയോടെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ വി.ടി. ബൽറാം എംഎൽഎ, മുൻ ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചർ, ഗ്രാൻഡ് സ്പോൺസർമാരായ ജോൺ ടൈറ്റസ്-കുസുമം ടൈറ്റസ്, സാജൻ വർഗീസ്-മിനി സാജൻ തുടങ്ങിയവർ സാന്നിദ്ധ്യമറിയിച്ചു.

കൺവൻഷന്റെ സാമ്പത്തിക വിജയത്തിന് ശക്തമായ പിന്തുണ നല്കിയ പ്ലാറ്റിനം സ്പോൺസർമാരായ ജിജു കുളങ്ങര, സാബു കൃഷ്ണൻ-അനുപമ കൃഷ്ണൻ, ഡോ. ഫ്രീമു വർഗീസ്, ജോൺ ഡബ്ല്യു. വർഗീസ് (പ്രോംപ്റ്റ് റിയൽറ്റി ആൻഡ് മോർട്ട്ഗേജ്) എന്നിവരുടെയും ഗോൾഡ് സ്പോൺസർമാർ, സിൽവർ സ്പോൺസർമാർ, വിവിധ മത്സരങ്ങൾക്ക് കാഷ് പ്രൈസ് നല്കിയ വ്യക്തികളുടെയും പരസ്യദാതാക്കളുടെയും ബിസിനസ് സ്ഥാപനങ്ങളുടെയും സഹകരണം പ്രശംസാർഹമാണ്.

കൺവൻഷന്റെ രണ്ടാം ദിവസം നടന്ന ചീട്ടുകളി മത്സരം ആവേശോജ്ജ്വലമായിരുന്നു. 50 ടീമുകൾ പങ്കെടുത്ത ഈ മത്സരത്തിന്റെ നേതൃത്വം ബിഞ്ചു ജോൺ (ന്യൂയോർക്ക്) വഹിച്ചു. അന്നേദിവസം ജനറൽ ബോഡിക്ക് ശേഷം രാവിലെ 11 മണി മുതൽ വൈകിട്ട് 5 മണി വരെ നടന്ന ഫോമായുടെ 2026-2028 ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ബിജു തോണിക്കടവിൽ (പ്രസിഡണ്ട്), പോൾ പി. ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ(ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡണ്ട്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി), ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ വിജയിച്ചതായി ഇലക്ഷൻ കമ്മിറ്റി ചെയർമാൻ മാത്യു ചെരുവിൽ, കമ്മിറ്റി അംഗങ്ങളായ ജോർജ് മാത്യു, മാത്യു കെ. ജോഷ്വ എന്നിവർ ഔദ്യോഗിക ഫലപ്രഖ്യാപനം നടത്തി.

ഫോമായുടെ ഓണസദ്യ ജനപങ്കാളിത്തം കൊണ്ട് ചരിത്രമായി. അമേരിക്കൻ മലയാളി സംഘടനാ ചരിത്രത്തിലെ ഏറ്റവും വലിയ ഓണസദ്യയാണ് ഒരുക്കിയത്. 1500 പേർക്കായി 23 ഇനം കറികളും മൂന്നുതരം പായസങ്ങളും ഉൾപ്പെടെ സമൃദ്ധമായ വിഭവങ്ങളാണ് ഇലയിൽ വിളമ്പിയത്. എസ്.കെ. ചെറിയാൻ ചെയർമാനായുള്ള ഫുഡ് കമ്മിറ്റി രുചികരമായ ഭക്ഷണം വിളമ്പി ശ്രദ്ധ പിടിച്ചുപറ്റി. സുരേഷ് രാമകൃഷ്ണന്റെ ഉടമസ്ഥതയിലുള്ള അപ്നാ ബസാർ ആണ് ഓണസദ്യ ഒരുക്കിയത്. മൂന്നാം ദിവസം നടന്ന ഹെൽത്ത് സെമിനാറിന് ലോകപ്രശസ്ത ഓങ്കോളജിസ്റ്റ് ഡോ. എം.വി. പിള്ള നേതൃത്വം നല്കി. ഡോ. റെയ്ന റോക്ക് ആയിരുന്നു ഹെൽത്ത് സെമിനാറിന്റെ മോഡറേറ്റർ.

തുടർന്ന് ഐപിസിഎൻഎ മോഡറേറ്ററായ 'ക്രോസ് ഫയർ' ബേബി ജോൺ ഊരാളിൽ നേതൃത്വം നല്കിയ ബിസിനസ് സമ്മിറ്റ്, ആർവിപി പി.റ്റി തോമസ് നടത്തിയ ടാക്സ് സെമിനാർ, തമ്പി ആന്റണി സാരഥ്യം വഹിച്ച സാഹിത്യസമ്മേളനം എന്നിവയും ശ്രദ്ധേയമായി. വിവിധ കൺവൻഷനുകളിൽ ചുമതല വഹിച്ച് ശ്രദ്ധേയമായ രാജൻ യോഹന്നാന്റെ സെക്യൂരിറ്റി ചെയർ എന്ന നിലയിലുള്ള സേവനവും സതേൺ റീജിയൺ ആർവിപി ബിജു ലോസന്റെ സഹകരണവും പ്രശംസാർഹമാണ്.

ബാങ്ക്വറ്റ് സമയത്ത് ഫോമായുടെ തുടക്കം മുതൽ പ്രവർത്തിച്ച് സമൂഹത്തിന്റെ അംഗീകാരം നേടിയ 14 നേതാക്കളെ പ്ലാക്ക് കൊടുത്ത് ആദരിച്ചു. കൺവൻഷൻ രാവുകളെല്ലാം കൾച്ചറൽ പ്രോഗ്രാമുകൾ, ഡിജെ എന്നിവയാൽ സമ്പന്നമായിരുന്നു. സമാപനസമ്മേളനത്തിൽ ഫോമായുടെ സ്ഥാപക പ്രസിഡണ്ട് ശശിധരൻ നായർ സംഘടനയുടെ 18 വർഷത്തെ ചരിത്രത്തിൽ ഫോമായോടൊപ്പം നിന്ന ഏവർക്കും ആശംസകൾ നേർന്നു. കൺവൻഷനിൽ പങ്കെടുത്ത കുടുംബങ്ങൾക്കും ഡെലിഗേറ്റുകൾക്കും അതിഥികൾക്കും കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേകം നന്ദി അറിയിച്ച ബേബി മണക്കുന്നേൽ അവരുടെ സജീവ സാന്നിദ്ധ്യവും പങ്കാളിത്തവുമാണ് കൺവൻഷനെ ഊർജസ്വലമാക്കിയതെന്ന് അഭിപ്രായപ്പെട്ടു.

ഹൂസ്റ്റൺ നഗരത്തെയും പ്രാദേശിക സംഘാടക സമിതിയെയും വിവിധ കമ്മിറ്റികളെയും പ്രത്യേകമായി അഭിനന്ദിച്ച അദ്ദേഹം മാസങ്ങളോളം നീണ്ട ആസൂത്രണവും കഠിനാദ്ധ്വാനവും ത്യാഗവുമാണ് കൺവൻഷനെ മികവുറ്റതാക്കി മാറ്റിയതെന്ന് പറഞ്ഞു. വേദി ഒരുക്കം മുതൽ രജിസ്ട്രേഷൻ, താമസം, ഭക്ഷണം, ഗതാഗതം, സുരക്ഷ, കലാപരിപാടികൾ, സെമിനാറുകൾ, യുവജന-കുട്ടികളുടെ പരിപാടികൾ എന്നിവയുടെ വിജയകരമായ ഏകോപനം എന്നിവ സംഘാടക മികവിന്റെ മികച്ച മാതൃകയായിരുന്നുവെന്നും ബേബി മണക്കുന്നേൽ കൂട്ടിച്ചേർത്തു.

വിവിധ പരിപാടികളിൽ എംസിമാരായി പ്രവർത്തിച്ച ആഷാ തോമസ്, ഡോ. റെയ്ന റോക്ക്, ആൻസി ക്രിസ്റ്റഫർ, മെർലിൻ സാജൻ എന്നിവരുടെ മികച്ച അവതരണം കൺവൻഷന്റെ മാറ്റ് കൂട്ടി.

അതേസമയം 2024-2026-ലെ ഫോമാ തെരഞ്ഞെടുപ്പിൽ എല്ലാ സ്ഥാനങ്ങളിലേക്കും ഒറ്റ ടീമായി വിജയിച്ചുവന്ന ബേബി മണക്കുന്നേൽ (പ്രസിഡണ്ട്), ബൈജു വർഗീസ് (സെക്രട്ടറി), സിജിൽ പാലക്കലോടി (ട്രഷറർ), ഷാലു പുന്നൂസ് (വൈസ് പ്രസിഡണ്ട്), പോൾ പി. ജോസ് (ജോയിന്റ് സെക്രട്ടറി), അനുപമ കൃഷ്ണൻ (ജോയിന്റ് ട്രഷറർ) എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് കൺവൻഷന്റെ വിജയമെന്ന് വിലയിരുത്തപ്പെടുന്നു.



ബേബി മണക്കുന്നേൽ




# ആദ്യ ബഹിരാകാശ നടത്തവുമായി ചരിത്രം കുറിച്ച് അനിൽ

വാഷിങ്ടൺ: മലയാളിക്ക് ചരിത്രനിമിഷം സമ്മാനിച്ച് ബഹിരാകാശത്ത് തന്റെ കന്നി നടത്തം ആരംഭിച്ച് നാസാ ശാസ്ത്രജ്ഞൻ അനിൽ മേനോൻ.

ഇന്ത്യൻസമയം ആഗസ്റ്റ് ആറിന് വ്യാഴാഴ്ച വൈകിട്ട് ആറോടെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന് (ഐ.എസ്.എസ്) പുറത്തുള്ള അനിലിന്റെ സ്പെയ്സ് വാക്ക് ആരംഭിച്ചത്. നിലയത്തിന്റെ സൗരോർജ സംവിധാനം ആധുനികീകരിക്കാനുള്ള ശ്രമവുമായാണ് ഏഴുമണിക്കൂർ നീണ്ട സങ്കീർണദൗത്യം (എക്സ്ട്രാ വെഹിക്കുലാർ ആക്റ്റിവിറ്റി-ഇവിഎ). നിലയത്തിലെ കമാൻഡറായ ജസീക്ക മേയറും ദൗത്യത്തിൽ അനിലിനൊപ്പം ചേർന്നു.

നിലയത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും ഭാവി പര്യവേക്ഷണങ്ങൾക്ക് ആവശ്യമായ കൂടുതൽ ഊർജലഭ്യത ഉറപ്പാക്കുന്നതിനുമായി പല ഉപകരണങ്ങളും നിലയത്തിനു പുറത്ത് ഘടിപ്പിക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

ജൂലായ് 14-നാണ് എക്സ്പെഡിഷൻ 74/75 ദൗത്യത്തിന്റെ ഭാഗമായി അനിൽ ബഹിരാകാശത്തു പോയത്. പാലക്കാട് ഒറ്റപ്പാലത്ത് കുടുംബവേരുകളുള്ളയാളാണ് അനിൽ മേനോൻ.



# സമ്മാനങ്ങളുടെ പെരുമഴയുമായി ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരങ്ങൾ ചിക്കാഗോയിൽ അരങ്ങേറുമ്പോൾ ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്. ഒന്നാം സമ്മാനമായി ജോയി നെടിയകാലായിൽ സ്പോൺസർ ചെയ്യുന്ന 11111 അമേരിക്കൻ ഡോളറും മാണി മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും നൽകപ്പെടും. രണ്ടാം സമ്മാനമായി ലഭിക്കുന്നത് ഫിലിപ്പ് മുണ്ടപ്ലാക്കൽ സ്പോൺസർ ചെയ്യുന്ന ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 5555 അമേരിക്കൻ ഡോളറുമാണ്.

മൂന്നാം സമ്മാനമായി എലീറ്റ് ഗെയിമിംഗ് ഫ്രാൻസിസ് & ടോണി കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്യുന്ന ചാക്കോ & മറിയം മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 3333 അമേരിക്കൻ ഡോളറും നൽകപ്പെടും. നാലാം സമ്മാനമായി ഷൈബു കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്യുന്ന ചിക്കാഗോ മംഗല്യ ജൂവലറി ട്രോഫിയും 1111 അമേരിക്കൻ ഡോളറും നൽകപ്പെടും.

ഇതിനു പുറമെ 5 മുതൽ 10 വരെ സ്ഥാനക്കാർക്കായും ഓരോ പൊസിഷനിലെയും മികച്ച വലിക്കാർക്കും, മികച്ച കോച്ചിനും സമ്മാനങ്ങൾ നൽകപ്പെടും. ഇരുപത്തി അയ്യായിരത്തിലധികം അമേരിക്കൻ ഡോളറാണ് ചിക്കാഗോ അന്താരാഷ്ട്ര വടംവലിയുടെ ഭാഗമായി സമ്മാനമായി നൽകപ്പെടുക.

ബെൻസൻവിൽ എനർജി സ്പോർട്സ് കോംപ്ലക്സിലാണ് സെപ്റ്റംബർ ആറിന് വടംവലി മത്സരങ്ങൾ നടത്തപ്പെടുക. വടംവലി കോർട്ടിന്റെ എല്ലാ ഭാഗത്തുനിന്നും സൗകര്യപ്രദമായി വടംവലി കാണുവാനുള്ള സൗകര്യം ഒരുക്കുന്ന ബ്ലീച്ചേഴ്സ് ഉൾപ്പെടെ വിശാലമായ സൗകര്യങ്ങളും ആയിരക്കണക്കിന് കാറുകൾ പാർക്ക് ചെയ്യുവാനുള്ള സൗകര്യങ്ങളും ഉള്ള എനർജി സ്പോർട്സ് കോംപ്ലക്സ്, ഇത്തവണത്തെ വടംവലി മത്സരങ്ങളെ മികവുറ്റതാക്കും.




സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ സിറിയക് കൂവക്കാടിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

# ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ സെപ്റ്റംബർ 4 മുതൽ

**രാജു പൊന്നോലിൽ**

ഫ്ളോറിഡ: ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ 26-ാമത് വാർഷിക കൺവൻഷൻ സെപ്റ്റംബർ 4 വെള്ളി മുതൽ 6 ഞായർ വരെ സൗത്ത് ഫ്ളോറിഡയിലുള്ള ഐപിസി ചർച്ചിൽ (6180 NW 11th Street, Sunrise) വെച്ച് നടത്തപ്പെടും.




അനുഗൃഹീത പ്രസംഗകരും ഉണർവ് പ്രഭാഷകരുമായ റവ.ഡോ. വിൽസൻ വർക്കി, റവ.ഡോ. തോംസൺ കെ. മാത്യു എന്നിവർ മുഖ്യപ്രഭാഷണം നടത്തും. സമാപന ദിവസമായ സെപ്റ്റംബർ 6-ന് ഞായറാഴ്ച സംയുക്ത സഭാ ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടത്തപ്പെടും.

റീജിയൻ ക്വയർ പ്രെയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നല്കും. യുവജന സമ്മേളനം, സഹോദരീസമ്മേളനം തുടങ്ങിയവ ശനിയാഴ്ച 10 മുതൽ 12.30 വരെയും കൗൺസിൽ യോഗം 2 മുതൽ 4 വരെയും ഉണ്ടായിരിക്കുന്നതാണ്.

റീജിയൻ പ്രസിഡണ്ട് പാസ്റ്റർ കെ.സി. ജോൺ കൺവൻഷൻ ഉദ്ഘാടനം നിർവഹിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ റോയി വാകത്താനം അദ്ധ്യക്ഷത വഹിക്കും.

ഫ്ളോറിഡ, ജോർജിയ, ടെന്നസ്സി, സൗത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും.

റീജിയൻ ഭാരവാഹികളായി പാസ്റ്റർ കെ.സി. ജോൺ (പ്രസിഡണ്ട്), പാസ്റ്റർ എ.സി ഉമ്മൻ (വൈസ് പ്രസിഡണ്ട്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), നിബു വെള്ളവന്താനം (ജോയിന്റ് സെക്രട്ടറി), ഏബ്രഹാം തോമസ് (ട്രഷറർ) എന്നിവർ പ്രവർത്തിക്കുന്നു.

# ഓസ്റ്റിൻ മാർത്തോമ്മാ ദേവാലയത്തിൽ സംഗീത ധ്യാനം ശ്രദ്ധേയമായി

**ജീമോൻ റാന്നി**

ഓസ്റ്റിൻ (ടെക്സസ്): ഓസ്റ്റിൻ മാർത്തോമ്മാ ദേവാലയത്തിൽ സംഘടിപ്പിച്ച ഗായകസംഘത്തിന്റെ ആത്മീയ ശുശ്രൂഷാ ക്യാമ്പിന്റെ ഭാഗമായി നടന്ന സംഗീത ധ്യാനം പങ്കെടുത്തവർക്ക് വേറിട്ട ആത്മീയ അനുഭവമായി. പ്രശസ്ത സംഗീത സംവിധായകനും വേൾഡ് പീസ് മിഷൻ സ്ഥാപക ചെയർമാനുമായ ഡോ. സണ്ണി സ്റ്റീഫൻ ക്ലാസുകൾക്ക് നേതൃത്വം നല്കി. ദൈവവചനവും സംഗീതവും സമന്വയിപ്പിച്ച ധ്യാനരീതിയിലൂടെ വിശ്വാസജീവിതത്തെ കൂടുതൽ ആഴത്തിലാക്കുന്നതിനും സംഗീതത്തെ ദൈവാരാധനയുടെ ശക്തമായ ശുശ്രൂഷയായി തിരിച്ചറിയുന്നതിനും അദ്ദേഹം ആഹ്വാനം ചെയ്തു. ഗാനങ്ങൾ, ബൈബിൾ അദ്ധ്യായങ്ങൾ, ആത്മീയ ചിന്തകൾ, സംഗീതധ്യാനം എന്നിവ ഉൾക്കൊള്ളുന്ന സെഷനുകളിൽ ഗായകസംഘാംഗങ്ങൾ സജീവമായി പങ്കെടുത്തു. സംഗീതം വെറും കലാപ്രകടനമല്ല, ദൈവമഹത്വത്തിനായുള്ള സമർപ്പിത ശുശ്രൂഷയും സുവിശേഷത്തിന്റെ ശക്തമായ സാക്ഷ്യവുമാണെന്ന് ഡോ. സണ്ണി സ്റ്റീഫൻ ഓർമ്മിപ്പിച്ചു. ഗായകസംഘാംഗങ്ങൾ ആത്മീയ വിശുദ്ധിയോടും സംഗീതമികവോടും കൂടെ ആരാധനയെ നയിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. സംഗീതത്തിലൂടെ മനസ്സിനും ആത്മാവിനും നവോന്മേഷം പകരുന്ന ഈ ധ്യാനപരിപാടി പങ്കെടുത്തവർക്ക് ഏറെ പ്രചോദനവും ആത്മീയ ഉണർവും സമ്മാനിച്ചതായി അവർ അഭിപ്രായപ്പെട്ടു. ഇടവക വികാരിയുടെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ഗായകസംഘ ക്യാമ്പിൽ ആരാധന, പ്രാർത്ഥന, സംഗീതപരിശീലനം, ആത്മീയ പഠനം, കൂട്ടായ്മ എന്നിവയും നടന്നു. വിശ്വാസത്തിലും സംഗീതശുശ്രൂഷയിലും കൂടുതൽ വളർച്ച ലക്ഷ്യമിട്ട ഈ പരിപാടി ഓസ്റ്റിൻ മാർത്തോമ്മാ ദേവാലയത്തിന്റെ ആരാധനാശുശ്രൂഷകൾക്ക് പുതിയ ആത്മീയ ഉണർവ് പകർന്നതായി വികാരി റവ. കോശി കുര്യൻ അറിയിച്ചു.





# കെ.എം. ഏബ്രഹാം കൊട്ടാരത്തിൽ അന്തരിച്ചു

കുറുമുള്ളൂർ: കെ.എം. ഏബ്രഹാം (87) കൊട്ടാരത്തിൽ അന്തരിച്ചു. ഭാര്യ ലീലാമ്മ (മോളി) വാകത്താനം കൂവക്കട കുടുംബാംഗമാണ്.

മക്കൾ: ബിനു & സജി എടക്കരയിൽ, കടുത്തുരുത്തി (ചിക്കാഗോ), ബിന്ദു & ബിനോയി കളരിക്കൽ (ചിങ്ങവനം), അനി & തോമസ് (മോൻ) മാനുങ്കൽ (കരിങ്കുന്നം), സുനി & ജെയിൻ തെക്കേമുണ്ടക്കൽ (കൈപ്പുഴ). കൊച്ചുമക്കൾ: ബെഞ്ചമിൻ, ജോഷ്വാ, എലൈന, ക്രിസ്റ്റഫർ, ഇവ, ജോവിറ്റ്, ജൂവാൻ, ജാസ്‌ലിൻ.



# റോക്ക്‌ലാൻഡ് കൗണ്ടിയുടെ ആദരം ഏറ്റുവാങ്ങി വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ

**ജിനു കുര്യൻ പാമ്പാടി**

ന്യൂസിറ്റി, ന്യൂയോർക്ക്: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികനും ന്യൂസിറ്റി യാക്കോബായ സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിന്റെ വികാരിയുമായ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയെ ന്യൂയോർക്കിലെ റോക്ക്‌ലാൻഡ് കൗണ്ടി പ്രത്യേകം ബഹുമതിയോടെ ആദരിച്ചു. അൻപതു വർഷത്തിലേറെ നീണ്ട അദ്ദേഹത്തിന്റെ ആത്മീയ, സാമൂഹിക, സാംസ്കാരിക സേവനങ്ങളെ മാനിച്ചാണ് ഈ ആദരം നല്കിയത്. റോക്ക്‌ലാൻഡ് കൗണ്ടി സംഘടിപ്പിച്ച ഇന്ത്യൻ പൈതൃക മാസാചരണ ചടങ്ങിലായിരുന്നു പുരസ്കാര സമർപ്പണം.




ചടങ്ങിൽ കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ വന്ദ്യ ചട്ടത്തിൽ അച്ചനെ സദസ്സിനു പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ അമ്പതു വർഷത്തിലേറെ നീണ്ട വൈദിക-സാമൂഹിക സേവനങ്ങളും സഭയ്ക്കും സമൂഹത്തിനും നല്കിയ വിലപ്പെട്ട സംഭാവനകളും വിശദമായി അവതരിപ്പിച്ചശേഷം സ്മാരകോപഹാരം (മെമെന്റോ) സമ്മാനിച്ച് ആദരിച്ചു.

അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ പൈതൃകവും സമൂഹസേവനവും ആഘോഷിക്കുന്നതിനായി സംഘടിപ്പിച്ച ചടങ്ങിലാണ് വന്ദ്യ ചട്ടത്തിൽ അച്ചനെ ആദരിച്ചത്. പതിറ്റാണ്ടുകളായി അദ്ദേഹം കാഴ്ചവെച്ച ആത്മീയ നേതൃത്വവും നിസ്വാർത്ഥമായ സമൂഹ സേവനവുമാണ് ഈ വർഷത്തെ അംഗീകാരത്തിന് അടിസ്ഥാനമായത്.

യുവജന മാർഗ്ഗനിർദ്ദേശം, കുടുംബ കൗൺസിലിംഗ്, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സമുദായ ഐക്യം, സുറിയാനി സഭയുടെ ആത്മീയ പൈതൃക സംരക്ഷണം എന്നിവയിലൂടെ ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തിൽ അദ്ദേഹം ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വൈദിക ശുശ്രൂഷയുടെ സുവർണ്ണ ജൂബിലിയും ഈ വർഷം അമേരിക്കൻ മലങ്കര അതിഭദ്രാസന ആസ്ഥാനത്ത് വിപുലമായി ആഘോഷിക്കപ്പെട്ടിരുന്നു.

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽ വൈറ്റ്പ്ലെയിൻസ്, ആൽബനി, വെസ്റ്റ് നയാക്ക്, സ്റ്റാറ്റൻ ഐലൻഡ്, യോങ്കേഴ്സ് എന്നിവിടങ്ങളിലെ ദേവാലയങ്ങളിൽ ആത്മീയ നേതൃത്വം നല്കിയ അദ്ദേഹം നിലവിൽ ന്യൂസിറ്റി യാക്കോബായ സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിന്റെ വികാരിയായും നാനുവെറ്റ് ദേവാലയത്തിന്റെ സഹവികാരിയായും സേവനമനുഷ്ഠിച്ചുവരുന്നു. അമേരിക്കൻ മലങ്കര അതിഭദ്രാസന കൗൺസിൽ അംഗം, വൈദിക സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം ശ്രദ്ധേയമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സഭയ്ക്കും വിശ്വാസിസമൂഹത്തിനും നല്കിയ വിലമതിക്കാനാവാത്ത സംഭാവനകളെ മാനിച്ച് 2011 സെപ്റ്റംബർ 24-ന് അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ആർച്ച്ബിഷപ്പായ അഭിവന്ദ്യ മോർ തീത്തോസ് യൽദോ അദ്ദേഹത്തെ കോർ എപ്പിസ്കോപ്പ പദവിയിലേക്ക് ഉയർത്തി.

1952 ഓഗസ്റ്റ് 9-ന് കേരളത്തിൽ ജനിച്ച വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ ബാല്യകാലം മുതൽ സഭാജീവിതത്തിൽ സജീവമായിരുന്നു. 1974-ൽ വൈദികപട്ടം സ്വീകരിച്ച അദ്ദേഹം 1976-ൽ ഔദ്യോഗിക വൈദിക ശുശ്രൂഷ ആരംഭിച്ചു. വിശ്വാസം, വിനയം, ആത്മസമർപ്പണം എന്നിവ ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളാക്കി സഭയെയും സമൂഹത്തെയും ഒരുപോലെ സേവിച്ചുവരികയാണ് അദ്ദേഹം.

ഇന്ത്യയിൽ മുപ്പതിലധികം ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ച അദ്ദേഹം യുവജന പരിശീലനം, കുടുംബശുശ്രൂഷ, മതപഠനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ദേവാലയ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ നേതൃത്വം നല്കി.



കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, വൈദിക സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചു. തൃക്കോതമംഗലം സെന്റ് മേരീസ് ബേത്‌ലഹേം ദേവാലയത്തിന്റെ നിർമ്മാണം ഉൾപ്പെടെ നിരവധി പദ്ധതികളിൽ അദ്ദേഹത്തിന്റെ സംഭാവന നിർണായകമായിരുന്നു.

ചടങ്ങിൽ ന്യൂസിറ്റി സെന്റ് ജോർജ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിന്റെ വൈസ് പ്രസിഡണ്ട് വിജയൻ ദാനിയേൽ, കമ്മിറ്റി അംഗം സണ്ണി വെള്ളാവള്ളിൽ, ജോയിന്റ് ട്രഷറർ സഞ്ജു ഇട്ടൻ, മാർത്തമറിയം വനിതാ സമാജം സെക്രട്ടറി ലീലാമ്മ രാജൻ, അമേരിക്കൻ മലങ്കര അതിഭദ്രാസന വൈദിക സെക്രട്ടറി റവ.ഫാ. ഗീവർഗീസ് ചാലിശേരിൽ, വൈദിക കൗൺസിൽ അംഗം റവ.ഫാ. ആകാശ് പോൾ, അതിഭദ്രാസന ആസ്ഥാന മാനേജർ റവ.ഫാ. വർഗീസ് പോൾ, സെന്റ് ജോൺസ് തിയോളജിക്കൽ സെമിനാരി സിഇഒ റവ.ഫാ. ജെറി ജേക്കബ്, അതിഭദ്രാസന കൗൺസിൽ അംഗം റോയ് മാത്യു, ജിൻസ് മാത്യു, ദാസ് മത്തായി എന്നിവരും വിശ്വാസികളും സമൂഹത്തിലെ പ്രമുഖരും വന്ദ്യ ചട്ടത്തിൽ അച്ചന്റെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ കാതോലിക്ക ശ്രേഷ്ഠ ബസേലിയോസ് ജോസഫ് ബാവായും അമേരിക്കൻ മലങ്കര അതിഭദ്രാസനാധിപൻ അഭിവന്ദ്യ യെൽദോ മാർ തീത്തോസ് ആർച്ച്ബിഷപ്പും ചടങ്ങിനോടനുബന്ധിച്ച് ആശംസകൾ അറിയിച്ചു.







റോക്ക്‌ലാൻഡ് കൗണ്ടിയുടെ ഈ അംഗീകാരം വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുടെ ദീർഘകാല ആത്മീയ, സാമൂഹിക സേവനങ്ങൾക്ക് ലഭിച്ച ചരിത്രപരമായ ആദരവാണ്. ഒരു വ്യക്തിക്കുള്ള ബഹുമതി എന്നതിലുപരി മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ആത്മീയ പാരമ്പര്യത്തിനും വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയ്ക്കും സഭാ നേതൃത്വത്തോടൊപ്പം അദ്ദേഹം നല്കിയ സമർപ്പിത സേവനങ്ങൾക്കും ലഭിച്ച പൊതുസമൂഹത്തിന്റെ ആദരസൂചകമായ അംഗീകാരമായാണ് ഈ ബഹുമതി വിലയിരുത്തപ്പെടുന്നത്.

# നേഴ്സുമാരുടെ പോരാട്ടം വിജയത്തിലേക്ക്; അമേരിക്കൻ മലയാളി സമൂഹത്തിന്റെ പിന്തുണയ്ക്ക് നന്ദി പറഞ്ഞ് ജാസ്മിൻ ഷാ



തൃശൂർ: ജൂബിലി മിഷൻ ആശുപത്രിയിൽ യുണൈറ്റഡ് നേഴ്സസ് അസോസിയേഷന്റെ (യുഎൻഎ) നേതൃത്വത്തിൽ 141 ദിവസമായി നടന്നുവന്ന നേഴ്സുമാരുടെ സമരം ഒടുവിൽ ഒത്തുതീർപ്പിലെത്തി. മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ നേഴ്സുമാർ മുന്നോട്ടുവെച്ച പ്രധാന ആവശ്യങ്ങളിൽ ധാരണയായതോടെയാണ് സമരം പിൻവലിച്ചത്. സമരവിജയത്തിനു പിന്നിൽ കേരളത്തിനു പുറത്തുനിന്നും പ്രത്യേകിച്ച് അമേരിക്കയിലെ മലയാളി സമൂഹത്തിൽ നിന്നുമുണ്ടായ ശക്തമായ പിന്തുണ നിർണായകമായിരുന്നുവെന്ന് യുഎൻഎ നേതാവ് ജാസ്മിൻ ഷാ പറഞ്ഞു. സമരം അവസാനിപ്പിച്ചതിനു പിന്നാലെ നടത്തിയ പ്രതികരണത്തിലാണ് അദ്ദേഹം പിന്തുണച്ച എല്ലാവർക്കും നന്ദി അറിയിച്ചത്.



ജാസ്മിൻ ഷാ

അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ ഫൊക്കാനയുടെ നേതാവ് ഫിലിപ്പോസ് ഫിലിപ്പ് ഉൾപ്പെടെ നിരവധി പ്രവാസി മലയാളികളും വിവിധ സംഘടനകളും സമരത്തിന് ശക്തമായ പിന്തുണ നല്കിയതായി ജാസ്മിൻ ഷാ പറഞ്ഞു. പ്രവാസി സമൂഹത്തിന്റെ ഈ ഐക്യദാർഢ്യം സമരത്തിലുണ്ടായിരുന്ന നേഴ്സുമാർക്ക് വലിയ ആത്മവിശ്വാസമാണ് പകർന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രത്യേകിച്ച് പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നേഴ്സിങ് അസോസിയേഷൻ (പിയാനോ) സ്ഥാപകപ്രസിഡണ്ടായ ബ്രിജിറ്റ് വിൻസന്റ് നല്കിയ നിസ്വാർത്ഥ പിന്തുണ അദ്ദേഹം പ്രത്യേകം അനുസ്മരിച്ചു. സമരത്തിന്റെ ഓരോ നിർണായക ഘട്ടത്തിലും ഞങ്ങളോടൊപ്പം ഉറച്ചുനിന്ന എല്ലാവരോടും ഹൃദയംനിറഞ്ഞ നന്ദിയുണ്ടെന്ന് ജാസ്മിൻ ഷാ പറഞ്ഞു.

തൃശൂർ അതിരൂപതാ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിലുള്ള ആശുപത്രി മാനേജ്

**ആഷാ മാത്യു**

മെന്റും തൃശൂർ എസിപി രാജേഷും യുഎൻഎ പ്രതിനിധികളും പങ്കെടുത്ത ചർച്ചയിലാണ് ഒത്തുതീർപ്പുണ്ടായത്. സമരത്തിൽ പങ്കെടുത്ത ജീവനക്കാർക്കെതിരെ യാതൊരു പ്രതികാര നടപടിയും സ്വീകരിക്കില്ലെന്ന് മാനേജ്മെന്റ് ധാരണാപത്രത്തിൽ ഉറപ്പു നല്കിയിട്ടുണ്ട്. സമരത്തിൽ പങ്കെടുത്ത മുഴുവൻ നേഴ്സുമാരെയും ഈ മാസം 30-നകം ഘട്ടംഘട്ടമായി അവർ മുമ്പ് ജോലി ചെയ്തിരുന്ന സമാന വിഭാഗങ്ങളിലേക്ക് തിരിച്ചെടുക്കും. ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള മറ്റ് വിഷയങ്ങളിൽ തൊഴിൽ വകുപ്പിന്റെ മദ്ധ്യസ്ഥതയിൽ മാനേജ്മെന്റും യൂണിയനും തമ്മിൽ തുടർചർച്ചകൾ നടത്തി പരിഹാരത്തിലെത്താനും ഇരുകക്ഷികളും ധാരണയായി.


സമരകാലത്ത് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ നിലപാടും അദ്ദേഹം അമേരിക്ക സന്ദർശിച്ചതും വ്യാപക ചർച്ചകൾക്ക് വഴിവെച്ചിരുന്നു. അമേരിക്കയിലെ മലയാളികളിൽ വലിയൊരു വിഭാഗം നേഴ്സുമാരാണെന്നും അവരുടെ അദ്ധ്വാനവും സംഭാവനകളും അമേരിക്കയിലെ നിരവധി ദേവാലയങ്ങളുടെ വളർച്ചയിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ടെന്നും പ്രവാസി മലയാളികൾ ചൂണ്ടിക്കാട്ടിയിരുന്നു.

അമേരിക്കൻ സന്ദർശനത്തിനുശേഷം ബിഷപ്പിന്റെ സമീപനത്തിൽ മാറ്റം ഉണ്ടായതായി തനിക്ക് അനുഭവപ്പെട്ടുവെന്ന് ജാസ്മിൻ ഷാ പറഞ്ഞു. ഒരുപക്ഷേ അമേരിക്കയിൽ മലയാളി നേഴ്സുമാരുടെ പങ്കാളിത്തം കൊണ്ടുകൂടി പണിതുയർത്തിയ ദേവാലയങ്ങളും സഭയ്ക്കായി അവർ നല്കുന്ന വിലമതിക്കാനാവാത്ത സംഭാവനകളും നേരിൽ കണ്ടത് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തിയിരിക്കാം എന്നാണ് തന്റെ വ്യക്തിപരമായ തോന്നൽ എന്നും ജാസ്മിൻ ഷാ പ്രതികരിച്ചു.

കേരളത്തിലും വിദേശത്തുമുള്ള നേഴ്സുമാരുടെ ഐക്യവും പ്രവാസി മലയാളികളുടെ പിന്തുണയും ഈ സമരവിജയത്തിന് വലിയ കരുത്തായിരുന്നുവെന്ന് ജാസ്മിൻ ഷാ വിലയിരുത്തി. ഇത് ശമ്പള വർദ്ധനവിനു വേണ്ടി മാത്രമുള്ള സമരമായിരുന്നില്ല. നേഴ്സിങ് സമൂഹത്തിന്റെ ആത്മാഭിമാനത്തിനും തൊഴിൽ മാന്യതയ്ക്കും വേണ്ടിയുള്ള കൂട്ടായ പോരാട്ടമായിരുന്നുവെന്നും ജാസ്മിൻ ഷാ പറഞ്ഞു.സമരവിജയത്തിൽ പങ്കാളികളായ എല്ലാ വ്യക്തികൾക്കും സംഘടനകൾക്കും അദ്ദേഹം ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തി.

## വാർദ്ധക്യം

എട്ടാംമാസം ആഗസ്റ്റ്മാസം
അമ്മയ്ക്കു ഞാനൊരു പിറന്ന കുഞ്ഞ്
ആണ്ടുപിറവി-പിറന്നാൾ പിറവി
മനുഷ്യ ആയുസിൽ പലവിധ പിറവികൾ
80-തിൽ എന്നുടെ ഓട്ടം ആണിപ്പോൾ
എത്രനാൾ ഓടുമെന്നു അറിയത്തും ഇല്ലാ
അരുവികൾക്കിടയിലെ കല്ലുകൾ തേയുംപോലെ
തേഞ്ഞുകൊണ്ടിരിക്കുന്നു എൻ മേനി ആകെ
നേരം വെളുക്കുംവരെ ചിന്തകൾ പലവിധം
സാറ്റുകളിക്കണമാതിരി ആണിപ്പോൾ മനസ്സ്
ചൂടാണ് വെളിയിൽ നാട്ടുകാർ ചൊല്ലുമ്പോൾ
എന്നുടെ മേനിക്ക് ഇഷ്ടമാണ് ഈ ചൂട്
കൈകൾ രണ്ടിനും വിറയൽ തുടങ്ങി
കവിതകൾ എഴുതുമ്പോൾ അക്ഷരപിശക്
വായനാശീലം കുറഞ്ഞു തുടങ്ങി
വായിക്കുന്ന പത്രങ്ങൾ നിർത്തി തുടങ്ങി
അടുത്ത വീട്ടിലെ കുസൃതി കുട്ടികൾ
വീടിന്റെ മുറ്റത്തു പന്തുകളിക്കുന്നു
എന്നുടെ ബാല്യം ഓർത്തു കിടക്കുമ്പോൾ
വാർദ്ധക്യം എന്നൊരു തോന്നലില്ലാ മനസ്സിൽ



ജെയിംസ് ചെട്ടിയാത്ത്




Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase / Jumbo Loan / Refinance / Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# പുഴയും പ്രകൃതിയും മനുഷ്യനും: വിവേകമില്ലാത്ത നയങ്ങളും ആവർത്തിക്കുന്ന ദുരന്തങ്ങളും

റവ. ജെയിംസ് കെ. ജോൺ
(ലബ്ബക്ക്, ടെക്സസ്)

ഓരോ പുഴയും കാടും നാടിന്റെ ജീവനാഡിയാണ്. നമ്മുടെ പ്രകൃതിയിൽ ജീവനും ജീവിതവും പകർന്നുനല്കി ഒഴുകുന്ന നദികൾ വെറും ജലാശയങ്ങൾ മാത്രമല്ല. അവ മനുഷ്യന്റെയും പ്രകൃതിയുടെയും നിലനില്പിന്റെ കാവലാളുകൾ കൂടിയാണ്.

എന്റെ വീട് നിൽക്കുന്നത് ഒരു പുഴയുടെ തീരത്താണ്. പണ്ടൊക്കെ വേനൽ അടുത്തു തുടങ്ങുമ്പോൾ ആ പുഴയോരം ജീവസ്സുറ്റ ഒരു ഗ്രാമീണ ജീവിതത്തിന്റെ കേന്ദ്രമായിരുന്നു. മണൽ വാരുന്നവർ, പുഴയിൽനിന്ന് പൊന്നരിക്കുന്നവർ, മീൻപിടിത്തക്കാർ, ആടുമാടുകളെ തീറ്റാൻ കൊണ്ടുപോകുന്നവർ, കുളിക്കുവാനും സൈഗത തട്ടുകളിൽ അല്പനേരം കാറ്റുകൊള്ളാനും വരുന്നവർ, ജീവിതത്തിന്റെ വേദനകളും പ്രയാസങ്ങളും പങ്കുവെക്കുന്നവർ... അങ്ങനെ പുഴയുടെ തീരങ്ങൾ പകർന്നു നല്കിയ ശാന്തസുന്ദരമായ മനോഹാരിതയും വെള്ളത്തിന്റെ ഓളങ്ങളും മനുഷ്യമനസ്സുകൾക്ക് നല്കിയ വർണ്ണാഭമായ ഭാവനകളും ഒത്തുചേരുന്ന ഒരു വലിയ സ്വർഗ്ഗീയ തീരമായിരുന്നു അത്. ആ പുഴയുടെ അവർണ്ണനീയമായ സാദ്ധ്യതകളെ നുകർന്നുകൊണ്ട് ജീവിതം മെച്ചപ്പെടുത്തിയ ഒരു വലിയപറ്റം ജനങ്ങളെ അന്ന് കാണാൻ സാധിച്ചിരുന്നു.

എന്നാൽ, ഇന്ന് ഈ അന്തരീക്ഷത്തിന് സാരമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. പുഴയോരങ്ങൾ മലിനമായിരിക്കുന്നു. ഓരോരുത്തരായി വകഞ്ഞുമാറ്റി സ്വന്തമാക്കിത്തീർത്തിരിക്കുന്നു. പുഴ തന്നെ അതിന്റെ ഭാവവും രൂപവും മാറ്റിയിരിക്കുന്നു. മുങ്ങിക്കുളിച്ചിരുന്ന വെള്ളക്കുഴികളെല്ലാം ഇന്ന് മണൽ കൊണ്ട് മൂടിയിരിക്കുന്നു. പണ്ട് മൂന്നും നാലും ആൾ താഴ്ചയുണ്ടായിരുന്ന കയങ്ങളും കിടങ്ങുകളും ഇന്നു നടന്നു കയറാവുന്ന രീതിയിൽ മണ്ണടിഞ്ഞ് നികന്നിരിക്കുന്നു. പുഴയും കരയും ഒന്നായി മാറിയിരിക്കുന്നു. എന്നാൽ, കൺമുന്നിൽ പുഴ ചത്തുകൊണ്ടിരിക്കുമ്പോഴും അവിടെനിന്ന് ഒരു മീൻ പിടിക്കാനോ അടിഞ്ഞുകൂടിയ മണൽ നീക്കാനോ അനുവാദമില്ലാത്ത രീതിയിൽ നമ്മുടെ നിയമങ്ങളും നീതികളും നിഷ്ക്കരുണം മാറിമറഞ്ഞിരിക്കുന്നു.

വിശുദ്ധ വേദപുസ്തകത്തിൽ തികച്ചും പ്രസക്തമായ ഒരു വാക്യമുണ്ട്. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യമത്രേ." (സങ്കീർത്തനങ്ങൾ 49:20) ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് ഈ പ്രവാചകശബ്ദത്തിന്റെ ദാരുണമായ പ്രതിഫലനമാണ്. ഭൂമിക്കും നാടിനും ഉറപ്പേകി തലയുയർത്തി നിന്ന വലിയ മലകളും പാറകളും മണലിനുവേണ്ടി നമ്മൾ ഇടിച്ചു പൊടിക്കുന്നു. (എം-സാൻഡ്). അതേസമയം പുഴകളിൽ പ്രകൃതിദത്തമായി അടിഞ്ഞുകൂടുന്ന മണലിനെ നീക്കം ചെയ്യാതെ,അത് കാലാകാലങ്ങളായി ഉറച്ച് ഉറപ്പുള്ള തിണ്ടുകളായിട്ടും പുതിയ ദ്വീപുകളായിട്ടും മാറാൻ അനുവദിക്കുകയും ചെയ്യുന്നു. ഉറപ്പുള്ള പാറ പൊട്ടിച്ച് മണലാക്കുക. അതേസമയം പുഴയിലെ സ്വാഭാവിക മണലിനെ ഉറപ്പിച്ച് കരയാക്കി മാറ്റുക. ഇതിലും വലിയ ഒരു ബുദ്ധിശൂന്യത ഏതൊരു പരിഷ്കൃത സമൂഹത്തിനാണ് കാണിക്കാനാവുക? അല്പംപോലും പ്രായോഗിക ബുദ്ധിയില്ലാത്ത പ്രകൃതിനിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിവിടുന്ന ഉദ്യോഗസ്ഥവൃന്ദവും അത് കണ്ണടച്ച് നടപ്പിലാക്കുന്ന ഭരണവർഗ്ഗവും ഇതിനു മറുപടി പറയേണ്ടതുണ്ട്.

ഒരു ലളിതമായ ഉദാഹരണം നോക്കാം. നമ്മുടെ വീടുകളിലെ കിണറുകൾ നാം എത്ര ശ്രദ്ധയോടെയാണ് പരിപാലിക്കുന്നത്. ഒഴുക്കിനോ വെള്ളത്തിനോ കുഴപ്പമില്ലെങ്കിൽ പോലും വർഷത്തിലൊരിക്കൽ അടിത്തട്ടിൽ അടിയുന്ന ചെളിയും മണ്ണും നീക്കം ചെയ്യാൻ നാം കിണറ്റുവെള്ളം തേകി വൃത്തിയാക്കാറുണ്ട്. കാരണം അതിന്റെ ആഴവും സംഭരണശേഷിയും നിലനിർത്തിയാൽ മാത്രമേ വേനലിലും കുടിവെള്ളം ലഭ്യമാകൂ എന്ന് സാധാരണക്കാരന് അറിയാം. സ്വന്തം കിണറിന്റെ കാര്യത്തിൽ ഈ വിവേകം കാണിക്കുന്ന മനുഷ്യർ എന്തുകൊണ്ടാണ് നാടിന്റെ കുടിവെള്ള ഉറവിടമായ പുഴയുടെ ആഴം നിലനിർത്താൻ ശ്രമിക്കാത്തത്? പ്രകൃതിയെ സ്നേഹിക്കുക


ലേഖകൻ

എന്നാൽ അതിനെ മാറ്റമില്ലാതെ നിലനിർത്തി ശ്വാസംമുട്ടിക്കലല്ല, മറിച്ച് അതിന്റെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുകയാണ്.

പുഴയോരങ്ങളിലെ ദുരിതം മാത്രമല്ല ഇന്ന് നമ്മുടെ നാടിനെ ഉലയ്ക്കുന്നത് അശാസ്ത്രീയമായ പ്രകൃതി നിയമങ്ങൾ കാരണം ജനങ്ങളുടെ സൈ്വരജീവിതവും പ്രാണൻ തന്നെയും ഭീഷണിയിലായിരിക്കുകയാണ്. കാട്ടാനയും പുലിയും കരടിയും കാട്ടുപോത്തും പന്നിയും നാട്ടിലിറങ്ങി മനുഷ്യജീവനെടുക്കുമ്പോഴും കൃഷിയിടങ്ങൾ തകർക്കുമ്പോഴും നിയമങ്ങൾ കാഴ്ചക്കാരായി നിൽക്കുന്നു. വീടിന്റെ അടുക്കളയിൽ ഇരിക്കുന്ന ഭക്ഷണം കുരങ്ങൻ വാരിക്കൊണ്ടു പോയാലും വളർത്തുകോഴികളെ കീരിയും പരുന്തും പിടിച്ചുകൊണ്ടു പോയാലും ഒന്നും ചെയ്യാൻ കഴിയാത്ത ദയനീയാവസ്ഥ. മറുവശത്ത് വിദ്യാലയങ്ങളിലേക്ക് പോകുന്ന പിഞ്ചുകുഞ്ഞുങ്ങളെ വഴിയിൽ പേപ്പട്ടികളും തെരുവ് നായക്കളും കാത്തിരിക്കുന്നു. വിദ്യാലയങ്ങളിൽ എത്തിയാലോ മൂലകളിൽ പതിയിരിക്കുന്ന പാമ്പുകളും ഏതുനിമിഷവും തകർന്നുവീഴാറായ മേൽക്കൂരകളും.

ഇവിടെയാണ് വിദേശരാജ്യങ്ങളിലെ പ്രായോഗിക നിയമങ്ങളെക്കുറിച്ച് നാം ചിന്തിക്കേണ്ടത്. ഉദാഹരണത്തിന് അമേരിക്ക പോലുള്ള രാജ്യങ്ങളിൽ പ്രകൃതിയെയും വന്യമൃഗങ്ങളെയും സംരക്ഷിക്കാൻ ശക്തമായ സംവിധാനങ്ങളുണ്ട്. (ഡിപ്പാർട്ടുമെന്റ് ഓഫ് ഫിഷ് ആൻഡ് വൈൽഡ്ലൈഫ്). എന്നാൽ, ആ നിയമങ്ങളെല്ലാം മനുഷ്യന്റെ പ്രയോജനത്തിനും ജീവന്റെ സുരക്ഷയ്ക്കുമായി ഉപയോഗിക്കപ്പെടുന്നു. സ്വന്തം ഭവനത്തിലോ പറമ്പിലോ വന്യമൃഗങ്ങൾ കയറി ജീവന് ഭീഷണിയായാൽ അവയെ പ്രതിരോധിക്കാനും നശിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ആ ഭവനക്കാരനുണ്ട്. മൃഗങ്ങളുടെ എണ്ണം പെരുകുമ്പോൾ ശാസ്ത്രീയമായി തിട്ടപ്പെടുത്തി നിയന്ത്രിതമായി വേട്ടയാടാൻ (ഹണ്ടിംഗ് സീസൺസ്) അനുവദിക്കാറുമുണ്ട്. എന്നാൽ, നമ്മുടെ നാട്ടിൽ സ്വന്തം വീട്ടുമുറ്റത്തു നിന്നോ കൃഷിയിടത്തിൽ നിന്നോ വന്യമൃഗങ്ങൾ മനുഷ്യനെ പിടിച്ചുകൊണ്ടു പോയാൽ പോലും ഒന്നും ചെയ്യാൻ കഴിയാത്ത കാടൻ നിയമങ്ങളാണ് നിലനിൽക്കുന്നത്. മനുഷ്യജീവന് വില കല്പിക്കാത്ത ഇത്തരം ചട്ടങ്ങൾ തിരുത്തപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഈ വിഷയം വിശകലനം ചെയ്യുമ്പോൾ കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ഇതിനായി പ്രവർത്തിക്കുന്ന ഔദ്യോഗിക സംവിധാനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉത്തരവാദിത്വങ്ങൾ എന്താണെന്നും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ജിഎസ്ഐ) ഭൗമശാസ്ത്രപരമായ പരിശോധനകൾ, ഭൂപടനിർമ്മാണം, മണ്ണ്-പാറ മണൽ എന്നിവയുടെ നിരീക്ഷണം എന്നിവയ്ക്കായുള്ള കേന്ദ്ര ഏജൻസി മൈനിങ് ആൻഡ് ജിയോളജി വകുപ്പ് (കേരള) ക്വാറികളുടെ അനുമതി, മണൽ വാരൽ നിയന്ത്രണങ്ങൾ (റിവർ സാൻഡ് മൈനിങ് ആക്ട്) എന്നിവ കൈകാര്യം ചെയ്യുന്ന സംസ്ഥാന വകുപ്പ് സെൻട്രൽ വാട്ടർ കമ്മീഷൻ (സിഡബ്ല്യുസി) പുഴകളിലെ വെള്ളത്തിന്റെ അളവും മണൽ അടിഞ്ഞുകൂടലും നിരീക്ഷിക്കാനുള്ള കേന്ദ്ര ഏജൻസി, വന-വന്യജീവി വകുപ്പുകൾ, കാടുകളുടെയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പാക്കുന്ന വിഭാഗങ്ങൾ, കോടിക്കണക്കിനു നികുതിപ്പണം ശമ്പളമായി വാങ്ങുന്ന ആയിരക്കണക്കിന് ഉദ്യോഗസ്ഥരുള്ള ഈ വകുപ്പുകൾ ഓരോ വർഷവും പുഴയിൽ അടിയുന്ന മണ്ണിന്റെ അളവ് തിട്ടപ്പെടുത്താനോ അല്ലെങ്കിൽ ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന വന്യമൃഗങ്ങളെ കൃത്യമായി നിയന്ത്രിക്കാനോ മുന്നോട്ടുവരില്ല എന്നത് ഖേദകരമാണ്.

നമ്മുടെ നാട്ടിൽ പ്രളയം വരുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാനും വെള്ളമിറങ്ങുമ്പോൾ ചെളിയും ചേറും വാരാനും എത്തുന്ന സന്നദ്ധ പ്രവർത്തകരും യുവജനപ്രസ്ഥാനങ്ങളും നാടിന്റെ നന്മ തന്നെയാണ്. എന്നാൽ, ഇവരെല്ലാവരും ചേർന്ന് ദുരന്തങ്ങൾ ഉണ്ടാകുന്നതിനു മുൻപ് ചെയ്യേണ്ട പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് മുന്നിട്ടിറങ്ങേണ്ടത്. ദുരന്തം വന്നതിനു ശേഷമുള്ള കണ്ണീരിനേക്കാൾ പ്രധാനം ദുരന്തം വരാതിരിക്കാൻ മുന്നേ കൂട്ടുന്ന മുൻകരുതലുകളാണ്. പുഴകളിൽ അടിഞ്ഞുകൂടുന്ന മണൽത്തിട്ടകളും എക്കലും ശാസ്ത്രീയമായി നീക്കം ചെയ്ത് പുഴയുടെ ആഴം കൂട്ടിയാൽ ഒരു പരിധിവരെ വെള്ളപ്പൊക്കദുരന്തങ്ങൾ ഒഴിവാക്കാം.

നാടിനെയും നാട്ടുകാരെയും നന്നാക്കുന്ന ജോലി കോടതികൾക്കും ഭരണവർഗ്ഗത്തിനും ഉദ്യോഗസ്ഥർക്കും മാത്രം വിട്ടുനല്കി സാമാന്യജനം ഉത്തരവാദിത്വമില്ലാത്തവരെപ്പോലെ മാറി നിൽക്കരുത്. നീതിയുടെ ഇടങ്ങളിൽ നിന്ന് നീതി നിഷേധിക്കപ്പെടുകയും അധികാരികൾ കൺകെട്ടു മായാജാലക്കാരായി അരങ്ങുവാഴുകയും ചെയ്യുമ്പോൾ ഓരോ പൗരനും പ്രതികരണശേഷിയുള്ള വെളിച്ചപ്പാടുകൾ ആയി മാറുകതന്നെ വേണം.

നമുക്കാവശ്യം ക്രൂരമായ കരിനിയമങ്ങളല്ല. മറിച്ച് പ്രകൃതിയോടും മനുഷ്യനോടും ഒരുപോലെ കരുണ കാണിക്കുന്ന പ്രായോഗിക നിയമങ്ങളാണ്. ഇനി വരുന്ന ഒരു പ്രളയത്തിലും എന്റെ ഭവനവും നാടും ഒലിച്ചുപോകില്ലെന്നും എന്റെ കുഞ്ഞുങ്ങൾ തെരുവിലും വിദ്യാലയങ്ങളിലും ഭയമില്ലാതെ സുരക്ഷിതരായിരിക്കുമെന്നും ഉറപ്പുവരുത്താൻ ഭരണാധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഭരണകർത്താക്കളും ഉദ്യോഗസ്ഥരും ഒരുകാര്യം ഓർക്കുന്നത് നല്ലതാണ്. ഞങ്ങൾക്ക് ഇനി ഒന്നും സംഭവിക്കാനില്ല എന്ന അഹങ്കാരത്തിൽ ജീവിക്കുന്നവർ നാളെ സ്വന്തം വീടുകൾ പ്രളയത്തിൽ ഒലിച്ചു പോകുമ്പോഴേ പഠിക്കൂ എന്നു വന്നാൽ അത് വലിയ വില നല്കേണ്ടിവരുന്ന പാഠമായിരിക്കും.

കരിനിയമങ്ങളല്ല, നാടിനോടും ജനങ്ങളോടും പ്രകൃതിയോടും കരുണയുള്ള കരങ്ങളാണ് നമുക്കാവശ്യം. ഉറങ്ങാതെ ഉണർന്നു പ്രവർത്തിക്കുന്ന നല്ല ഉദ്യോഗസ്ഥരും ജനക്ഷേമം മുൻനിർത്തി ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ ചെയ്യുന്ന ഭരണനേതൃത്വവും നമ്മുടെ നാടിന്റെ അനിവാര്യതയാണ്. ഇനി വരുന്ന പ്രളയങ്ങളിൽ എന്റെ ഭവനവും എന്റെ നാടും സുരക്ഷിതമായിരിക്കും എന്ന് ഉറപ്പ് വരുത്താൻ ഭരണാധികാരികളുടെ കണ്ണ് തുറപ്പിക്കാൻ ഓരോ പൗരനും ഉറച്ച ശബ്ദത്തോടെ മുന്നേറേണ്ട സമയമായിരിക്കുന്നു. പ്രകൃതിക്കായി, പുഴകൾക്കായി നാളേക്കായി നമുക്ക് ഒന്നിച്ചു നിൽക്കാം.

# ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ വി.വി. രാജേഷിനും പി. ശ്രീകുമാറിനും ഊഷ്മള സ്വീകരണം

ശങ്കരൻകുട്ടി, ഹൂസ്റ്റൺ

ഹൂസ്റ്റൺ: 2026 ആഗസ്റ്റ് നാലാം തീയതി വൈകുന്നേരം 7.30-നു അമേരിക്കൻ സന്ദർശനത്തിനിടെ തിരുവനന്തപുരം മേയർ വി.വി. രാജേഷും കേരള ഗവർണറുടെ സെക്രട്ടറിയും ജന്മഭൂമി ദിനപത്രത്തിന്റെ ചീഫ് എഡിറ്ററുമായ പി. ശ്രീകുമാറും ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം സന്ദർശിച്ചു. ക്ഷേത്രം പ്രസിഡണ്ട് ഡോ. രാംദാസിന്റെ നേതൃത്വത്തിൽ ക്ഷേത്രഭാരവാഹികളും നൂറുകണക്കിന് ഭക്തജനങ്ങളും ചേർന്ന് ഇരുവർക്കും ഹൃദ്യവും ഊഷ്മളവുമായ സ്വീകരണം നൽകി. തദവസരത്തിൽ ഹരി ശിവരാമൻ മുഖ്യാതിഥികളെ സദസ്സിനു പരിചയപ്പെടുത്തി പുഷ്പഹാരവും പൊന്നാടയും അണിയിച്ചാണ് വിശിഷ്ടാതിഥികളെ ആദരിച്ചത്.



സന്ദർശനവേളയിൽ ക്ഷേത്രത്തിന്റെ ആത്മീയ-സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ച് ക്ഷേത്രഭാരവാഹികൾ വിശദീകരിച്ചു. പ്രവാസി മലയാളികൾ കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും വിദേശത്ത് സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളെ അതിഥികൾ അഭിനന്ദിച്ചു. ക്ഷേത്രദർശനത്തിനും സ്വീകരണച്ചടങ്ങിനും ശേഷം ക്ഷേത്രഭാരവാഹികളുമായും ഭക്തജനങ്ങളുമായും ഇരുവരും സൗഹൃദസംഭാഷണം നടത്തുകയും ക്ഷേത്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്ത മേയർ വി.വി. രാജേഷ് സദസ്യരുടെ ചോദ്യങ്ങൾക്കും തിരുവനന്തപുരത്തെ വികസനപ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി സംസാരിക്കുകയുണ്ടായി. വൈസ് പ്രസിഡണ്ട് അജിത് നായർ നന്ദി രേഖപ്പെടുത്തിയതോടെ ഈ സന്ദർശനവേള സമാപിച്ചു.

# മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് സുവർണ്ണജൂബിലി ആഘോഷങ്ങൾ സമാപിച്ചു

**ജീമോൻ റാന്നി**

ഡാളസ്: മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് (ഫാർമേഴ്സ് ബ്രാഞ്ച്) ഇടവകയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് ഭക്തിനിർഭരവും പ്രൗഢവുമായ സമാപനം. മൂന്നു ദിവസങ്ങളിലായി നടന്ന സമാപന പരിപാടികൾക്കും ഓഗസ്റ്റ് ഒന്നിന് ശനിയാഴ്ച നടന്ന ഗംഭീരമായ പൊതുസമ്മേളനത്തിനും മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ മോസ്റ്റ് റവ.ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത മുഖ്യാതിഥിയായിരുന്നു.



പൊതുസമ്മേളനം ഗായകസംഘത്തിന്റെ നേതൃത്വത്തിൽ അമേരിക്കൻ-ഇന്ത്യൻ ദേശീയ ഗാനങ്ങളോടെ ആരംഭിച്ചു. അസി. വികാരി റവ. ജെസ്വിൻ ജോണിന്റെ പ്രാരംഭപ്രാർത്ഥനയ്ക്ക് ശേഷം ഇടവക സെക്രട്ടറി ഡെന്നിസ് കുര്യൻ സ്വാഗതം ആശംസിച്ചു.



ഇടവക ഗായകസംഘം ജൂബിലി ഗാനം ആലപിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ മുഖ്യസന്ദേശത്തിലൂടെ ഇടവകയുടെ 50 വർഷത്തെ വിശ്വാസയാത്രയിൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്കായി നന്ദി അർപ്പിച്ചു. യോശുവ 4:6 ഉദ്ധരിച്ച്, ഈ ജൂബിലി ആഘോഷം സ്വന്തം നേട്ടങ്ങളെയല്ല, മറിച്ച് ദൈവം സഭയിലൂടെ ചെയ്ത വൻകാര്യങ്ങളെയാണ് സ്മരിക്കുന്നതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അപരിചിതമായ നാട്ടിലേക്ക് കടന്നുവന്ന് വിശ്വാസവും ആരാധനാ പാരമ്പര്യവും കാത്തുസൂക്ഷിച്ച ആദ്യകാല തലമുറയുടെ ത്യാഗങ്ങളെ അദ്ദേഹം അനുസ്മരിച്ചു.

ബസ്തർ മിഷൻ, കനവ് പ്രോജക്ട്, ഭവനനിർമ്മാണം തുടങ്ങി ഇടവക ഏറ്റെടുത്ത ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രശംസിച്ച മെത്രാപ്പോലീത്ത ആദ്യതലമുറ ത്യാഗം കൊണ്ട് സഭ പണിതുവെങ്കിൽ നിലവിലെ തലമുറ ലക്ഷ്യബോധമുള്ള ശിഷ്യത്വത്തിലൂടെ (Intentional Discipleship) അടുത്ത തലമുറയെ ആത്മീയമായി കെട്ടിപ്പടുക്കണമെന്ന് ആഹ്വാനം ചെയ്തു. കഴിഞ്ഞ 50 വർഷം 'നടീലിന്റെ' (Planting) സമയമായിരുന്നുവെങ്കിൽ വരും 50 വർഷം ദൈവരാജ്യ ദൗത്യത്തിന്റെ 'വർദ്ധനവിന്റേതായിരിക്കണം' (Multiplying God's Mission) എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഭദ്രാസനാധിപൻ റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ വീഡിയോ സന്ദേശത്തിലൂടെ ജൂബിലി ആശംസകൾ അറിയിച്ചു.

ഇടവക വികാരി റവ. ഏബ്രഹാം വി. സാംസൺ ആമുഖപ്രഭാഷണം നടത്തുകയും ജൂബിലി കൺവീനർ എബി തോമസ് ജൂബിലി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.



ചടങ്ങിൽ ഫാർമേഴ്സ് ബ്രാഞ്ച് പ്രോ-ടെം മേയർ ഡേവിഡ് റീഡ്, ഫയർ ചീഫ് ഡാനിയൽ ലാറ്റിമർ എന്നിവർ പ്രത്യേക അതിഥികളായി പങ്കെടുത്തു സംസാരിക്കുകയും ഇടവകയ്ക്ക് ജൂബിലി ആശംസകൾ നേരുകയും ചെയ്തു.

ഡാളസിലെ എക്യുമെനിക്കൽ സഭകളെ പ്രതിനിധീകരിച്ച് റവ.ഫാ. ബിനു തോമസും ഡാളസിലെ മാർത്തോമ്മാ ഇടവകകളെ പ്രതിനിധീകരിച്ച് റവ. ജസ്റ്റിൻ പാപ്പച്ചനും ആശംസാപ്രസംഗങ്ങൾ നിർവഹിച്ചു. ഇടവകയിൽ നിന്നും ഉള്ള പട്ടക്കാരായ റവ. അലക്സ് കോലോത്ത്, റവ. ക്രിസ് ഡാനിയൽ, റവ. അരുൺ വർഗീസ് എന്നിവരും ആശംസകൾ അർപ്പിച്ചു. ചടങ്ങിൽ ജൂബിലി സുവനീർ പ്രകാശനം എബി ജോർജ്, ജോബി ജോൺ, സാമുവൽ യോഹന്നാൻ എന്നിവർ ചേർന്ന് റവ. റോയ് എ. തോമസിന് നല്കി നിർവഹിച്ചു.



ജൂബിലി ഗാനമത്സര വിജയിയായ ജോർജ് വർഗീസിനും (ജയൻ) ജൂബിലി ലോഗോ ഡിസൈൻ ചെയ്ത ജയ്ഡൺ ഏബ്രഹാം, നോഹ ഡാനിയൽ എന്നിവർക്കും മെത്രാപ്പോലീത്ത പുരസ്കാരങ്ങൾ വിതരണം ചെയ്തു.

ട്രസ്റ്റി അലക്സ് ചാക്കോ നന്ദിയും വൈസ് പ്രസിഡണ്ട് ജോൺ സി. മാത്യു സമാപന പ്രാർത്ഥനകളും നിർവഹിച്ച യോഗം മെത്രാപ്പോലീത്തയുടെ ആശീർവാദത്തോടെ സമാപിച്ചു.

ഓഗസ്റ്റ് 2-ന് ഞായറാഴ്ച മാർത്തോമ്മ മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയോടു കൂടി മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് (ഫാർമേഴ്സ് ബ്രാഞ്ച്) ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്ക് അനുഗൃഹീത സമാപനമായി.


# ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്ക് ഓക് പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ വമ്പിച്ച വരവേല്പ്






ഷെവ. ജെയ്മോൻ സ്കറിയ

ഓക്പാർക്ക്: ശ്രേഷ്ഠ കാതോലിക്ക ആബൂൺ മാർ ബസേലിയോസ് ജോസഫ് ബാവയ്ക്ക് ഓക്ക് പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളി



യിൽ ഓഗസ്റ്റ് 2-ന് ഞായറാഴ്ച വൈകുന്നേരം 5-ന് വമ്പിച്ച സ്വീകരണം നല്കി. കൃത്യം 5.30-ന് ദേവാലയ അങ്കണത്തിൽ എത്തിച്ചേർന്ന ശ്രേഷ്ഠ ബാവയെ വൈദികരുടെയും അനേകം വിശ്വാസികളുടെയും നേതൃത്വത്തിൽ ചെണ്ടമേളം, പ്രാർത്ഥനാഗാനം എന്നിവയോടു കൂടി ദേവാലയത്തിലേക്ക് ആനയിച്ചു. തുടർന്നു നടന്ന സന്ധ്യാനമസ്കാരത്തിന് ശ്രേഷ്ഠ ബാവ നേതൃത്വം നല്കി.

സ്വീകരണ സമ്മേളനം ബിഷപ് മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് വികാരി റവ.ഫാ. ലിജു പോൾ സ്വാഗതം ആശംസിച്ചു. എക്യു



മെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് പ്രസിഡണ്ട് റവ.ഫാ. ബിജു യോഹന്നാൻ, ഭാരവാഹികളും ശ്രേഷ്ഠ ബാവയെ പൊന്നാട അണിയിച്ച് ആശംസാപ്രസംഗം നടത്തി. വെരി റവ. ഫാ. മാത്യു വർഗീസ് കരുതലയ്ക്കൽ, റവ.ഫാ. അനീഷ് തേലപ്പള്ളി, സ്റ്റാൻലി കളരിക്കാമുറി. റവ.ഫാ. ഹാം ജോസഫ്, റവ. ഏബ്രഹാം സ്കറിയ, റവ. റോയി ഇടിക്കുള, റവ. ജോൺസൺ സാമുവൽ, റവ. എം.ജെ. തോമസ് എന്നിവർ ആശംസകളറിയിച്ചു. വെരി റവ.ഫാ. സ്കറിയ തേലപ്പള്ളി, റവ. ഫാ. തോമസ് മേപ്പുറത്ത്, റവ. ഫാ. ഷിന്റോ ഡേവിഡ് എന്നിവരും സന്നിഹിതരായിരുന്നു.

തുടർന്ന് സെന്റ് ജോർജ് യാക്കോ



ബായ പള്ളിയെ പ്രതിനിധീകരിച്ച് വൈസ് പ്രസിഡണ്ട് മാമ്മൻ കുരുവിള, സൂസൻ ഏബ്രഹാം (സമാജം), മേഴ്സി സ്കറിയ (സൺഡേസ്കൂൾ), ഫേബ റോയിൻ (യൂത്ത്), പ്രശസ്ത സംവിധായകൻ റോമിയോ കാട്ടൂക്കാരൻ എന്നിവർ ആശംസകൾ അറിയിച്ചു. ശ്രേഷ്ഠ ബാവ സ്വീകരണത്തിന് നന്ദി രേഖപ്പെടുത്തി ആശംസകൾ അറിയിച്ചു. പുതിയ തലമുറയെ നമ്മുടെ വിശ്വാസത്തിലേക്കു നയിക്കുവാൻ ദേവാലയത്തിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ ആചരിക്കുവാൻ സാധിക്കട്ടെയെന്ന് ശ്രേഷ്ഠ ബാവ തന്റെ പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

ബാവയെപ്പറ്റിയുള്ള ഒരു ഡോക്കുമെന്ററി മൾട്ടിമീഡിയ പ്രസന്റേഷൻ ആയി പ്രദർശിപ്പിച്ചു. ഇടവകയുടെ ഉപഹാരം ട്രസ്റ്റി റെജിമോൻ ജേക്കബ് ശ്രേഷ്ഠ ബാവയ്ക്ക് സമർപ്പിച്ചു. സെന്റ് ജോർജ് ക്വയറിന്റെ ഗാനാലാപനം ചടങ്ങുകൾക്ക് മോടികൂട്ടി. ചടങ്ങുകളുടെ എംസി ആയി കെസിയ മേലേത്ത് ചടങ്ങുകൾ നിയന്ത്രിച്ചു.

സെക്രട്ടറി ഷെവലിയർ ജെയ്മോൻ സ്കറിയ നന്ദി രേഖപ്പെടുത്തി. തുടർന്നു നടന്ന സ്നേഹവിരുന്നിൽ ചിക്കാഗോയിലെ വിവിധ ഇടവകകളിലെ വിശ്വാസികൾ സംബന്ധിച്ചു.

# പ്രളയപ്രതിരോധത്തിന് സമഗ്ര പദ്ധതി

തിരുവനന്തപുരം: കേരളത്തിലെ പ്രളയസാധ്യത ശാശ്വതമായി കുറയ്ക്കാൻ ഇന്ത്യയ്ക്ക് മാതൃകയാകുന്ന സമഗ്ര ദുരന്തനിവാരണ പദ്ധതിക്ക് രൂപം നൽകുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഡാമുകളുടെ പ്രവർത്തനം കൂടുതൽ ശാസ്ത്രീയമാക്കാൻ എ.ഐ. അധിഷ്ഠിത ഡാം മാനേജ്മെന്റ് സംവിധാനം കൊണ്ടുവരും. ഡാമിലേക്കുള്ള ജലപ്രവാഹം, ജലവിതരണം, വൃഷ്ടിപ്രദേശത്തെ മഴയുടെ അളവ്, മഴസാധ്യത, നദീതീരങ്ങളിലെ ജലനിരപ്പ് എന്നിവ ഏകോപിപ്പിച്ചായിരിക്കും സംവിധാനം പ്രവർത്തിക്കുക. പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചതായും മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചു.

പ്രളയഭീഷണിയുള്ള എല്ലാ പ്രദേശങ്ങളിലും ഫ്ളഡ് മാപ്പിങ് നടത്തി അപകടസാധ്യത മുൻകൂട്ടി തിരിച്ചറിയുന്നതിനും ദുരന്തപ്രതിരോധത്തിനും സംവിധാനം ഒരുക്കും. ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കും. നദികളിലെ മാലിന്യവും മണ്ണും ചെളിയും നീക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കാൻ റവന്യൂ, ജലസേചന വകുപ്പുകൾക്ക് ചുമതല നൽകിയിട്ടുണ്ട്. ഇതു ചെയ്യുന്നതോടെ നദികളിലെ വെള്ളപ്പൊക്ക സാധ്യത 60 ശതമാനം വരെ കുറയ്ക്കാൻ കഴിയും. മഴക്കാലം അവസാനിക്കുന്നതോടെ ഈ പ്രവർത്തനങ്ങൾ ആരംഭിക്കും.

പ്രളയത്തിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനായി എല്ലാ നദികളിലും സമഗ്ര ലാൻഡ് ഓഡിറ്റിങ് നടത്തും. കൈയേറ്റങ്ങൾ കണ്ടെത്തുക, സ്വാഭാവിക ജലഒഴുക്ക് തടസ്സപ്പെടുത്തി മണ്ണിട്ട് നികത്തിയ സ്ഥലങ്ങൾ തിരിച്ചറിയുക എന്നിവയാണ് ലക്ഷ്യം. നദികളും കൈവഴികളും പഴയ നിലയിലാക്കാതെ പ്രളയഭീഷണി ഒഴിവാക്കാനാകില്ലെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് നടപടി.

# മാർ ജോസ് പുളിക്കൽ ഇന്റർനാഷണൽ കാറ്റെക്കെറ്റിക്കൽ കൗൺസിൽ അംഗം

കൊച്ചി: കാഞ്ഞിരപ്പള്ളി ബിഷപ്പും സീറോമലബാർ സഭയുടെ കാറ്റെക്കെറ്റിക്കൽ കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പുളിക്കലിനെ ഇന്റർനാഷണൽ കാറ്റെക്കെറ്റിക്കൽ കൗൺസിലിൽ അംഗമായി നിയമിച്ചു. ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ കാര്യാലയമാണു നിയമനം നടത്തിയത്. അഞ്ചു വർഷത്തേക്കാണു നിയമനം.



സുവിശേഷവത്കരണത്തിനായുള്ള കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കാറ്റെക്കെറ്റിക്കൽ കൗൺസിൽ, ആഗോളസഭയുടെ വിശ്വാസപരിശീലന ദൗത്യത്തിന് ആവശ്യമായ പഠനങ്ങൾ, മാർഗനിർദേശങ്ങൾ, നയപരമായ ശിപാർശകൾ എന്നിവ രൂപപ്പെടുത്തുന്നതിനും വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സമിതിയാണ്.

2016-ൽ സഹായമെത്രാനായും 2020-ൽ മെത്രാനായും ചുമതലയേറ്റ മാർ പുളിക്കൽ 2024-ലാണ് സഭയുടെ വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാനായി നിയമിതനായത്.

ഫെബ്രുവരിയിൽ മനിലയിൽ നടന്ന ഏഷ്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ വിശ്വാസപരിശീലന വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ സമ്മേളനത്തിൽ മാർ ജോസ് പുളിക്കൽ പങ്കെടുക്കുകയും സീറോമലബാർ സഭയുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങളും വിശ്വാസപരിശീലന രംഗത്തെ നേട്ടങ്ങളും വെല്ലുവിളികളും അവതരിപ്പിക്കുകയും ചെയ്തിരുന്നു. വിശ്വാസപരിശീലന രംഗത്തെ മാർ പുളിക്കലിന്റെ മികവുറ്റ നേതൃത്വത്തിനും സംഭാവനകൾക്കും ലഭിച്ച അന്തർദേശീയ അംഗീകാരമാണ് ഈ നിയമനം.

# നൈൽസ് റോട്ടറി ക്ലബിൽ ഷിബു മുളയാനിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള നവനേതൃത്വം സ്ഥാനമേറ്റു

ചിക്കാഗോ: ചിക്കാഗോയുടെ പ്രാന്തപ്രദേശത്തുള്ള റോട്ടറി ഓഫ് നൈൽസിന്റെ 2026–27 വർഷത്തെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും വിവിധ സേവന പദ്ധതികളുടെ ഉദ്ഘാടനവും ഡെസ് പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് നടന്നു. ജൂലൈ 24–ന് നടന്ന ഈ ചടങ്ങിൽവെച്ച് മുൻപ്രസിഡണ്ട് ജിജോ വർഗീസ് പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

നൈൽസ് റോട്ടറി ക്ലബിൽ അടുത്ത ഒരുവർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡണ്ട് ഷിബു വിശദീകരിച്ചു. ഈ വർഷം ഗ്ലോബൽ ഗ്രാന്റിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രൊജക്ടുകളെക്കുറിച്ച് വൈസ് പ്രസിഡണ്ട് ഷിബു പീറ്റർ വെട്ടുകല്ലേൽ സംസാരിച്ചു. ന്യൂസ് 18–ലെ മാധ്യമപ്രവർത്തകനും തിരുവനന്തപുരം റോട്ടറി ക്ലബ് മെംബറുമായ പ്രതാപ് സമ്മേളനത്തിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. ക്ലബുകൾ തമ്മിലുള്ള സഹകരണത്തിന്റെ പ്രതീകമായി നൈൽസ് റോട്ടറി ക്ലബിന്റെ പതാക പ്രതാപിനു പ്രസിഡണ്ട് ഷിബു സമ്മാനിച്ചു. മുൻ പ്രസിഡണ്ട് സിറിയക് ലൂക്കോസ് ചടങ്ങിൽ സ്വാഗതവും സെക്രട്ടറി ഡോ. റോയി ചേലമലയിൽ കൃതജ്ഞതയും രേഖപ്പെടുത്തി.





2026–27 വർഷത്തെ ഭാരവാഹികൾ: പ്രസിഡണ്ട്: ഷിബു ജോസഫ് മുളയാനിക്കുന്നേൽ, വൈസ് പ്രസിഡണ്ട്: ഷിബു പീറ്റർ വെട്ടുകല്ലേൽ, സെക്രട്ടറി: ഡോ. റോയി ചേലമലയിൽ, ട്രഷറർ: ഡോ. ജോസഫ് ഏബ്രഹാം, റോട്ടറി ഫൗണ്ടേഷൻ ചെയർ: ജസ്റ്റിൻ തെങ്ങനാട്ട് എന്നിവരാണ്. മറ്റ് ബോർഡ് അംഗങ്ങൾ: മുൻ പ്രസിഡണ്ട്: ജിജോ വർഗീസ്. ജോസഫ് ഏബ്രഹാം വിരുത്തക്കുളങ്ങര, സിബി കുരുവിള, സിറിയക് ലൂക്കോസ് പുത്തൻപുര, സാബു തോമസ്, തോമസ് പുല്ലുകാട്ട്, ബോബി ജേക്കബ്, ഡോ. അലക്സ് ജോസഫ്, അലക്സ് മുല്ലപ്പള്ളി, നൈനാൻ തോമസ് എന്നിവരാണ്. കഴിഞ്ഞ ഏഴ് വർഷമായി റോട്ടറി ക്ലബ് ഓഫ് നൈൽസ് കേരളത്തിലും തമിഴ്നാട്ടിലുമായി ജനോപകാരപ്രദമായ നിരവധി സാമൂഹിക സേവന പദ്ധതികൾ വിജയകരമായി നടപ്പാക്കി. കേരളത്തിൽ വിവിധ ആശുപത്രികളിൽ ഡയാലിസിസ് മെഷീനുകൾ സംഭാവന ചെയ്തുകൊണ്ട് നിർദ്ധന കിഡ്നി രോഗികൾക്ക് സൗജന്യ ഡയാലിസിസ് ഏർപ്പാടാക്കുക, വെല്ലൂർ സിഎംസി ഹോസ്പിറ്റലിൽ ഉപകരണങ്ങൾ സംഭാവന നല്കുക തുടങ്ങിയ പ്രൊജക്ടുകളാണ് ഈ വർഷം നടപ്പിലാക്കുന്നത്. റോട്ടറി ഇന്റർനാഷണലിന്റെ ഗ്ലോബൽ ഗ്രാന്റിന്റെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.28 |
| യൂറോ | 110.16 |
| സ്റ്റെർലിംഗ്പൗണ്ട് | 128.60 |
| സ്വിസ് ഫ്രാങ്ക് | 117.94 |
| സിംഗപ്പൂർ ഡോളർ | 74.51 |
| കനേഡിയൻ ഡോളർ | 68.35 |
| ഒമാൻ റിയാൽ | 247.84 |
| ബഹ്റൈൻ ദിനാർ | 253.60 |
| സൗദി റിയാൽ | 25.45 |
| യു.എ.ഇ. ദിർഹം | 25.93 |
| കുവൈത്ത് ദിനാർ | 308.46 |



# ഡാളസ് സെന്റ് മേരീസ് പള്ളിയിൽ ശൂനോയോ പെരുന്നാളിന് ശ്രേഷ്ഠ ബാവ പങ്കെടുക്കും

**വർഗീസ് പാലമലയിൽ**

ഡാളസ്: വിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ സ്ഥാപിതമായ കരോൾട്ടൻ സെന്റ് മേരീസ് മലങ്കര യാക്കോബായ സുറിയാനിപ്പള്ളിയുടെ പ്രധാന പെരുന്നാളായ വിശുദ്ധ കന്യകമറിയാമിന്റെ ശൂനോയോ പെരുന്നാൾ ആഗസ്റ്റ് 15, 16 തീയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുന്നു. ആഗസ്റ്റ് മാസം 9-ാം തീയതി പള്ളി വികാരി റവ. ഫാ. പോൾ തോട്ടക്കാട്ടിന്റെ വിശുദ്ധ കുർബാനാനന്തരം മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്തയും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനി ഈ വർഷത്തെ പെരുന്നാളിന്റെ കൊടിയേറ്റ് കർമ്മം നിർവഹിച്ച് വിശ്വാസികളെ അഭിസംബോധന ചെയ്തു. ഇതോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച പള്ളിയുടെ പാർക്കിംഗ് ലോട്ടിന്റെ ഉദ്ഘാടനവും അഭിവന്ദ്യ തിരുമേനി നിർവഹിച്ചു.





ഈ വർഷത്തെ പെരുന്നാളിന്റെ മുഖ്യാതിഥി യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ശ്രേഷ്ഠ കാതോലിക്ക ആബൂൺ മോർ ബസേലിയോസ് ജോസഫ് ബാവയാണ്. സ്ഥാനാരോഹണത്തിന് ശേഷം ആദ്യമായാണ് ശ്രേഷ്ഠ ബാവ അമേരിക്കയിൽ എഴുന്നള്ളിവരുന്നത്.

മരിച്ച് ഗത്സമൻ തോട്ടത്തിൽ അടക്കം ചെയ്യപ്പെട്ട കന്യകമറിയാമിന്റെ ശരീരം മൂന്നാം ദിവസം മാലാഖമാർ ഉയരത്തിലേക്ക് എടുക്കപ്പെട്ടതിന്റെ ഓർമ്മയായി എല്ലാ വർഷവും ആഗസ്റ്റ് 15-ാം തീയതി വാങ്ങിപ്പ് പെരുന്നാൾ കൊണ്ടാടുന്നു.

ഓഗസ്റ്റ് 15-ാം തീയതി ഡാളസ് എയർപോർട്ടിൽ എത്തിച്ചേരുന്ന ബാവയെ ഭദ്രാസന സെക്രട്ടറിയും ഇടവക വികാരിയുമായ റവ.ഫാ. പോൾ തോട്ടക്കാട്ടും പള്ളി മാനേജിങ് കമ്മിറ്റി അംഗങ്ങളും വിശ്വാസിസമൂഹവും ചേർന്ന് ദേവാലയത്തിലേക്ക് സ്വീകരിച്ച് ആനയിക്കുന്നതാണ്. തുടർന്ന് സന്ധ്യാപ്രാർത്ഥനയും സുപരിചിതനും പ്രശസ്ത വാഗ്മിയുമായ റവ.ഫാ. ജേക്കബ് ജോസഫ് പിഎച്ച്.ഡി. അവർകളുടെ വചനശുശ്രൂഷയും ഉണ്ടായിരിക്കും.

16-ാം തീയതി രാവിലെ പ്രഭാതപ്രാർത്ഥനയും തുടർന്ന് 9.30-ന് ശ്രേഷ്ഠ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാനയും അതോടനുബന്ധിച്ച് വിശുദ്ധ കന്യകമറിയാമിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നതാണ്. വി. കുർബാനാനന്തരം വാദ്യമേളങ്ങളോടെ പള്ളിക്കു ചുറ്റും പ്രദക്ഷിണം ഉണ്ടായിരിക്കുന്നതാണ്. സ്നേഹവിരുന്നോടെ ഈ വർഷത്തെ പെരുന്നാൾ സമാപിക്കും.

ഈ പെരുന്നാളിൽ നേർച്ചകാഴ്ചകളോടെ കടന്നുവന്ന് സംബന്ധിക്കാൻ പള്ളി വികാരി നിങ്ങളേവരേയും കർത്തൃനാമത്തിൽ സ്വാഗതം ചെയ്യുന്നു. ഡാളസ് മേഖലയിലെ എല്ലാ വൈദികരുടെയും സാന്നിദ്ധ്യസഹകരണം ഈ പെരുന്നാളിൽ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വൈസ് പ്രസിഡണ്ട് റിജു വിരിപ്പൻ (321 432 6819), സെക്രട്ടറി ജോർജ് മാത്യു (602 687 2756), ട്രഷറർ ബിനു ഇട്ടി (201 993 9383) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# ലൈംഗികാതിക്രമ കേസിൽ ബ്രിജ്ഭൂഷണെ കുറ്റവിമുക്തനാക്കി

ന്യൂഡൽഹി: ആറ് വനിതാ ഗുസ്തിതാരങ്ങൾ നൽകിയ ലൈംഗികാതിക്രമ കേസിൽ റെസ്‌ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ മുൻമേധാവിയും ബിജെപി മുൻ എംപിയുമായ ബ്രിജ്ഭൂഷൺ ശരൺ സിങ്ങിനെയും ഫെഡറേഷൻ മുൻ അസിസ്റ്റന്റ് സെക്രട്ടറി വിനോദ് തോമറിനെയും ഡൽഹിയിലെ വിചാരണക്കോടതി കുറ്റവിമുക്തരാക്കി.

റൗസ് അവന്യൂ കോടതിയിലെ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് അശ്വിനി പാൻവാറിന്റേതാണ് ഉത്തരവ്. സാക്ഷിമൊഴികളിലെ വൈരുധ്യവും സ്ഥിരതയില്ലായ്മയും ഉത്തരവിൽ കോടതി ചൂണ്ടിക്കാട്ടിയെന്ന് ബ്രിജ്ഭൂഷണുവേണ്ടി ഹാജരായ അഭിഭാഷകൻ രാജീവ് മോഹൻ പറഞ്ഞു. എത്രയുംവേഗം അപ്പീൽ നൽകാൻ അഭിഭാഷകരോട് നിർദേശിച്ചതായി ബ്രിജ്ഭൂഷണെതിരെ ജന്തർമന്തറിലെ സമരത്തിന് നേതൃത്വം നൽകിയ ഗുസ്തിതാരം വിനേഷ് ഫോഗട്ട് പറഞ്ഞു. ഉത്തരവ് അങ്ങേയറ്റം അസ്വസ്ഥതപ്പെടുത്തുന്നതാണെന്ന് താരങ്ങളുടെ അഭിഭാഷക റെബേക്ക എം. ജോൺ പ്രതികരിച്ചു. ഇതൊരു ഗൂഢാലോചനയാണെന്ന് താൻ മുൻപേ പറഞ്ഞതാണെന്ന് ബ്രിജ്ഭൂഷൺ സിങ് പ്രതികരിച്ചു. പരാതിയിലെ ഏതെങ്കിലും ആരോപണം ശരിയെന്നു തെളിഞ്ഞാൽ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞതിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. മൂന്നുവർഷത്തിനുശേഷം ഇപ്പോൾ കോടതി കുറ്റവിമുക്തരാക്കിയതിൽ സന്തോഷമുണ്ട്. ഒരിക്കലും കുറ്റബോധമുണ്ടായിരുന്നില്ല. നീതി ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. ശ്രീരാമനിശ്ചയം നടക്കുമെന്നും ബ്രിജ്ഭൂഷൺ സിങ് പറഞ്ഞു.

# ജെൻ സീയുടെ ആശങ്കകൾ ന്യായമെന്ന് മോഹൻ ഭാഗവത്

മുംബൈ: ജനാധിപത്യത്തിൽ പ്രതിഷേധങ്ങളും സമരങ്ങളും സംഭാഷണത്തിനുള്ള മാർഗമാണെന്നും ഭിന്നത സൃഷ്ടിക്കുന്നതിനു പകരം അഭിപ്രായ ഐക്യം ലക്ഷ്യമിട്ടാകണം അവയെന്നും ആർഎസ്എസ് മേധാവി മോഹൻ ഭാഗവത്. സംവിധാനങ്ങളിൽ പ്രശ്നങ്ങൾ ഉള്ളതുകൊണ്ടാണ് പുതുതലമുറ പ്രതികരിക്കുന്നത്. അവർ ദേശവിരുദ്ധരല്ല; അവരെ ശത്രുക്കളായി കാണരുത്.

ജെൻ സീയുടെ ആശങ്കകൾ ന്യായമാണെന്നും അവരുടെ ആത്മാർത്ഥതയിൽ വിശ്വാസമുണ്ടെന്നും ഡൽഹിയിലെ വിദ്യാർത്ഥിപ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ മുംബൈയിൽ സംഘടിപ്പിച്ച യുവജനസമ്മേളനത്തിൽ ഭാഗവത് പറഞ്ഞു.

മുതിർന്നവർ പറയുന്നത് കണ്ണടച്ച് വിശ്വസിക്കുന്നവരല്ല പുതുതലമുറ. യുക്തിസഹമായ മറുപടികളാണ് ജെൻ സി ആഗ്രഹിക്കുന്നത്.

ഉയർത്തുന്ന വിഷയങ്ങളിൽ അവഗണിക്കപ്പെടുമ്പോഴാണ് ആളുകൾ പ്രക്ഷോഭങ്ങളിലേക്ക് തിരിയുന്നതെന്നു ചൂണ്ടിക്കാട്ടിയ അദ്ദേഹം ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള ആശങ്കകൾ ന്യായമാണെന്നും രണ്ടായിരത്തോളം ജെൻ സീ, ജെൻ ആൽഫ പ്രതിനിധികൾ പങ്കെടുത്ത ഇന്ത്യാസ് ഇന്റർനാഷണൽ മൂവ്മെന്റ് ടു യുണൈറ്റ് നേഷൻസ് (ഐഐഎംയുഎൻ) വാർഷികാഘോഷത്തിൽ പറഞ്ഞു.

ജിഡിപിയുടെ ആറ് ശതമാനം തുക വിദ്യാഭ്യാസത്തിനായി മാറ്റിവെക്കണമെന്ന ആവശ്യത്തെ പിന്തുണച്ചു. സമൂഹമാധ്യമങ്ങളിലെ വാർത്തകളെ ഉറവിടം പരിശോധിക്കാതെ വിശ്വസിക്കരുത്. ഐഐഎംയുഎൻ പ്രസിഡന്റ് ഋഷഭ് ഷായാണ് മോഹൻ ഭാഗവതുമായി സംവാദം നടത്തിയത്.

# ഉന്നതവിദ്യാഭ്യാസ വകുപ്പിൽ എഐ ഗുരു പദ്ധതി വരുന്നു

കൊല്ലം: അദ്ധ്യാപകരെയടക്കം നിർമിതബുദ്ധി (എഐ) പഠിപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ 'എഐ ഗുരു' പദ്ധതി തുടങ്ങുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം ഒരു ലക്ഷം പേർക്കു പരിശീലനം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സർക്കാർ-എയ്ഡഡ്, സ്വാശ്രയ കോളജ് അദ്ധ്യാപകർക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുക.

ഐഎച്ച്ആർഡി, എൽബിഎസ് എന്നീ സ്ഥാപനങ്ങൾ വഴി ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈനായാകും പരിശീലനം. എല്ലാ ജില്ലകളിലും പരിശീലനത്തിന് സംവിധാനമൊരുക്കും. 30 മണിക്കൂർ, 50 മണിക്കൂർ കാലയളവുകളിലാണ് പരിശീലന പദ്ധതി. അദ്ധ്യാപനം, ഗവേഷണം, അഡ്മിനിസ്ട്രേഷൻ മേഖലകളിൽ ഗുണനിലവാരം ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. ഇന്റലിജന്റ് ട്യൂട്ടറിങ് സംവിധാനം, അഡാപ്റ്റീവ് ലേണിങ് തുടങ്ങി ആറ് വിഭാഗങ്ങളിലാണ് സിലബസ് തയാറാക്കുന്നത്.

# ഡാളസ് ഇടവകയിൽ വിശ്വാസപരിശീലന പ്രവേശനോത്സവം ആഗസ്റ്റ് 16-ന്

**സിറിൾ ആനാലിൽ**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക വിശ്വാസപരിശീലന വിഭാഗം പുതിയ അദ്ധ്യയന വർഷത്തിന് തുടക്കം കുറിച്ച് നടത്തപ്പെടുന്ന പ്രവേശനോത്സവം ആഗസ്റ്റ് 16-ന് ഞായറാഴ്ച നടത്തപ്പെടും. അന്നേദിവസം കുട്ടികൾക്ക് ഹൃദ്യമായ രീതിയിൽ സ്വീകരണവും കൂട്ടായ്മയും അദ്ധ്യാപകരുടെ പ്രതിജ്ഞയും നടത്തപ്പെടും. വിശ്വാസപരിശീലന വിഭാഗം പ്രിൻസിപ്പൽ ജോർജ് ചെറുശ്ശേരിൽ, അസി. പ്രിൻസിപ്പൽമാരായ മനോജ് വിരുത്തിക്കുളങ്ങര, മിനി തൈപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടത്തപ്പെടുന്നു. അന്നേ ദിവസം വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ ആഘോഷവും നടത്തപ്പെടും. പ്രവേശനോത്സവത്തിനു മുന്നോടിയായി എല്ലാ ക്ലാസ് മുറികളും വികാരി ഫാ. ബിൻസ് ചേത്തലിൽ വെഞ്ചരിച്ചു.



# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is cur-

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

rently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## പി.എം. വർഗീസ്

**തിരുവല്ല:** തിരുമൂലപുരം വാണിയപ്പുരയ്ക്കൽ പി.എം. വർഗീസ് (എൽദോസ് അനിയൻ -81) അന്തരിച്ചു. ഭാര്യ ഓതറ ചെങ്ങഴശ്ശേരി കുഞ്ഞുമോൾ. മക്കൾ: ജോമോൻ (ദുബായ്), കൊച്ചുമോൻ (കുവൈറ്റ്), കുഞ്ഞുമോൻ (യുഎസ്). മരുമക്കൾ: സോളി (ദുബായ്), ഷീന (കുവൈറ്റ്), ബീന (യുഎസ്).

**കൊല്ലാട്:** പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് മുൻ അംഗം മലമേൽക്കാവ് പൂത്തറയിൽ സതി ശശീന്ദ്രൻ (65) അന്തരിച്ചു.

**മാവേലിക്കര:** മറ്റം തെക്ക് ഉലുവത്ത് ബംഗ്ലാവിൽ മാത്യു ടൈറ്റസ് (87) അന്തരിച്ചു.

**ചെങ്ങന്നൂർ:** അങ്ങാടിക്കൽ പതിയാംകണ്ടത്തിൽ ലാലി രാജ് മത്തായി (62) അന്തരിച്ചു.

## പി.ജെ. തോമസ്

**പത്തനംതിട്ട:** പി.ഡബ്ല്യുഡി ഡിവിഷണൽ മുൻ അക്കൗണ്ടന്റ് കുമ്പഴ പുത്തൻപുരയിൽ (നിബു വില്ല) പി.ജെ. തോമസ് (റോയ്-71) അന്തരിച്ചു. ഭാര്യ സി.എം. വത്സമ്മ (കെഎസ്ആർടിസി റിട്ട. പഴ്സണൽ ഓഫീസർ) അഞ്ചൽ തഴമേൽ തെങ്ങുവിളയിൽ കുടുംബാംഗമാണ്. മക്കൾ: നിഷ (യുഎസ്), നിബു (ന്യൂസിലൻഡ്), നിജോ (ഓസ്ട്രേലിയ). മരുമക്കൾ: പുതുപ്പള്ളി മുശാരിപറമ്പിൽ അനൂപ് (യുഎസ്), മാമ്മൂട് മാമ്പറമ്പിൽ പേഴത്തോലിൽ ബെൻസി (ന്യൂസിലൻഡ്), പെരുമ്പാവൂർ മടശേരിക്കല്ലറയ്ക്കൽ ജെവീന (ഓസ്ട്രേലിയ).

**പുന്നവേലി:** ചൊറിക്കാവുങ്കൽ ഏലിയാമ്മ ജോർജ് (കുഞ്ഞുമോൾ-84) അന്തരിച്ചു.

**പൊൻകുന്നം:** റിട്ട. സുബേദാർ മേജർ കാടൻതുരുത്തേൽ കെ.കെ. ജേക്കബ് (ജോയ് തമ്പി കൊട്ടാരം-75) അന്തരിച്ചു.

**കൊങ്ങാണ്ടൂർ:** മുണ്ടമറ്റം വി.ഏ. ജോസഫ് (കുഞ്ഞുമോൻ-86) അന്തരിച്ചു.

**ആറന്മുള:** ബെംഗ്ളൂർ ബിഗ്സിറ്റി പ്രമോഷൻസ് എച്ച് ആർ വിഭാഗം മേധാവി ആറന്മുള പാറയിൽ ജെയിംസ് ഫിലിപ്പ് (52) ബേഗൂർ എസ്എൽവി ക്രിസ്റ്റൽ അപ്പാർട്ടുമെന്റിൽ അന്തരിച്ചു.


**കിഴക്കേ മുത്തൂർ:** കൊട്ടാരത്തിൽ പാട്ടപ്പറമ്പിൽ പരേതനായ പി.എം. ഏബ്രഹാമിന്റെയും ശോശാമ്മയുടെയും മകൻ പി.എ. വർഗീസ് (ജിജി-56) അന്തരിച്ചു.

**കോഴിക്കോട്:** മെഡിക്കൽ കോളജ് പീഡിയാട്രിക്സ് വിഭാഗം മുൻ മേധാവി ഡോ. ഒ.സി. ഇന്ദിര (89) അന്തരിച്ചു.

**തിരുവല്ല:** പടിഞ്ഞാറേ ഓതറ കൈലാസത്തിൽ വാലുംപറമ്പിൽ വി.പി.രാജപ്പൻ (83) അന്തരിച്ചു.

**കൂത്താട്ടുകുളം:** ഒലിയപ്പുറം വണ്ടനാൽ സ്റ്റേറ്റ്സ് ഉടമ വണ്ടനാൽ ബേബി (83) അന്തരിച്ചു.

## വർഗീസ് കെ. വർഗീസ്



**ഹൂസ്റ്റൺ:** മാവേലിക്കര പൗവത്തികുന്നേൽ കുടുംബാംഗവും ചിത്രമെഴുത്ത് കെ.എം. വർഗീസിന്റെ മകനുമായ വർഗീസ് കെ. വർഗീസ് (ശാന്തൻ-87) ഹൂസ്റ്റണിൽ അന്തരിച്ചു. ഇന്ത്യൻ എയർഫോഴ്സ് ഉദ്യോഗസ്ഥനായിരുന്ന പരേതൻ ഹൂസ്റ്റൺ മെട്രോയിലെ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് ചിക്കാഗോയിലും ഹൂസ്റ്റണിലും വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ഭാര്യ വത്സ വർഗീസ്. മക്കൾ: റോബിൻ, ലിന്റ. മരുമക്കൾ: മേവ്, രൂപ്.

**കോട്ടയം:** കാരാപ്പുഴ കള്ളികാട്ട്പറമ്പിൽ റിട്ട. കെഎസ്ഇബി സീനിയർ സൂപ്രണ്ട് എസ്. കെ. സുരേശൻ (80) അന്തരിച്ചു.

**പടിഞ്ഞാറോത്തറ:** കല്ലിശേരി പടിഞ്ഞാറേപുരയ്ക്കൽ (ചേനയ്ക്കൽ) ജോർജ് ഗ്ലാഡ്സൺ (72) അന്തരിച്ചു.

## ഇഗ്നേഷ്യസ് ദേവസ്യ

**മേരിലാൻഡ്:** കുളമാക്കൽ ഇഗ്നേഷ്യസ് ദേവസ്യ (കുഞ്ഞുഞ്ഞ്-88) അന്തരിച്ചു. ഭാര്യ പുലയൻപറമ്പിൽ പരേതയായ ഏലിക്കുട്ടി. മക്കൾ: വത്സമ്മ മാത്യു, ഡോളി ബേബി (യുഎസ്), റോയി (എറണാകുളം), ബ്രദർ റോജി (യുഎസ്), റോബി (മേരിലാൻഡ്). മരുമക്കൾ: കെ.എം. മാത്യു കാരിശ്ശേരിൽ (നീലൂർ), ബേബ് വി.ഒ. വെട്ടമറ്റത്തിൽ വാളകം (യുഎസ്), ബോബി റോയി മാത്തൂർ (കുറുപ്പന്തറ), അമ്പിളി വെള്ളിക്കാപ്പിൽ (അരുവിത്തുറ).

**ചമ്പക്കുളം:** പയ്യനാട്ട് പുഷ്പമംഗലം ലിസമ്മ ജോസ് (83) അന്തരിച്ചു.

**തലയോലപ്പറമ്പ്:** നായിക്കംപറമ്പിൽ മറിയാമ്മ ഐസക് (71) അന്തരിച്ചു.

**കൊല്ലപ്പള്ളി:** ജവഹർ നവോദയാ വിദ്യാലയം റിട്ട. പ്രിൻസിപ്പൽ കൊല്ലപ്പള്ളി വൃന്ദാവൻ നഗർ കൈനകരി ചെമ്മാഴം (മാമ്പര) ജോർജ് ജോസഫ് (81) അന്തരിച്ചു.

**ആർപ്പൂക്കര:** അതിരമ്പുഴ പണിക്കരോടം അർച്ചന ഗിരീഷ് (38) അന്തരിച്ചു.

**ആനക്കയം:** പട്ടാമ്പി ഗവ. സംസ്കൃത കോളജ് ചരിത്രവിഭാഗം മുൻ അധ്യാപികയും ഗ്രന്ഥകാരിയുമായ ഷൊർണൂർ ചളവറ കാമ്പുറത്ത് പ്രഫ. പത്മാവതി ഇസ്ഹാഖ് (90) അന്തരിച്ചു.

## സി.സി. ജെയിംസ്

**തീക്കോയി:** വാകമറ്റം ചൊവ്വാറ്റുകുന്നേൽ സി.സി. ജെയിംസ് (കൊച്ച്-78) യുഎസിൽ അന്തരിച്ചു. ഭാര്യ ചിന്നാർ പിണക്കാട്ട് ഗ്രേസി. മക്കൾ: ജയ്സൺ, ജസ്റ്റിൻ (ഇരുവരും യുഎസ്).

**കുമാരനല്ലൂർ:** മൃഗസംരക്ഷണവകുപ്പ് മുൻ ഉദ്യോഗസ്ഥൻ ചൂരക്കാട്ട് പള്ളത്ത് പി.ജെ. ജോസ് (അപ്പച്ചൻ-81) അന്തരിച്ചു.

**കോട്ടയം:** ടി.ബി. റോഡിൽ പുത്തൻപറമ്പിൽ വീട്ടിൽ ഏലിക്കുട്ടി യോഹന്നാൻ (79) അന്തരിച്ചു.

**തൃശൂർ:** ജനകീയ ഡോക്ടറും തൃശൂർ മെഡിക്കൽ കോളജിലെ മെഡിസിൻ വിഭാഗം പ്രഥമ മേധാവിയുമായിരുന്ന ഡോ. കെ.ജി.നായർ (90) അന്തരിച്ചു.

**ചാത്തൻതറ:** കെഎസ്ആർടിസി (പൊൻകുന്നം) റിട്ട. ഉദ്യോഗസ്ഥൻ തഴയ്ക്കവയലിൽ വി.സി. കുട്ടപ്പൻ (സാമുവൽ -84) അന്തരിച്ചു.

**തമ്പലക്കാട്:** പ്രസന്റേഷൻ സിസ്റ്റേഴ്സ് സഭാംഗം സിസ്റ്റർ സുമ കട്ടിക്കാരൻ (81) അന്തരിച്ചു.

## സിസ്റ്റർ ബെഞ്ചമിൻ

**വാഴക്കുളം:** സിഎംസി കോതമംഗലം പാവനാത്മാ പ്രോവിൻസ് അംഗം സിസ്റ്റർ ബെഞ്ചമിൻ (80) അന്തരിച്ചു. നെയ്ശേരി ആയത്തുപാടം പരേതരായ വർക്കിയുടെയും മേരിയുടെയും മകളാണ്. സഹോദരങ്ങൾ: അക്കാമ്മ, എ.വി. ജോൺ, ജോസഫീന ബേബി, ഫാ. ബെന്നി (യുഎസ്), എ.വി. മാത്യു, എ.വി. ജോസഫ്, ചിന്നമ്മ ജോസഫ്, എ.വി. സൈമൺ.

**ഗുരുവായൂർ:** അമച്വർ നാടകങ്ങളുടെ പ്രചാരകൻ അരവിന്ദ് ബ്രഹ്മകുളം (84) അന്തരിച്ചു.

**തൃക്കാക്കര:** ഡോട്ടേഴ്സ് ഓഫ് സെന്റ് മേരി ഓഫ് ലൂക്ക കോൺവന്റ് സഭാംഗമായിരുന്ന സിസ്റ്റർ കൊർണേലിയ മൂഞ്ഞേലി (65) അന്തരിച്ചു.

**എറണാകുളം:** കച്ചേരിപ്പടി കട്ടിക്കാരൻ വീട്ടിൽ ഡോ. ആന്റണി കട്ടിക്കാരൻ (67) മെൽബണിൽ അന്തരിച്ചു.

**ഏറ്റുമാനൂർ:** വലിയപറമ്പിൽ കുടുംബാംഗവും തമിഴ്നാട് തിരുപ്പത്തൂർ സെ. ചാൾസ് കോൺവന്റ് അംഗവുമായ സിസ്റ്റർ സ്റ്റാനിസ്നോസ് കൊച്ചോലിക്കൽ (87) അന്തരിച്ചു.

**ചേർപ്പുങ്കൽ:** ഇടമറ്റം കെടി ജെഎം ഹൈസ്കൂൾ അധ്യാപൻ തൊടുകയിൽ (പാണമ്പറമ്പിൽ) ടി.ജെ. ജോസഫ് (സുനിൽ-46) അന്തരിച്ചു.

**തിരുവല്ല:** റിട്ട.അധ്യാപിക തിരുമൂലപുരം ചെത്തുകടവിൽ കെ.കെ. ജാനകി (83) അന്തരിച്ചു.

**കോട്ടയം:** മറിയപ്പള്ളിൽ മേച്ചേരിൽ ഉതുപ്പ് തോമസിന്റെയും സരളയുടെയും മകൾ സീന ഉതുപ്പ് (42) അന്തരിച്ചു.

## ഡോ. എം.വി. സുകുമാരൻ

**തൃശൂർ:** മണ്ണുത്തി വെറ്ററിനറി കോളജ് പ്രഫസറും ഡയറി സയൻസ് കോളജ് മേധാവിയുമായിരുന്ന ഡോ. എം.വി. സുകുമാരൻ (90) അന്തരിച്ചു. ഭാര്യ സതീദേവി. മക്കൾ: സന്തോഷ് സുകുമാരൻ (ഷാർജ), ഡോ. സന്ധ്യ സുകുമാരൻ (യുഎസ്). മരുമക്കൾ: പ്രജിത (ഷാർജ), ഡോ. എസ്.എസ്. ലാൽ (കേരള ഗവ. ആരോഗ്യ ഹൈപവർ കമ്മിറ്റി ചെയർമാൻ).

**കാട്ടൂർ:** തലവടി നീരേറ്റുപുറം കണ്ടത്തിൽ പുത്തൻപറമ്പിൽ ചാക്കോ വർഗീസിന്റെ മകൾ തെറ്റിക്കൽ അനു എലിസബത്ത് ചാക്കോ (38) അന്തരിച്ചു.

**ചെങ്ങളം സൗത്ത്:** മതിലകത്ത് പരേതനായ തോമസ് കുര്യന്റെയും ശോശാമ്മ തോമസിന്റെയും മകൻ ബിൻസു വർഗീസ് (52) അന്തരിച്ചു.

## അന്നമ്മ ഇട്ടി



**കരോൾട്ടൻ:** കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ മുൻ സെക്രട്ടറി ചാക്കോ ഇട്ടിയുടെ ഭാര്യ അന്നമ്മ ഇട്ടി അന്തരിച്ചു. കേരള അസോസിയേഷന്റെ വിവിധ കമ്മിറ്റികളിലും നേതൃനിരയിലും ഭർത്താവിനൊപ്പം പ്രവർത്തിച്ചിരുന്ന ഇവർ ഡാളസിലെ സാമൂഹിക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്നു. ടെക്സസ് ഇർവിങ്ങിലെ സെ. തോമസ് ക്നാനായ യാക്കോബായ പള്ളി ഇടവകാംഗമാണ്. മക്കൾ: ആനി കുര്യൻ (ജോമോൾ) & റവ.ഫാ. ജോസഫ് കുര്യൻ (ബിജു അച്ചൻ) ആരമ്മമ്മൂട്ടിൽ, ജോയ്സ് ഏബ്രഹാം & വിനിൽ പാലുതറ.

**പാലാ:** പത്രണ്ടാംമൈൽ വടക്കേമുറിയിൽ ടോമി ജോസഫ് (65) അന്തരിച്ചു.

**മുതലക്കോടം:** തുറക്കൽ സെബാസ്റ്റ്യൻ ജോസഫ് (86) അന്തരിച്ചു.

**കടുത്തുരുത്തി:** മരങ്ങോലി കൊച്ചുപുരയ്ക്കൽ കെ.ജെ. സണ്ണി (ലൂയിസ്-63) അന്തരിച്ചു.

**പറക്കോട്:** മാങ്കൂട്ടം കെട്ടുങ്കൽ പുത്തൻവീട്ടിൽ ലീലാമ്മ പാപ്പച്ചൻ (80) അന്തരിച്ചു.

**കല്ലൂപ്പാറ:** പേരാലുംമൂട്ടിൽ കുടുംബാംഗം കരവടശേരി മുക്രാമണ്ണിൽ എം.എം. തോമസ് (ജോയി-75) അന്തരിച്ചു.

**തിരുവല്ല:** പാറയിൽ കളത്തിൽ മറിയാമ്മ ഏബ്രഹാം (75) അന്തരിച്ചു.

**അടൂർ:** തബലിസ്റ്റും അധ്യാപകനുമായ അഖിലേഷ് രുദ്ര (45) അന്തരിച്ചു.

## അന്നമ്മ ഏബ്രഹാം

**കോട്ടയം:** പള്ളം കാട്ടുത്തറ (മമ്പലത്ത്) അന്നമ്മ ഏബ്രഹാം (91) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭർത്താവ് തിരുവല്ല കറ്റോട് വെള്ളയാംപള്ളിയിൽ പരേതനായ റിട്ട. ലഫ്റ്റനന്റ് കേണൽ എം.സി. ഏബ്രഹാം. മക്കൾ: അനു (ബെംഗ്ളൂരു), അജു (യുകെ), അഞ്ജന (ദുബായ്). മരുമക്കൾ: രാമമംഗലം മംഗഹലത്തേൽ ടി.വി. ഏലിയാസ് (ബെംഗ്ളൂരു), ഇയാൻ ഗസ്റ്റ് (യുകെ), കോട്ടയം കാരിമറ്റം ക്യാപ്റ്റൻ മിറ്റി മാത്യു (ദുബായ്).

## സി.എം. പോൾ

**വഴിത്തല:** വിമുക്ത ഭടനും എസ്ബിഐ റിട്ട. ഉദ്യോഗസ്ഥനുമായ ചേന്നാടിയിൽ സി.എം. പോൾ (86) അന്തരിച്ചു. ഭാര്യ വാഴക്കുളം തോട്ടുപുറം മേരി പോൾ (റിട്ട.അധ്യാപിക). മക്കൾ: സിജു പോൾ, സ്മിത പോൾ (യുഎസ്), മരുമക്കൾ: നെല്ലൂർ സജി മാത്യു, ഇടയാനിക്കാട്ട് ജോഷി ജോസ്.

**ഊന്നുകൽ:** ചീക്കനാൽ വലിയവീട്ടിൽ മലയിൽ കുഞ്ഞമ്മ ഏബ്രഹാം (റെയ്ച്ചൽ-90) അന്തരിച്ചു.

**ഏളയാവൂർ:** കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡണ്ടായിരുന്ന സി.പി. നാരായണൻ നമ്പ്യാർ(97) അന്തരിച്ചു.

**കൊല്ലം:** സംസ്ഥാന ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും കേരള വെറ്ററിനറി കാർഷിക സർവകലാശാലകളുടെ മുൻ വൈസ് ചാൻസലറുമായ ബി. അശോകിന്റെ പിതാവ് കേശവദാസപുരം പിള്ള വീട് കൃഷ്ണപ്രീതിയിൽ സഹകരണ വകുപ്പ് റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ ബി. ബാലസുബ്രഹ്മണ്യം (86) അന്തരിച്ചു.

## എൽ. ദാമോദരൻ

**പാലാ:** ബിഎസ്എൻഎൽ റിട്ട. സീനിയർ ഓഡിറ്റ് ഓഫീസർ നരിയങ്ങാനം ഓട്ടക്കാഞ്ഞിരത്തിങ്കൽ എൻ. ദാമോദരൻ (81) യുഎസിൽ അന്തരിച്ചു. ഭാര്യ പരേതയായ സി.ആർ. ചന്ദ്രലേഖ. മക്കൾ: ദിവ്യ ദാമോദരൻ (യുഎസ്), ധന്യ ദാമോദരൻ (ദുബായ്). മരുമക്കൾ: ബിജു (യുഎസ്), വിനു (ദുബായ്).

**ആർപ്പൂക്കര:** തോട്ടിൽ എൻ.പി. മാത്യു (കുഞ്ഞച്ചൻ -78) അന്തരിച്ചു.

**കളത്തിൽപ്പടി:** കൊച്ചിൻ കോർപ്പറേഷൻ റിട്ട. ഉദ്യോഗസ്ഥ പിള്ളച്ചിറയിൽ ടി.സി. അന്നമ്മ (86) അന്തരിച്ചു.

**മീനടം:** പുല്ലിക്കോട്ട് ജോസഫ് ഈപ്പൻ (കുഞ്ഞൂഞ്ഞ് -89) അന്തരിച്ചു.

**മല്ലപ്പള്ളി:** കുമ്പളന്താനം മാർക്കാവിൽ ബേബി മാത്യു (87) അന്തരിച്ചു.

**പന്തളം:** പുഴിക്കാട് കിഴക്കേ പുത്തൻവീട്ടിൽ മറിയാമ്മ ഡാനിയേൽ (തങ്കമ്മ-93) അന്തരിച്ചു.

## ഡോ. കെ.എ. സുകുമാരപിള്ള

**പത്തനംതിട്ട:** ജനറൽ ആശുപത്രി റിട്ട. സൂപ്രണ്ട് കരിമ്പനാക്കുഴി പത്മത്തിൽ ഡോ. കെ.എ. സുകുമാരപിള്ള (90) അന്തരിച്ചു. തൊടുപുഴ തയ്യക്കൊടത്ത് കുടുംബാംഗമാണ്. ഭാര്യ തിരുവനന്തപുരം ഗാന്ധാരി അമ്മൻ കോവിൽ പുളിന്താനത്ത് പരേതയായ ആർ. പത്മകുമാരി. മക്കൾ: ഡോ. സഞ്ജയ്പിള്ള (യുകെ), ഡോ. വിനയ്പിള്ള (കടവന്ത്ര), ഡോ. അജയ്പിള്ള (യുഎസ്). മരുമക്കൾ: ഡോ. ദീപ സുമുഖദാസ് (യുകെ), ഡോ. രാജശ്രീ (ആസ്റ്റർ കൊച്ചി), ഡോ. സമ്മർ റാങ്കിൻ (യുഎസ്).

**സൗത്ത് പാമ്പാടി:** ഭിലായ് സ്റ്റീൽ പ്ലാന്റ് മുൻ ഉദ്യോഗസ്ഥൻ പാലാക്കുന്നേൽ ഐക്കരേട്ട് തുരുത്തിപ്പറമ്പിൽ ടി.എസ്. ജോസഫ് (ഔസേപ്പച്ചൻ-92) അന്തരിച്ചു.

## കെ.ജെ. ദേവസ്യ

**ചെമ്പനോട:** കാഞ്ഞിരക്കാട്ടുതൊട്ടിയിൽ കെ.ജെ. ദേവസ്യ (കുഞ്ഞപ്പൻ വൈദ്യർ-90) അന്തരിച്ചു. ഭാര്യ ശോശാമ്മ വാകാനിയിൽ (പടത്തുകടവ്). മക്കൾ: സാബു, സിബു (യുകെ), സിന്ധു, സന്ധ്യ. മരുമക്കൾ: ഷൈനി വട്ടോട്ടുതറപ്പേൽ (ചക്കിട്ടപാറ), ജെസ്സി കപ്പലുമാക്കൽ (യുകെ), ഷാജു കാട്ടാംക്കോട്ടിൽ (ചെമ്പുകടവ്), ജീവൻ കുന്നിപ്പറമ്പിൽ (ചെമ്പനോട്). സഹോദരങ്ങൾ: ജോസുകുട്ടി, ജോൺകുട്ടി, ജെയിംസുകുട്ടി (യുഎസ്), ശാന്തമ്മ, പരേതരായ ജോർജുകുട്ടി, തോമസ്.

**വൈക്കം:** വടയാർ വെള്ളാനിക്കൽ വി.ജെ. ജോസഫ് (പാപ്പച്ചൻ-76) അന്തരിച്ചു.

**കുറിച്ചി:** റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ പായിത്തോട്ടയിൽ പി.കെ. പൊന്നപ്പൻ (84) അന്തരിച്ചു.

**കിടങ്ങൂർ സൗത്ത്:** കടമുറിയിൽ ഏലിയാമ്മ ചാക്കോ (96) അന്തരിച്ചു.

**ഉപ്പുതറ:** റിട്ട. അധ്യാപകൻ ആലടി കോഴിമണ്ണിൽ കെ.ജെ. ജോൺ (82) അന്തരിച്ചു.

**മല്ലപ്പള്ളി:** മാരിക്കൽ വളവുങ്കൽ വീട്ടിൽ തോമസ് കുര്യൻ (തമ്പി-75) അന്തരിച്ചു.

**കല്ലൂപ്പാറ:** പേരാലുമൂട്ടിലായ മാമ്മൂട്ടിൽ എം.സി. നൈനാൻ (87) അന്തരിച്ചു.

**കോതമംഗലം:** തിരുവനന്തപുരം സർവോദയ വിദ്യാലയത്തിലെ ആദ്യവനിതാ അധ്യാപിക ചങ്ങനാശേരി കുറുമ്പനാടം കാവുങ്കൽ ലിസി ജോസഫ് (89) അന്തരിച്ചു.

**മല്ലപ്പള്ളി:** ആനിക്കാട് കാവുങ്കൽ ചെറിയാൻ തോമസ് (ബാബു-69) അന്തരിച്ചു.

**കോത്തല:** വിമുക്തഭടൻ കല്ലടയിൽ കെ.പി. വർഗീസ് (കുഞ്ഞ്-88) അന്തരിച്ചു.

**റാന്നി:** ഇടമൺ തടത്തിൽ പറമ്പിൽ പെണ്ണമ്മ ജോൺ (82) അന്തരിച്ചു.

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

### Favors Received



*Inserted by: Firm Believer, Boston*

### Favors Received



*Inserted by: Firm Believer, Boston*

# LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

### Favors Received



*Inserted by: Firm Believer, Atlanta*

### Favors Received



*Inserted by: Firm Believer, Atlanta*

**Visit Our Website: www.keralaexpress.com for Classified Advt.**




# ഉർവശിയും ജോജു ജോർജും ആദ്യമായി ഒന്നിച്ചഭിനയിക്കുന്ന ആശയുടെ റിലീസ് അനൗൺസ്മെന്റ് പോസ്റ്റർ പുറത്ത്

ഉർവശിയുടെയും ജോജുവിന്റെയും പാതി മുഖങ്ങളാണ് പോസ്റ്ററിൽ അവതരിപ്പിച്ചിരിക്കുന്നത്. സെപ്റ്റംബർ നാലിനാണ് സിനിമയുടെ വേൾഡ് വൈഡ് റിലീസ്. ദുരൂഹതയും ആകാംക്ഷയും നിറയ്ക്കുന്ന വ്യത്യസ്തമായൊരു ഡിസൈനിലാണ് അണിയറപ്രവർത്തകർ പോസ്റ്റർ ഒരുക്കിയിരിക്കുന്നത്.

നായികയുടെ മുഖം പാതി മറയുമ്പോൾ അതിനുള്ളിൽ നിന്നും നായകന്റെ പകുതി മുഖം വെളിപ്പെടുന്ന ദൃശ്യം പോസ്റ്ററിലെ പ്രധാന ആകർഷണമാണ്.

ഇരുകഥാപാത്രങ്ങളും തമ്മിലുള്ള ആഴത്തിലുള്ള ബന്ധത്തെയോ അല്ലെങ്കിൽ കഥയിലെ പ്രധാന സസ്പെൻസിനെയോ ആണ് ഇത് സൂചിപ്പിക്കുന്നത്. ഐശ്വര്യ ലക്ഷ്മി, വിജയരാഘവൻ, 'പണി' ഫെയിം രമേഷ് ഗിരിജ തുടങ്ങിയവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിലുണ്ട്.

അഞ്ച് ഭാഷകളിലാണ് ചിത്രം പുറത്തിറങ്ങുന്നത്. അജിത് വിനായക ഫിലിംസ് അവതരിപ്പിക്കുന്ന ചിത്രം വിനായക അജിത് ആണ് നിർമിക്കുന്നത്. പൊൻമാൻ, ഗഗനചാരി, ബാന്ദ്ര, മദനോത്സവം, സർക്കീട്ട് തുടങ്ങിയ ശ്രദ്ധേയ സിനിമകൾക്ക് ശേഷം അജിത് വിനായക ഫിലിംസിന്റേതായി എത്തുന്ന ചിത്രമാണ് ആശ.




സിനിമയുടെ ടൈറ്റിൽ ലുക്ക് പോസ്റ്ററും അടുത്തിടെ അണിയറപ്രവർത്തകർ പുറത്തിറക്കിയിരുന്നു. നടി ഉർവശിയുടെ വേറിട്ട വേഷപ്പകർച്ചയുമായി ആശയുടെ ഫസ്റ്റ് ലുക്ക് അടുത്തിടെ പുറത്തുവിട്ടിരുന്നത് ഏറെ ശ്രദ്ധ നേടിയിരുന്നു.

ചിത്രം കഥയെഴുതി സംവിധാനം ചെയ്യുന്നത് നവാഗതനായ സഫർ സനലാണ്. ജോജു ജോർജ്ജും രമേഷ് ഗിരിജയും സഫർ സനലും ചേർന്നാണ് തിരക്കഥ, സംഭാഷണം ഒരുക്കുന്നത്. ഛായാഗ്രഹണം: മധു നീലകണ്ഠൻ, എഡിറ്റർ: ഷാൻ മുഹമ്മദ്, സംഗീതം: ഗോവിന്ദ് വസന്ത, സൗണ്ട് ഡിസൈൻ ആൻഡ് സിങ്ക് സൗണ്ട്: അജയൻ അടാട്ട്, പ്രൊഡക്ഷൻ ഡിസൈനർ: വിവേക് കളത്തിൽ, മേക്കപ്പ്: ഷമീർ ഷാം. കോസ്റ്റ്യൂം: സുജിത്ത് സി. എസ്, സ്റ്റണ്ട്: ദിനേഷ് സുബ്ബരായൻ, പ്രൊഡക്ഷൻ കൺട്രോളർ: ഷബീർ മാലവട്ടത്ത്, ചീഫ് അസോസിയേറ്റ്: രതീഷ് പിള്ള, അസ്സോസിയേറ്റ്സ്: ജിജോ ജോസ്, ഫെബിൻ എം. സണ്ണി, അസോ. ക്യാമറ: ബിനു, സൗണ്ട് മിക്സിങ്ങ്: തപസ് നായക്, ഡി.ഐ: കളർ പ്ലാനറ്റ് സ്റ്റുഡിയോസ്, കളറിസ്റ്റ്: ശ്രീക് വാര്യർ, വിഎഫ്എക്സ്: മെരാകി, ഡിസൈൻസ്: യെല്ലോ ടൂത്ത്സ്.

## ജൂഡ് ആന്റണിക്ക് ആഡംബര വാച്ച് സമ്മാനിച്ച് സുചിത്ര മോഹൻലാൽ

ആന്റണി പെരുമ്പാവൂർ നിർമിച്ച് ജൂഡ് ആന്റണി ജോസഫ് സംവിധാനം ചെയ്യുന്ന തുടക്കം എന്ന ചിത്രം ഏഴിന് പ്രദർശനത്തിനെത്തി. വിസ്മയയുടെ ആദ്യ ചിത്രവും മോഹൻലാലിന്റെ സാന്നിധ്യവുമായി പ്രശസ്തി നേടിയ ചിത്രമാണ് തുടക്കം. ദിനേശ് പ്രഭാകർ, ജാഫർ ഇടുക്കി, കോട്ടയം രമേഷ്, ജിബിൻ ഗോപിനാഥ്, ശിവദാസ് കണ്ണൂർ, ജയ്സ് ജോസ്, ജയാ കുറുപ്പ്, അശ്വിനി വിജയൻ എന്നിവരും പ്രധാന വേഷങ്ങളിൽ. ലിനീഷ് നെല്ലിക്കൽ, അഖിൽ കൃഷ്ണ, ജൂഡ് ആന്റണി ജോസഫ് എന്നിവരുടേതാണ് തിരക്കഥ. സംഗീതം ജെയ്ക്സ് ബിജോയ്. സംവിധായകൻ ജൂഡ് ആന്റണി ജോസഫിന് ആഡംബര വാച്ച് സമ്മാ




നിച്ച് സുചിത്ര മോഹൻലാൽ. ജൂഡ് തന്നെയാണ് ഇക്കാര്യം സമൂഹമാധ്യമങ്ങളിലൂടെ ആരാധകരെ അറിയിച്ചത്. ലോകത്തിന് അവർ ഒരുപക്ഷേ അമ്മയും മകളും ആയിരിക്കാം. പക്ഷേ, എനിക്ക് അവർ എല്ലായ്പ്പോഴും എന്റെ ചേച്ചിയും കുഞ്ഞനുജത്തിയുമാണ്. തുടക്കം കണ്ടതിനുശേഷം സുചി ചേച്ചി എനിക്കു നൽകിയ സമ്മാനമാണ് രണ്ടാമത്തെ ചിത്രത്തിലുള്ളത്. ജീവിതകാലം മുഴുവൻ ഈ സ്നേഹവും കരുതലും ഞാൻ എന്നും മനസ്സിൽ താലോലിക്കും.

"ചേച്ചീ, നിങ്ങളുടെ സ്നേഹത്തിനും പ്രോത്സാഹനത്തിനും ഈ മറക്കാനാവാത്ത ഓർമയ്ക്കും ഹൃദയം നിറഞ്ഞ നന്ദി" ജൂഡ് കുറിച്ചു.

വിസ്മയയ്ക്കും സുചിത്ര മോഹൻലാലിനും ഒപ്പം നിന്നെടുത്ത ഫോട്ടോയും സുചിത്ര സമ്മാനിച്ച വാച്ച് ധരിച്ച ഫോട്ടോയും ജൂഡ് കുറിപ്പിനൊപ്പം പങ്കുവെച്ചു. സ്വിസ്സ് ലക്ഷ്വറി ബ്രാൻഡായ ബൗം ആൻഡ് മഴ്സ്യേയുടെ വാച്ചാണ് സുചിത്ര മോഹൻലാൽ ജൂഡിന് സമ്മാനിച്ചത്. ഏകദേശം ഒരു ലക്ഷം മുതൽ നാല് ലക്ഷം വരെയാണ് ഈ മോഡലിലുള്ള വാച്ചിന്റെ വില.

## 'ഞൊടി'യുടെ ടൈറ്റിൽ റിവീൽ പോസ്റ്റർ പുറത്തിറങ്ങി




നവാഗതനായ ജെ.എസ്. ജിതിൻ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ അൽ അമീനും ലുക്മാനും ചന്തു സലിംകുമാറും മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.


ജയ ജയ ജയ ഹേ, ഫാലിമി എന്നീ സൂപ്പർ ഹിറ്റ് ചിത്രങ്ങൾ നിർമിച്ച സൂപ്പർ ഡൂപ്പർ ഫിലിംസിന്റെ ബാനറിൽ അമൽ പോൾസണും ഒപ്പം മിഡ്നൈറ്റ് സൺ ഫിലിംസിന്റെ ബാനറിൽ ടോണി ജോസും ചേർന്നാണ് 'ഞൊടി' നിർമിക്കുന്നത്.

വാഴ, എക്കോ, വാഴ 2 എന്നീ മെഗാ ഹിറ്റ് ചിത്രങ്ങൾ വിതരണം ചെയ്ത ഐക്കൺ സിനിമാസ് 'ഞൊടി' തിയറ്ററുകളിലെത്തിക്കും. വ്യത്യസ്തമായ ഡിസൈനും കൗതുകം ജനിപ്പിക്കുന്ന ടാഗ്ലൈനും കൊണ്ട് വളരെ വേഗം ശ്രദ്ധ നേടുകയാണ് 'ഞൊടി'യുടെ ടൈറ്റിൽ റിവീൽ പോസ്റ്റർ.

പോസ്റ്ററിൽ കാണുന്ന "Looping Soon!" എന്ന സൂചനയും "One More Time" എന്ന ടാഗ്ലൈനും സിനിമ ഒരു ടൈം-ലൂപ്പ് കഥയാണോ എന്ന ചർച്ചകൾക്ക് വഴിവെച്ചിരിക്കുകയാണ്. ഓരോ നിമിഷവും വീണ്ടും ആവർത്തിക്കപ്പെടുന്ന ഒരു ലോകമാണോ 'ഞൊടി' പറയുന്നത്? അതോ മറ്റെന്തെങ്കിലും അപ്രതീക്ഷിതമായ കഥാപശ്ചാത്തലമാണോ പ്രേക്ഷകരെ കാത്തിരിക്കുന്നത്? കൂടുതൽ വിവരങ്ങൾക്കായി ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് സിനിമാപ്രേമികൾ.




# എ.ആർ. റഹ്മാന്റെ അസിസ്റ്റന്റ് കമൽ പ്രശാന്ത് ഇനി മലയാളത്തിൽ




ഓസ്കർ ജേതാവായ എ.ആർ. റഹ്മാന്റെ സംഗീത സഹായിയായി പ്രവർത്തിച്ച കമൽ പ്രശാന്ത് രാജീവ് കൃഷ്ണ സംവിധാനം ചെയ്യുന്ന വിസിൽ എന്ന ചിത്രത്തിലൂടെ മലയാളത്തിൽ അരങ്ങേറ്റം കുറിക്കുന്നു. ഷാദിൽ നീനു പ്രൊഡക്ഷൻ ഹൗസിന്റെ ബാനറിൽ ഷാദിൽ മജീദ് നിർമിക്കുന്ന ഈ ചിത്രത്തിന്റെ രചന വിനോദ് ഗുരുവായൂർ നിർവഹിക്കുന്നു.

'വിസിൽ' എന്ന ചിത്രത്തിലൂടെ കമൽ പ്രശാന്തിന്റെ സംഗീതം മലയാളി പ്രേക്ഷകരിലേക്ക് എത്തുകയാണ്. മലപ്പുറത്തിന്റെ ആവേശകരമായ സെവൻസ് ഫുട്ബോൾ സംസ്കാരത്തെ പശ്ചാത്തലമാക്കി വമ്പൻ ക്യാൻവാസിൽ തീവ്രമായ സൗഹൃദത്തിന്റെയും ഫുട്ബോൾ കളിയോടുള്ള ഭ്രാന്തമായ സ്നേഹത്തിന്റെയും സംഭവബഹുലമായ കഥയുമായി നവാഗതനായ രാജീവ് കൃഷ്ണ സംവിധാനം ചെയ്യുന്ന ചിത്രമാണ് വിസിൽ. മലയാളത്തിലെ പ്രമുഖ താരങ്ങൾക്കൊപ്പം ഫുട്ബോൾ താരങ്ങളും പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു. ഷാദിൽ നീനു പ്രൊഡക്ഷൻ ഹൗസിന്റെ ഈ ആദ്യ ചിത്രത്തിൽ കാമറ തെലുങ്ക് സിനിമാരംഗത്ത് ശ്രദ്ധേയനായ അഷ്കർ അലി നിർവഹിക്കുന്നു. സംസ്ഥാന അവാർഡ് ജേതാവ് സൂരജ് ഇ.എസ്. എഡിറ്റിംഗ് നിർവഹിക്കുന്നു.

സംസ്ഥാന അവാർഡ് ജേതാവായ മനോജ് അങ്കമാലി മേക്കപ്പ് കൈകാര്യം ചെയ്യുന്നു. പോർച്ചുഗൽ അവൻക ഇന്റർനാഷണൽ ഫെസ്റ്റിവൽ അവാർഡ് ജേതാവായ വിനോദ് രവീന്ദ്രൻ കലാസംവിധാനം നിർവഹിക്കുന്നു.

വസ്ത്രാലങ്കാരം-ഗായത്രി കിഷോർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ഷൈൻ കെ.എസ്, ആക്ഷൻ-അഷ്റഫ് ഗുരുക്കൾ, പ്രൊഡക്ഷൻ കൺട്രോളർ-റിന്നി ദിവാകർ, ക്രിയേറ്റീവ് കോൺട്രിബ്യൂട്ടർ-മുരളി ഗിന്നസ്, സ്റ്റിൽസ്-ഷഹദ് ഹുസൈൻ, പബ്ലിസിറ്റി ഡിസൈനർ-ആന്റണി സ്റ്റീഫൻ. ഉടൻ ചിത്രീകരണം ആരംഭിക്കുന്ന ഈ ചിത്രത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തിയാകുന്നു.

# കരിമ്പടം തിയറ്ററുകളിൽ

അനസ് സൈനുദ്ദീൻ, തീർത്ഥ ഹരിദേവ്, ജെസൻ ജോസഫ്, അനീഷ് പൊന്നപ്പൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അംലാദ് ജലീൽ സംവിധാനം ചെയ്യുന്ന കരിമ്പടം എന്ന ചിത്രം പ്രദർശനത്തിനെത്തി.

സുനിൽ സി.പി, വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ കല ആയൂർ, അജയഹരി തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

നിരവധി ദേശീയ-അന്തർദേശീയ അവാർഡുകൾ നേടിയ ഈ ചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം-അനസ് സൈനുദീൻ എഴുതുന്നു. ശ്രീജിത്ത് മനോഹരൻ ഛായാഗ്രഹണം നിർവഹിക്കുന്നു. അനസ് സൈനുദീൻ, കല, മേക്കപ്പ്-ഉണ്ണികൃഷ്ണൻ കല, വസ്ത്രാലങ്കാരം-ജേഷ്മ ഷിനോജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അൽ അമീൻ ഷാജഹാൻ, എഡിറ്റർ-സൂരജ് പ്രഭ, ബിജിഎം-ശ്രാവൺ കലൈ, സൗണ്ട് ഡിസൈൻ-കരുൺ പ്രസാദ്, നവാസ് മജീദ്, കളറിസ്റ്റ്-സുരേഷ് സി, സൗണ്ട് മിക്സ്-രാജേഷ്, പബ്ലി




ൻ അഞ്ചൽ, ശരിക സ്റ്റാലിൻ, ജീവൻ നവോദയ, സനോജ് നടയിൽ, ജിബിൻ ജോയ്, അനീഷ് വി. ശിവദാസ്, ഷിബിന അമീർജാൻ, അമ്മവീട്ടിൽ രാജേഷ്, ബിന്ദു ചന്ദ്ര, സാവിത്രി ചേത്തല്ലൂർ, രതീഷ് നീനക്കൽ, ശ്രീകുമാർ മാടവൂർ, സജീന കൊല്ലം, രമ്യ മനോജ്, അഡ്വ. അനിൽകുമാർ, സാബു തിരുമല, റിജാസ് കൊല്ലം, ആർ.കെ. രാജ, അബ്ദുൽ ഖാദർ, ബിനു ബി. ചന്ദ്രൻ, ഗോപകുമാർ അടൂർ, ശ്രീലക്ഷ്മി, കാശിനാഥ് ചന്ദ്രൻ ആർ, എൻ.കെ. ആർ മൗലി, സിദ്ധാൻ, ആനന്ദു തേവന്നൂർ, സന്തോഷ് കൊട്ടുക്കൽ, ദിലീപ് ആയൂർ, രശ്മി ആര്യ അമ്പാട്ട് എന്നിവർ എഴുതിയ വരികൾക്ക് അനസ് സൈനുദീൻ, നിഖിൽ മാധവ് എന്നിവർ സംഗീതം പകരുന്നു.


സിറ്റി ഡിസൈൻ-ആരോമൽ ചന്ദ്രൻ, മാർക്കറ്റിംഗ് ആൻഡ് കമ്യൂണിക്കേഷൻ-ഗോവിന്ദ് പ്രഭാകർ, വിഎഫ്എക്സ്-അജയ് ക്രൂസ്.

# ഉന്മാദം തിയറ്ററുകളിലെത്തി

കുഞ്ചാക്കോ ബോബനും ലിജോമോൾ ജോസും ആദ്യമായി ഒന്നിക്കുന്ന ഉന്മാദം തിയറ്ററുകളിലെത്തി. കിരൺ ദാസ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ രചന ഷാഹി കബീർ.

സിദ്ദിഖ്, സുധീഷ്, വിശാഖ് നായർ, സാബു മോൻ, കോട്ടയം നസീർ, ജീജോയ് രാജഗോപാൽ തുടങ്ങിയവരും അണിനിരക്കുന്നു.

നിർമാണം-കുമാർ മംഗത് പഥക്, അഭിഷേക് പഥക്. ഛായാഗ്രഹണം-അർജുൻ സേതു, സംഗീതം-മുജീബ് മജീദ്.




# ലോ ആൻഡ് ഓർഡർ

രഞ്ജിത്ത് സംവിധാനം ചെയ്യുന്ന ലോ ആൻഡ് ഓർഡർ സെപ്റ്റംബർ നാലിന് തിയറ്ററുകളിലെത്തും. കൊച്ചി നഗരത്തിന്റെ പശ്ചാത്തലത്തിൽ ഒരു പോലീസ് സ്റ്റോറി ആക്ഷൻ, മാസ് എന്റർടെയ്നറായി അവതരിപ്പിക്കുകയാണ്. പ്രേമചന്ദ്രൻ എ.ജി, മഹാ സുബൈർ എന്നിവരാണു നിർമാണം. പ്രകാശ് വർമയും അഭിരാമിയും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഋതു ദേവ് അയ്യപ്പൻ, ഷനൂദ് ഇബ്രാഹിം, ഡോൺ മൈക്കിൾ, സജൻ സുദർശൻ, നിജാദ് ബാബു തോമസ്, ഷെർഷ ഷെരീഫ്, റിനോഷ് ജോർജ്, അമൽ ജോസ് ആന്റണി, ബോബി കുര്യൻ, വി.കെ. പ്രകാശ്, സുരേഷ് കൃഷ്ണ, ജോയ് മാത്യു, ദേവൻ, ആനന്ദ് മൻമഥൻ, ജോണി ആന്റണി, ഭീമൻരഘു, നന്ദു തുടങ്ങിയവർ മറ്റു വേഷങ്ങളിൽ.

# കോഴിക്കോട്–ബെംഗളൂരു ബസ് മറിഞ്ഞ് ഡ്രൈവറും കണ്ടക്ടറും മരിച്ചു

കോഴിക്കോട്: കോഴിക്കോട്ടുനിന്നു ബെംഗളൂരുവിലേക്കുള്ള കെഎസ്ആർടിസി ഡീലക്സ് ബസ് നിയന്ത്രണം വിട്ടു മറിഞ്ഞു ഡ്രൈവറും കണ്ടക്ടറും മരിച്ചു. പരുക്കേറ്റ 20 പേരിൽ രണ്ട് പേരുടെ നില ഗുരുതരം.

ലെ താൽക്കാലിക ഡ്രൈവർ കച്ചേരി വെള്ളയിൽ കുന്നത്തുതാഴം വയൽ അജിത നിവാസിൽ കെ. മിഥിലേഷ് (31), കണ്ടക്ടർ ചേവായൂർ നെച്ചോളി മീത്തൽ എൻ.എം. അരുൺ (53) എന്നിവരാണു മരിച്ചത്. ഇരുവരും കോഴിക്കാണിക്കാരില്ലെന്നും ചില ജീവനക്കാർ പറയുന്നു.

ആരോപണങ്ങൾ: തൊട്ടുമുൻപുള്ള ദിവസം മൈസൂരുവിൽനിന്നു കോഴിക്കോട് സർവീസ് ഓടിച്ചെത്തിയ മിഥിലേഷിനെ അന്നു രാത്രിതന്നെ ബെംഗളൂരുവിലേക്കുള്ള ദീർഘദൂര സർവീസിന് വീണ്ടും അയച്ചു. ഉറക്കക്ഷീണമുണ്ടാകാം. ദീർഘദൂര ബസുകളിൽ രണ്ട് ജോലിയും ചെയ്യാൻ കഴിയുന്ന രണ്ട് കണ്ടക്ടർ കം ഡ്രൈവർമാരുണ്ടാകണമെന്നതു പാലിച്ചില്ല. സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലേക്കുള്ള എല്ലാ സൂപ്പർ ക്ലാസ് സർവീസുകളിലും പരിചയസമ്പന്നരായ സ്ഥിരം ഡ്രൈവർമാരെ നിയോഗിക്കണമെന്നാണ്. ഇതു പറ്റുന്നില്ലെങ്കിൽ മാത്രം സീനിയോറിറ്റി അനുസരിച്ച്, ഏറ്റവും പരിചയസമ്പന്നരായ താൽക്കാലികക്കാരെ ഡ്യൂട്ടിക്കു വിടണം. എന്നാൽ, അഞ്ച് മാസം മുൻപു ജോലിക്കു കയറിയ മിഥിലേഷിനെ വിട്ടു. 11 വർഷമായ ബസിന്റെ കാലപ്പഴക്കവും അപകടത്തിനിടയാക്കി.



23 യാത്രക്കാരുമായി ഓഗസ്റ്റ് ഏഴിനു വെള്ളിയാഴ്ച രാത്രി 9.30–നു കോഴിക്കോട്ടുനിന്നു പുറപ്പെട്ട ബസ് ആഗസ്റ്റ് എട്ടിന് രാവിലെ 6.30–നു ബെംഗളൂരു–മൈസൂരു എക്സ്പ്രസ് വേയിൽ ബിഡദിക്കു സമീപമാണ് അപകടത്തിൽപെട്ടത്. ഡിവൈഡറിലേക്കു പാഞ്ഞുകയറി സൈൻ ബോർഡിന്റെ ഇരുമ്പുതൂണ് ഇടിച്ചുതകർത്ത് തലകീഴായി മറിഞ്ഞ ബസ് പൂർണമായി തകർന്നു. കോഴിക്കോട് ഡിപ്പോയിട് സ്വദേശികൾ. ഡ്രൈവർ ഉറങ്ങിപ്പോയതാകാമെന്നു പോലീസ് പറഞ്ഞു.

അതേസമയം, ആവശ്യത്തിനു വിശ്രമം നൽകാതെ തുടർച്ചയായി ഡ്യൂട്ടിക്കു നിയോഗിച്ചതാണ് അപകടത്തിലേക്കു നയിച്ചതെന്നും താൽക്കാലിക ഡ്രൈവറെ ചട്ടം ലംഘിച്ചാണു ദീർഘദൂര സർവീസിന് അയച്ചതെന്നും കെഎസ്ആർടിസി ഡ്രൈവർമാർ ആരോപിച്ചു. ദീർഘദൂര സർവീസ് ഓടിക്കാൻ സ്ഥിരം ഡ്രൈവർമാർ താൽപര്യം കാ

# 11 വർഷത്തിനിടെ 469 ജീവൻ കടലെടുത്തു; 160 പേരെ കാണാതായി

തിരുവനന്തപുരം: കേരള തീരത്തുനിന്ന് കടലിൽ പോയി കഴിഞ്ഞ 11 വർഷത്തിനിടെ അപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞത് 469 മത്സ്യത്തൊഴിലാളികൾ. കടലിൽ കാണാതായത് 160 മത്സ്യത്തൊഴിലാളികളെയാണ്. 10 ദിവസം മുമ്പ് കാണാതായ രണ്ട് മത്സ്യത്തൊഴിലാളികളുടെയും ചവറ പുത്തൻതുറയിൽ നിന്നു കാണാതായ ഒരു മത്സ്യത്തൊഴിലാളിയുടെയും കണക്ക് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവർക്കുവേണ്ടി നാവികസേന കടലിൽ പരിശോധന നടത്തിവരികയാണ്. ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികൾ പല കാരണങ്ങളാൽ അപകടങ്ങളിൽപ്പെടുകയും മരണമടയുകയോ കാണാതാവുകയോ ചെയ്യുന്നുണ്ട്. കാണാതാകുന്നവരെക്കുറിച്ചുള്ള അന്വേഷണം ഒരു ഘട്ടം കഴിയുമ്പോൾ നിലയ്ക്കുകയാണ് സാധാരണ പതിവ്. കാണാതായവരുടെ കുടുംബങ്ങൾക്ക് സർക്കാർ തലത്തിലോ ഫിഷറീസ് വകുപ്പിൽ നിന്നോ കാര്യമായി സഹായമൊന്നും ലഭിക്കാറില്ലെന്ന് മത്സ്യത്തൊഴിലാളികൾ കുറ്റപ്പെടുത്തുന്നു.

അടുത്തിടെ കടലിൽ രണ്ടിടങ്ങളിൽ നിന്ന് കാണാതായ മൂന്നു മത്സ്യത്തൊഴിലാളികൾക്കായുള്ള തെരച്ചിൽ കാര്യക്ഷമമല്ലെന്ന് ആരോപിച്ച് തീരദേശത്ത് പ്രതിഷേധം ശക്തമാകുന്നതിനിടെയാണ് ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂറിന്റെ ഓഫീസിൽ നിന്ന് കണക്കുകൾ പുറത്തുവന്നത്.

2015–16 മുതൽ 2025–26 വരെയുള്ള കാലയളവിൽ കേരള മറൈൻ ഫിഷിങ് റെഗുലേഷൻ എൻഫോഴ്സ്മെന്റിന്റെ കീഴിൽ 23,000 പട്രോളിംഗ് പ്രവർത്തനങ്ങളും 5072 രക്ഷാപ്രവർത്തനങ്ങളും നടത്തുകയും 47,773 മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി കരയ്ക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. 2017–18 വർഷത്തിലാണ് ഏറ്റവും കൂടുതൽ മരണങ്ങൾ റിപ്പോർട്ട് ചെയ്തത്–79 പേർ. കാണാതായവരുടെ എണ്ണത്തിലും 2017–18–ലാണ് ഏറ്റവും ഉയർന്ന കണക്ക് രേഖപ്പെടുത്തിയത്–29 പേർ. ഈ വർഷം 55 പേർ മരണപ്പെടുകയും മൂന്നു പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്.

# വേമ്പനാട്ടുകായലിൽ പുതിയ പദ്ധതിയുമായി തണ്ണീർത്തട അതോറിറ്റി

കോട്ടയം: വേമ്പനാട്ടുകയലിലെ പോള വേർതിരിച്ചു ശേഖരിച്ച് വിവിധോപയോഗ കട്ടകളാക്കിമാറ്റി കരയ്ക്കെത്തിക്കുന്ന പദ്ധതിയുമായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി. പോളശല്യത്തിന് ശാശ്വത പരിഹാരമാകുമെന്നു കരുതുന്ന പദ്ധതിയുടെ പരീക്ഷണഘട്ടത്തിന് അടുത്തമാസം തുടക്കമാകും.

കുമരകത്തെ നാലുപങ്ക് ബോട്ട് ടെർമിനലിനു സമീപം പൊന്നാടൻ കായൽക്കൊത മുതൽ വടക്കോട്ട് സൂരി റിസോർട്ടിന്റെ തെക്കുവശം വരെ നാല് കിലോമീറ്റർ കായൽത്തീര ഭാഗത്താണ് പദ്ധതി ആരംഭിക്കുക. ഇവിടെ ഒരു കിലോമീറ്ററോളം വീതിയിൽ പോള നിറഞ്ഞുകിടക്കുകയാണ്.

വേമ്പനാട്–കോൾ റാംസർ തണ്ണീർത്തട സഞ്ചയ സമഗ്ര പരിപാലന പദ്ധതിയുടെ ഭാഗമായാണ് ഏഴ് ലക്ഷം രൂപ ചെലവിൽ പരീക്ഷണത്തിന് തുടക്കമിടുന്നത്. കോഴിക്കോട് ആസ്ഥാനമായ ജലവിഭവ പരിപാലന കേന്ദ്രവുമായി (സിഡബ്ല്യുആർഡിഎം) ചേർന്നാണ് പദ്ധതി തയാറാക്കിയത്.

കൊച്ചിയിലെ ഫെറി ട്രസ്റ്റ് ഫൗണ്ടേഷൻ ഫോർ എൻവയൺമെന്റൽ റിസർച് ആൻഡ് ഇന്നവേഷൻ) ആണ് ആധുനിക യന്ത്രസംവിധാനങ്ങൾവെച്ച് പോള വാരുന്നത്. മത്സ്യത്തൊഴിലാളികൾ, കക്ക വാരുന്നവർ, ഹോട്ടലുകൾ, റിസോർട്ടുകൾ തുടങ്ങിയവരുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

സൗരോർജത്തിൽ പ്രവർത്തിക്കുന്ന ബോട്ടിന്റെ റോബട്ടിക് കൈകൾ ഉപയോഗിച്ച് പോള വാരി, പ്ലാസ്റ്റിക് വസ്തുക്കളും മറ്റു മാലിന്യങ്ങളും വേർതിരിക്കും. ബോട്ടിൽവെച്ചുതന്നെ പോളകളിലെ ജലാംശവും വായുവും കളഞ്ഞ് ഉയർന്ന മർദത്തിൽ അമർത്തി, കട്ടകളാക്കും. ഇവ കരയിലേക്കു കൊണ്ടുവരും.

പൊടിച്ച് മണ്ണിനൊപ്പം ചേർക്കാവുന്ന ഈ കട്ടകൾ ജൈവസമ്പുഷ്ടീകരണത്തിന് ഉപയോഗിക്കാം. ചെടിച്ചട്ടികളിലും മറ്റും ഈർപ്പം നിലനിർത്താനും വളമായും ഉപയോഗിക്കാം. മറ്റ് ഉപയോഗങ്ങളും ഈ കട്ടകൾക്കുണ്ട്.

# എസ്എൽവി സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഐഎസ്ആർഒ

തിരുവനന്തപുരം: ചെറിയ റോക്കറ്റുകൾ വിക്ഷേപിക്കാൻ തമിഴ്നാട് തൂത്തുക്കുടിയിലെ കുലശേഖരപട്ടണത്ത് ഐഎസ്ആർഒ നിർമിക്കുന്ന സ്മോൾ സാറ്റലൈറ്റ് ലോഞ്ച് കോംപ്ലക്സിന്റെ (എസ്എൽവി) നടത്തിപ്പ് സ്വകാര്യ മേഖലയ്ക്കു കൈമാറുന്നു.


ബഹിരാകാശ മേഖലയിലെ ഇന്ത്യൻ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള ഐഎസ്ആർഒയുടെ സ്ഥാപനമായ ഇൻ–സ്പേസ് ഇതിനായി താൽപര്യപത്രം ക്ഷണിച്ചു. ശ്രീഹരിക്കോട്ടയ്ക്കു പുറത്ത് ഐഎസ്ആർഒയുടെ ആദ്യ ഉപഗ്രഹ വിക്ഷേപണ കേന്ദ്രമാണ് എസ്എൽസി.

ഇന്ത്യൻ ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് താൽപര്യപത്രം ക്ഷണിച്ചത്. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനത്തിന് മൂന്ന് വിക്ഷേപണങ്ങൾവരെയോ പരമാവധി ഒരു വർഷംവരെയോ ആവശ്യമായ സാങ്കേതിക മാർഗനിർദേശം, പ്രവർത്തന പിന്തുണ, പരിശീലനം, സഹായം എന്നിവ ഐഎസ്ആർഒ നൽകും.

കുറഞ്ഞത് ഏഴ് വർഷത്തെ പ്രവർത്തന പരിചയവും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏതെങ്കിലും മൂന്ന് വർഷത്തെ ശരാശരി വാർഷിക വിറ്റുവരവ് 2000 കോടി രൂപയിൽ കൂടുതലുമായ, നിലവിൽ 1000 കോടി രൂപയുടെ ആസ്തിയുള്ള സ്ഥാപനങ്ങൾക്കാണ് അവസരം.

ഐഎസ്ആർഒയുടെ എൽവിഎം 3 ഉൾപ്പെടെയുള്ള റോക്കറ്റുകളുടെ സാങ്കേതികവിദ്യ ഉൾപ്പെടെ സ്വകാര്യ മേഖലയ്ക്കു കൈമാറുന്നതിന്റെ തുടർച്ചയായാണ് വിക്ഷേപണത്തറയും സ്വകാര്യ മേഖലയ്ക്കു വിട്ടുകൊടുക്കുന്നത്. ഐഎസ്ആർഒയുടെ എസ്എസ്എൽവിക്കു പുറമേ സ്വകാര്യമേഖലയിലും ചെറുവിക്ഷേപണ വാഹനങ്ങൾ നിർമിക്കാൻ തുടങ്ങിയതോടെ ശ്രീഹരിക്കോട്ടയിലെ പ്രധാന വിക്ഷേപണത്തറയുടെ തിരക്കു കുറയ്ക്കാനാണു കുലശേഖരപട്ടണത്ത് ഇത്തരം റോക്കറ്റുകൾക്കു മാത്രമായി വിക്ഷേപണ കേന്ദ്രം നിർമിക്കാൻ തീരുമാനിച്ചത്.

# ഡി.വൈ. പാട്ടീൽ അന്തരിച്ചു



പൂണെ: വിദ്യാഭ്യാസ വിചക്ഷണനും മുൻ ഗവർണറുമായിരുന്ന ഡോ. ഡി.വൈ. പാട്ടീൽ (ജ്ഞാനദേവ് യശ്വന്തറാവു പാട്ടീൽ–90) അന്തരിച്ചു. കോലാപ്പൂരിലുള്ള വസതിയിലായിരുന്നു അന്ത്യം. കോലാപ്പൂർ, മുംബൈ, പൂണെ തുടങ്ങിയ നഗരങ്ങളിലായി 182–ലധികം സ്ഥാപനങ്ങളും ഏഴ് കല്പിത സർവകലാശാലകളും അടങ്ങുന്ന ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ശൃംഖലകളിലൊന്നായി വളർന്ന ഡി.വൈ. പാട്ടീൽ ഗ്രൂപ്പിന്റെ സ്ഥാപകനാണ്. വിദ്യാഭ്യാസത്തിനും സാമൂഹിക സേവനത്തിനുമുള്ള സംഭാവനകളെ മാനിച്ച് 1991–ൽ ഇന്ത്യ അദ്ദേഹത്തെ പദ്മശ്രീ നൽകി ആദരിച്ചു. മഹാരാഷ്ട്രയിൽ 'ശിക്ഷൺമഹർഷ്' അല്ലെങ്കിൽ ദീർഘവീക്ഷണമുള്ള വിദ്യാഭ്യാസ വിദഗ്ധനെന്ന നിലയിൽ അറിയപ്പെടുന്ന പാട്ടീൽ, ത്രിപുര, ബിഹാർ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ഗവർണറായി സേവനമനുഷ്ഠിച്ചു.

മഹാരാഷ്ട്ര മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ സതേജ് പാട്ടീൽ, സഞ്ജയ് പാട്ടീൽ, അജിങ്ക്യ പാട്ടീൽ, വിജയ് പാട്ടീൽ, ഡോ. നന്ദിത പാൽഷേത്കർ എന്നിവർ മക്കളാണ്.

# അർജുൻ ആയങ്കി റിമാൻഡിൽ

(3–ാം പേജിൽനിന്നും)

അർജുൻ സഞ്ചരിച്ചെന്നു സംശയിക്കുന്ന കാർ എട്ടിനു ദീപ്തിയുടെ ചിറക്കൽ പനങ്കാവിലെ വീട്ടിൽ കണ്ടെത്തി.

എട്ടിന് ഉച്ചയ്ക്കു തളിപ്പറമ്പിൽനിന്ന് ഓട്ടോറിക്ഷയിൽ കയറിയ അർജുൻ വഴിക്കുവെച്ച് ഓട്ടോഡ്രൈവറുടെ ഫോണിൽ സുഹൃത്ത് രാഹുലിനെ വിളിച്ചു കാറുമായി വരാൻ പറഞ്ഞു. 10 കിലോമീറ്റർ അകലെവെച്ചു കാറിൽ കയറിയ അർജുനെക്കുറിച്ച് ഡ്രൈവർ പോലീസിനു നൽകിയ വിവരമാണു നിർണായകമായത്.

രാഹുലിന്റെ കാറിൽ ഉച്ചയ്ക്ക് 2.30–ന് ആണ് അർജുൻ അഭിഭാഷക ഡലീറ്റ ടൈറ്റസിന്റെ വീട്ടിലെത്തിയത്.

കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ ഓഫീസിൽനിന്ന് ഒരു കിലോമീറ്റർ മാറിയാണ് അഭിഭാഷകയുടെ ഓഫീസും വീടുമുള്ള കെട്ടിടം രാഹുലിനെ ചോദ്യം ചെയ്തപ്പോഴാണ് അർജുൻ അഭിഭാഷകയുടെ വീട്ടിലുള്ള കാര്യമറിയുന്നത്.

മന്ത്രി രമേശ് ചെന്നിത്തലയ്ക്കെതിരെ സമൂഹമാധ്യമത്തിലൂടെ മോശമായ പരാമർശം നടത്തിയതിനു ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജ് നൽകിയ പരാതിയിലാണ് സൈബർ പോലീസ് കേസെടുത്തത്.

# ഇന്ത്യയ്ക്ക് തീരുവ ഭീഷണി

(3–ാം പേജിൽനിന്നും)

ഈയിടെ അന്തരിച്ച റിപ്പബ്ലിക്കൻ സെനറ്റർ ലിൻഡ്സെ ഗ്രഹാമും ഡെമോക്രാറ്റ് സെനറ്റർ റിച്ചഡ് ബ്ലൂമന്താലും ചേർന്നാണ് ഉഭയകക്ഷി ബിൽ നേരത്തേ സഭയിൽ അവതരിപ്പിച്ചത്.

നിയമം പ്രാബല്യത്തിലാകുന്നതോടെ ഇന്ത്യയ്ക്കുമേൽ സ്വമേധയാ 100 ശതമാനം തീരുവ ചുമത്തപ്പെടില്ല. നിയമം നടപ്പായി 30 ദിവസത്തിനു ശേഷവും റഷ്യയിൽനിന്ന് എണ്ണ വാങ്ങുകയും റഷ്യൻ ഇന്ധനം ഏറ്റവും കൂടുതൽ വാങ്ങുന്ന ആദ്യ അഞ്ച് രാജ്യങ്ങളിൽ ഉൾപ്പെടുകയും ചെയ്താലേ അധിക തീരുവ ചുമത്താനാകൂ.

മറ്റ് യുഎസ് ഇറക്കുമതി തീരുവകൾക്കു പുറമെയാകും ഇത്. റഷ്യയിൽനിന്നുള്ള ഊർജ ഇറക്കുമതിയിലുണ്ടാകുന്ന വ്യത്യാസത്തിനനുസരിച്ച് തീരുവ നിരക്ക് കൂട്ടാനും കുറയ്ക്കാനും യുഎസ് ട്രേഡ് റെപ്രസന്റേറ്റീവിന് അധികാരമുണ്ടാകും.

# THANNIKKARY VACATION HOME

## S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

# GREEN NESTLE VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# Grace CONVENTION CENTER

Punnamoodu, Mavelikara




DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| | BETROTHAL, BAPTISM, |
| FUSION, TALLMAN SECURITY, | BIRTHDAY PARTIES, |
| PREMIUM CARS, ENTERTAINMENT | HOUSE WARMING |
| CHURCH CHOIR, ANCHORING | BUSINESS CONFERENCE |
| LED WALL, LIVE STREAMING | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us

# വാർദ്ധക്യം ആസ്വദിക്കുവാൻ ടി. എൽ. സി. ഒരുക്കുന്ന പുതിയ ലോകം



അനിൽ പെണ്ണുക്കര

ഒരുകാലത്ത് കുടുംബത്തിനും സമൂഹത്തിനും വേണ്ടി അക്ഷീണം പ്രയത്നിച്ച ഒരാൾക്ക് ജീവിതത്തിന്റെ ഈ ഘട്ടത്തിൽ ഏറ്റവും കൂടുതൽ ആവശ്യമാകുന്നത് കരുതലും സുരക്ഷയും ആരോഗ്യപരമായ പിന്തുണയും മാനസിക സംതൃപ്തിയും ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള സാഹചര്യവുമാണ്. ദീർഘായുസ്സിനൊപ്പം മികച്ച ജീവിതനിലവാരം ഉറപ്പാക്കുക എന്നത് ഇന്നത്തെ സമൂഹം നേരിടുന്ന വലിയ വെല്ലുവിളികളിലൊന്നാണ്. ഈ വെല്ലുവിളിയെ ഉത്തരവാദിത്തത്തോടെ ഏറ്റെടുത്ത് അസിസ്റ്റഡ് ലിവിംഗ് രംഗത്ത് പുതിയ മാതൃക സൃഷ്ടിക്കുകയാണ് ടി.എൽ.സി. (Travancore Life Care)

കോട്ടയത്തിനടുത്ത് നൂറ്റൊന്ന് കവലയ്ക്ക് സമീപം ശാന്തവും പ്രകൃതിരമണീയവുമായ കുന്നിൻപ്രദേശത്താണ് ടി.എൽ.സി.യുടെ ഹാപ്പി ഹോംസ് സ്ഥിതി ചെയ്യുന്നത്. സ്വന്തം വീടിന്റെ സുരക്ഷിതത്വവും ഒരു പ്രീമിയം ആരോഗ്യപരിചരണ കേന്ദ്രത്തിന്റെ സൗകര്യങ്ങളും ഒരുമിച്ച് അനുഭവിക്കാനാകുന്ന രീതിയിലാണ് ടി.എൽ.സി. രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പതിനഞ്ച് വർഷത്തിലേറെയായി വാർദ്ധക്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന പ്രവർത്തന പരിചയമുള്ള മാനേജ്മെന്റിന്റെ അനുഭവസമ്പത്താണ് ടി.എൽ.സി.യുടെ ഏറ്റവും വലിയ കരുത്ത്.

ടി.എൽ.സി.യുടെ മാനേജിങ് ട്രസ്റ്റിയായ ഫിലിപ്പ് കെ. ജോണിന്റെ അഭിപ്രായത്തിൽ, ഓരോ ദിവസവും സന്തോഷത്തോടെയും ആരോഗ്യത്തോടെയും ആത്മാഭിമാനത്തോടെയും എന്നും ജീവിക്കാൻ കഴിയുന്നതാണ് യഥാർത്ഥ വിജയം: അദ്ദേഹം പറയുന്നു. അതുകൊണ്ടാണ് ശാരീരിക ആരോഗ്യത്തോടൊപ്പം മാനസികാരോഗ്യം, സാമൂഹിക ബന്ധങ്ങൾ, വ്യക്തിപരമായ താൽപര്യങ്ങൾ, ആത്മീയ സമാധാനം എന്നിവയ്ക്കും തുല്യ പ്രാധാന്യം നൽകുന്ന സമഗ്ര പരിചരണരീതി ടി.എൽ.സി. പിന്തുടരുന്നത്.

കെയർ ഇല്ലാതെ കാര്യമില്ല എന്ന ആശയമാണ് ടി.എൽ.സി.യുടെ പ്രവർത്തനങ്ങളുടെ അടിത്തറയെന്ന് എക്സിക്യൂട്ടീവ് ട്രസ്റ്റിയായ അശ്വതി എസ്. ബാബു പറയുന്നു. ലോകാരോഗ്യ സംഘടന വികസിപ്പിച്ച ICOPE മാർഗനിർദേശങ്ങൾ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര നിലവാരങ്ങൾ പിന്തുടരുന്നതിനൊപ്പം ഓരോ താമസക്കാരന്റെയും ആരോഗ്യസ്ഥിതിയും ജീവിതശൈലിയും വ്യക്തിപരമായ ആവശ്യങ്ങളും വിശദമായി വിലയിരുത്തി പ്രത്യേക പരിചരണപദ്ധതി തയ്യാറാക്കുന്ന സംവിധാനവും ടി.എൽ.സി. വികസിപ്പിച്ചിട്ടുണ്ട്.

ഓരോ താമസക്കാരനും ആവശ്യമായ സമയത്ത് ആവശ്യമായ പരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി കൺസൾട്ടന്റ് ഡോക്ടർമാർ, നഴ്സുമാർ, നഴ്സ് പ്രാക്ടീഷണർമാർ, ഫിസിയോതെറാപ്പിസ്റ്റുകൾ, സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർമാർ, കൺസൾട്ടന്റ് ഡയറ്റീഷ്യൻ തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ധർ ഒരുമിച്ച് പ്രവർത്തിക്കുന്നു. എല്ലാ ഭാഗങ്ങളിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ താമസക്കാർക്ക് ലോകവുമായി നിരന്തരം ബന്ധം നിലനിർത്താൻ കഴിയും. പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക സി.സി.ടി.വി. സംവിധാനങ്ങൾ സുരക്ഷ ഉറപ്പാക്കുമ്പോൾ വ്യക്തികളുടെ സ്വകാര്യതയ്ക്ക് യാതൊരു വിട്ടുവീഴ്ചയും വരുത്തുന്നില്ല. കുടുംബാംഗങ്ങളും ആരോഗ്യസംരക്ഷണ സംഘവും തമ്മിലുള്ള ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കുന്നതിലും സോഷ്യൽവർക്ക് വിഭാഗം നിർണായക പങ്കുവഹിക്കുന്നു.

സാങ്കേതികവിദ്യയുടെ മറ്റൊരു പ്രധാന സംഭാവനയാണ് ടി.എൽ.സി. വികസിപ്പിച്ചുകൊണ്ടിരിക്കുന്ന 'TLC Lifestyle' മൊബൈൽ ആപ്ലിക്കേഷൻ. ഒരാളുടെ ദീർഘകാല ആരോഗ്യവിവരങ്ങൾ വിശകലനം ചെയ്ത് ആരോഗ്യനില ഗ്രാഫുകളിലൂടെ അവതരിപ്പിക്കുന്ന ഈ സംവിധാനം കുടുംബാംഗങ്ങൾക്കും ഡോക്ടർമാർക്കും ഒരുപോലെ സഹായകമാകും. പരിചരണപദ്ധതികൾ, ആരോഗ്യവിവരങ്ങൾ, ചികിത്സയിലെ പുരോഗതി എന്നിവ തത്സമയം അറിയാൻ കഴിയുന്നതിലൂടെ കുടുംബാംഗങ്ങൾ എവിടെയായിരുന്നാലും പ്രിയപ്പെട്ടവരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് വ്യക്തമായ ധാരണ നിലനിർത്താൻ കഴിയും.





ജെറിയാട്രിക് ഗവേഷകനും നയരൂപീകരണ വിദഗ്ധനുമായ ഡോ. പ്രവീൺ ജി. പൈയുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനങ്ങളും ഗവേഷണ പ്രവർത്തനങ്ങളും ഇവിടെ പുരോഗമിക്കുന്നു.

ആധുനിക ചികിത്സാരീതികൾക്കൊപ്പം ആവശ്യമായവർക്ക് ആയുർവേദ ചികിത്സയും ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യപരിപാലന മാതൃകയാണ് ടി.എൽ.സി. പിന്തുടരുന്നത്.

ശാരീരിക ആരോഗ്യം പോലെ തന്നെ മാനസിക സന്തോഷവും ജീവിതസംതൃപ്തിയും വാർദ്ധക്യ ജീവിതത്തിൽ നിർണായകമാണെന്ന തിരിച്ചറിവോടെയാണ് ടി.എൽ.സി.യിൽ വിവിധ വിനോദ – സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. സംഗീതം, സിനിമ, സൗഹൃദസംഗമങ്ങൾ, വായന, കലാപരിപാടികൾ, ആത്മീയ പ്രവർത്തനങ്ങൾ, അസിസ്റ്റന്റുമാരുടെ സഹായത്തോടെയുള്ള വിനോദ യാത്രകൾ എന്നിവ താമസക്കാരുടെ ജീവിതത്തിന് പുതിയ ഊർജ്ജവും ഉന്മേഷവും നൽകുന്നു.

താമസക്കാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും വിലയിരുത്തി സേവനങ്ങളിൽ തുടർച്ചയായ മാറ്റങ്ങൾ വരുത്തുന്നതും മൂന്ന് മാസത്തിലൊരിക്കൽ സമഗ്ര ആരോഗ്യവിലയിരുത്തൽ നടത്തുന്നതും ജീവനക്കാർക്ക് സ്ഥിരമായി പരിശീലനം നൽകുന്നതും ടി.എൽ.സി.യുടെ ഗുണനിലവാര പ്രതിബദ്ധതയെ കൂടുതൽ ശക്തമാക്കുന്നു

സുരക്ഷിതവും ആരോഗ്യകരവും സന്തോഷകരവും അന്തസ്സുറ്റതുമായ ജീവിതം ഓരോ മുതിർന്ന പൗരന്റെയും അവകാശമാണെന്നും ആ അവകാശം യാഥാർഥ്യമാക്കാനുള്ള പ്രതിബദ്ധമായ ശ്രമമാണ് ടി.എൽ.സി.യുടെ ഓരോ പ്രവർത്തനത്തിന്റെയും അടിത്തറ. ഭാവിയിലെ വാർധക്യ പരിപാലനത്തിന്റെ പുതിയ മാതൃകയായി മാറാനുള്ള ആത്മവിശ്വാസത്തോടെയാണ് ടി.എൽ.സി. തന്റെ അതിന്റെ യാത്ര തുടരുന്നത്.

**കൂടുതൽ വിവരങ്ങൾക്ക്**

**Phone: +91 9037862131**
**+91 9037862137**

Email:
office@travancorelifecare.com







Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**